ഉള്ളടക്കം

04
ചെയർപേഴ്സന്റെ സന്ദേശം

05
ലക്ഷദ്വീപിലെ കൃഷി വികസനം: പ്രശ്നങ്ങളും സാധ്യതകളും
തമ്പാൻ സി, ഷംസുദീൻ കെ, ഷമീന ബീഗം, ബിഎ ജറാൾഡ്

12
നട്ടു വളർത്താം നല്ല തെങ്ങിൻ തൈകൾ നാടിന്റെ സമൃദ്ധിക്കായ്
ആർ. ജ്ഞാനദേവൻ

15
സാപ്പർ സൂപ്പർ; പിന്നെയും പ്രതീക്ഷയുടെ പ്രകാശം
ആർ. ഹേലി

17
കേര നന്മ - കേരവൃക്ഷത്തിനും കേര കർഷകർക്കും
അനിതകുമാരി. പി., ഷെരീഫ. എം., ഇന്ദുജ. എസ്സ്., ജോസഫ് രാജ്കുമാർ

20
കേരളത്തിന്റെ കേരാരാമം
ആബെ ജേക്കബ്

കുരുത്തോലപ്പന്തൽ 22

വാർത്തകൾ 27

തെങ്ങിൻ തോപ്പിൽ ജൂൺ മാസത്തെ കൃഷിപ്പണികൾ
സി. തമ്പാൻ, പി. സുബ്രഹ്മണ്യം 30

കമ്പോളം 35

കേരപാചകം 38

ചെയർപേഴ്സന്റെ സന്ദേശം

പ്രിയ കേര കർഷകരെ,

നാളികേര വികസന ബോർഡിൽ നിന്ന് അഭിവാദ്യങ്ങൾ!

നടപ്പു സാമ്പത്തിക (2019 –20)വർഷത്തിൽ നാളികേര വികസന ബോർഡ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കൂട്ടായ്മാ അടിസ്ഥാനത്തിലുള്ള കൃഷിവിസ്തൃതി വ്യാപനം, ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ തയാറാക്കുന്നതിന് വിത്തുത്പാദന പ്രദർശന തോട്ടങ്ങളുടെ ശാക്തീകരണം, കൃഷിക്കാർക്ക് വിപണന സഹായം, കാർഷിക പരിശീലനപരിപാടികൾ എന്നിവയിലായിരിക്കും.

നമുക്ക് അറിയാവുന്നതു പോലെ, ഒട്ടനവധി മൂല്യവർധിത ഉൽപ്പന്നനിർമ്മാണത്തിനുള്ള അസംസ്കൃത വസ്തു എന്ന നിലയിൽ നാളികേരം ഭാവിയിൽ വലിയ നേട്ടങ്ങളുണ്ടാക്കുന്ന വാണിജ്യവിളയാണ്. സെൻട്രൽ ഫുഡ് ടെക്നോളജി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎഫ്ടിആർഐ), സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(സിപിസിആർഐ), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംങ് ടെക്നോളജി (ഐഐഎഫ്പിടി) പോലുള്ള പ്രശസ്ത ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കാൻ ബോർഡ് പ്രവർത്തിച്ചു വരികയാണ്. നാളികേര വികസന ബോർഡിന്റെ പ്രവർത്തനങ്ങൾ എല്ലാം കർഷക കേന്ദ്രീകൃതമാണ്. നാളികേരത്തിന്റെ വിപണി വിലകളും മികച്ച വിളപരിപാലന രീതികളും സംബന്ധിച്ച് കൃഷിക്കാർക്ക് കൃത്യമായ അറിവു ലഭ്യമാക്കേണ്ടതുണ്ട്. ഇത്തരം വിവരങ്ങൾ ഈ വർഷം തന്നെ ഭൂരിഭാഗം കൃഷിക്കാരിലും, പ്രത്യേകിച്ച് എല്ലാ നാളികേര ഉത്പാദക കമ്പനി, ഫെഡറേഷൻ, സംഘം എന്നിവകളിലെ അംഗങ്ങളിലും നേരിട്ട് എത്തിക്കുന്നതിന് വിശദമായ പദ്ധതി തയാറാക്കി കഴിഞ്ഞു. ഇതിനുവേണ്ട ശക്തമായ വിവരസാങ്കേതികവിദ്യാധിഷ്ഠിത, വിജ്ഞാന വേദിയും ഒരുങ്ങുന്നുണ്ട്.

കൃഷിക്കാർക്ക് വിപണി അവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭകരുടെ പ്രാധാന്യവും അവഗണിക്കാനാവില്ല. ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള എല്ലാ വ്യവസായ പദ്ധതികളും സൂക്ഷ്മമായി പരിശോധിച്ച് സംരംഭകരെ സഹായിക്കുവാൻ നാളികേര ടെക്നോളജി മിഷന്റെ ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. വൈദേശികമായ നിരവധി കീട രോഗങ്ങളിൽ നിന്ന് നാളികേര കർഷകർ വലിയ ഭീഷണിയാണ് അഭിമുഖീകരിക്കുന്നത്. കർണാടകത്തിലെ റായ്ച്ചൂർ കാർഷിക സർവകലാശാലയുമായി സഹകരിച്ച് നാളികേര മേഖലയിലെ കീടരോഗ നിയന്ത്രണത്തിന് പദ്ധതി തയാറാക്കുന്നുണ്ട്. ഇത് പരീക്ഷണാടിസ്ഥാനത്തിൽ കർണാടകത്തിൽ ആരംഭിക്കും. ശാസ്ത്രജ്ഞരുടെയും കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകളുടെയും സഹകരണത്തോടെ നാളികേര വികസന ബോർഡിലെ പ്രതിജ്ഞാബദ്ധരായ ഉദ്യോഗസ്ഥർ ഓരോ കർഷകർക്കരികിലും എത്താൻ ശ്രമിക്കുകയാണ്.

ഏതൊരു സ്ഥാപനത്തിലെയും ജീവനക്കാർ ഉത്സാഹികളും പ്രതിബദ്ധരുമാണെങ്കിൽ ഒന്നും അസാധ്യമായി ഇല്ല. പൊതുമുതൽ ദുരുപയോഗം തടയാനും, പദ്ധതി നിർവഹണ സുതാര്യത ഉറപ്പാക്കാനും, കർഷക ആനുകൂല്യങ്ങൾ നേരിട്ടു വിതരണം (ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ) ചെയ്യാനും ഇന്ത്യാ ഗവൺമെന്റിന്റെ വീക്ഷണ പ്രകാരം സംവിധാനം ക്രമീകരിച്ചിട്ടുണ്ട്. പുതിയ സാമ്പത്തിക വർഷത്തിൽ നമുക്ക് കുറച്ചുകൂടി തീക്ഷ്ണമായി പ്രയത്നിക്കാം, കർഷക ക്ഷേമത്തിനായി ബജറ്റ് വിഹിതം കൃത്യമായി വിനിയോഗിക്കാം. അങ്ങിനെ ഇന്ത്യയിലെ നാളികേര കർഷകരെ അന്താരാഷ്ട്ര നാളികേര മേഖലയുടെ ഉയരങ്ങളിൽ എത്തിക്കാം.

വി. ഉഷാറാണി ഐ.എ.എസ്
ചെയർപേഴ്സൺ

ലക്ഷദ്വീപിലെ കൃഷി വികസനം:
പ്രശ്നങ്ങളും സാധ്യതകളും

തമ്പാൻ സി, ഷംസുദീൻ കെ, ഷമീന ബീഗം, ബിഎ ജറാൾഡ് *
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസറഗോഡ്,
* കേന്ദ്ര ദ്വീപ് കാർഷിക ഗവേഷണ കേന്ദ്രം, പോർട് ബ്ലെയർ

പശ്ചാത്തലം

ഇന്ത്യയിലെ എറ്റവും ചെറിയ കേന്ദ്ര ഭരണ പ്രദേശമാണ് അറേബ്യൻ മഹാസമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന, വെറും 32 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ലക്ഷദ്വീപുകൾ. ഇതിൽ ആകെയുള്ള 36 കുഞ്ഞൻ പവിഴദ്വീപുകളിൽ പത്തെണ്ണത്തിൽ മാത്രമെ ജനവാസമുള്ളു. സെൻസസ് 2011 പ്രകാരം 64429 ആണ് ഇവിടുത്തെ ആകെ ജനസംഖ്യ . മത്സ്യബന്ധനം, വിനോദസഞ്ചാരം എന്നിവ കഴിഞ്ഞാൽ ലക്ഷദ്വീപു നിവാസികളുടെ പ്രധാന ഉപജീവനമാർഗ്ഗം നാളികേര കൃഷിയും അതിൽ നിന്നുള്ള കൊപ്ര ഉത്പാദനവും വിപണനവുമാണ്. ലക്ഷദ്വീപിലെ കാർഷിക പ്രവർത്തനങ്ങൾ അടിസ്ഥാനപരമായി നാളികേരാധിഷ്ഠിതമാണ്. അതുകൊണ്ടുതന്നെ, ദ്വീപിലെ കാർഷിക മേഖലയുടെ വികസനത്തിനുള്ള ഇടപെടലുകൾ പ്രാഥമികമായി നാളികേരാധിഷ്ഠിത വരുമാന ഉത്പാദന പ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കേണ്ടത് ആവശ്യമാണ്. ദ്വീപിൽ പച്ചക്കറികളുടെയും പഴങ്ങളുടെയും കൃഷി വളരെ ശുഷ്കമായതിനാൽ ഈ വക ഉത്പ്പന്നങ്ങൾക്ക് വൻകരയിൽ നിന്നുള്ള ഇറക്കുമതിയെയാണ് ദ്വീപുനിവാസികൾ ആശ്രയിക്കുന്നത്. നാഷണൽ ഹോർട്ടികൾച്ചർ ബോർഡിന്റെ ആഭിമുഖ്യത്തിൽ സിപിസിആർഐയിലെ ശാസ്ത്രജ്ഞന്മാർ ഉൾപ്പെടെയുള്ള ഒരു സംഘം വിദഗ്ധർ ഈയിടെ ലക്ഷ ദ്വീപുകൾ സന്ദർശിക്കുകയുണ്ടായി. ഹോർട്ടിക്കൾച്ചർ അധിഷ്ഠിത സംരംഭകത്വ വികസന പരിശീലന പരിപാടിയിലേയ്ക്ക് ലക്ഷദ്വീപിലെ യുവ കർഷകരെയും സംരംഭകരെയും തെരഞ്ഞെടുക്കുന്നതിനു വേണ്ടിയായിരുന്നു സംഘത്തിന്റെ സന്ദർശനം. ദ്വീപുകളിലെ നാളികേര കൃഷിയുടെ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി സംഘം വിവിധ ദ്വീപുകളിലെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും ഗുണഭോക്താക്കളുമായി ചർച്ചകൾ നടത്തുകയും, ദ്വീപിലെ നാളികേര മേഖലയെ ശക്തിപ്പെടുത്തുന്നതിന് അനുയോജ്യമായ ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

ലക്ഷദ്വീപുകളിലെ നാളികേര കൃഷി

മത്സ്യബന്ധനം കഴിഞ്ഞാൽ ദ്വീപിലെ ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗം നാളികേര കൃഷിയും കൊപ്ര സംസ്കരണവും വിപണനവുമാണ്. ലക്ഷദ്വീപിലെ കാർഷിക പ്രവർത്തനങ്ങൾ അടിസ്ഥാനപരമായി നാളികേരാധിഷ്ഠിതമാകയാൽ കാർഷികാദായം വർധിപ്പിക്കാനുള്ള ഏതു പരിശ്രമങ്ങളും നാളികേര കൃഷി, മൂല്യവർധനവ് എന്നിവ കേന്ദ്രീകരിച്ചാകണം.

പട്ടിക 1. ലക്ഷദ്വീപുകളിലെ നാളികേര കൃഷി (2017 –18)				
ദ്വീപ്	വിസ്തൃതി (ഹെക്ടറിൽ)	ആകെ തെങ്ങുകളുടെ എണ്ണം	ഉത്പാദനക്ഷമത (ഹെക്ടറിൽ)	ഉത്പാദനം (ഹെക്ടറിൽ)
കവരത്തി	392.4	164808	35587	13964339
അഗത്തി	338.12	142010	35880	12131746
അമിനി	243.5	102270	35630	8675905
കടമത്ത്	306.10	128562	33650	10300265
കിൽത്താൻ	149.6	62832	33880	5068448
ചെത്‌ലത്ത്	100.1	42042	33760	3379376
ബിത്ര	7.7	3234	6670	51359
ആന്ത്രോത്ത്	452.75	190155	36650	16593288
കൽപേനി	258.5	108570	34550	8931175
മിനിക്കോയ്	426.1	146962	19980	8513478
ആകെ	2674.87	1091445	30623.7	87609378

(കടപ്പാട് : ലക്ഷദ്വീപ് കൃഷിവകുപ്പ്)

ലക്ഷദ്വീപിലെ എല്ലാ തുരുത്തുകളിലും തെങ്ങുകൾ തിങ്ങി വളരുന്നു. എന്നാൽ അവ ശാസ്ത്രീയമായോ ചിട്ടയോടെയോ കൃഷി ചെയ്തിരിക്കുന്നതൊന്നുമല്ല. ദേശീയ ശരാശരിയുമായി തുലനം ചെയ്യുമ്പോൾ ലക്ഷദ്വീപിലെ നാളികേര ഉത്പാദന ക്ഷമത താരതമ്യേന ഉയർന്നതാണെങ്കിലും നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ ഇവിടെ നിലനില്ക്കുന്നു. തുണ്ടുവത്ക്കരിക്കപ്പെട്ടിരിക്കുന്ന കൃഷിയിടങ്ങൾ, ശിപാർശ ചെയ്യപ്പെട്ടിരിക്കുന്ന ഇടയകലം പാലിക്കാത്തതിനാൽ തിങ്ങി നില്ക്കുന്ന തെങ്ങുകൾ, പ്രായാധിക്യം ബാധിച്ചവയും ഉത്പാദനം ഇല്ലാത്തവയുമായ തെങ്ങുകൾ, ബഹുവിള, സംയോജിത വിള സമ്പ്രദായം പാലിക്കപ്പെടാത്തതിന്റെ പ്രശ്നങ്ങൾ, തെങ്ങുകയറ്റ തൊഴിലാളികളുടെ കുറവ്, ഉയർന്ന കൂലിനിരക്കുകൾ, കൊമ്പൻ ചെല്ലി, മണ്ഡരി, പിരിയൻ വെള്ളീച്ച തുടങ്ങിയ കീടങ്ങളുടെയും, കൂമ്പു ചീയൽ പോലുള്ള രോഗങ്ങളുടെയും വ്യാപനം, മണ്ണിൽ സൂക്ഷ്മ മൂലകമായ ബോറോണിന്റെ കുറവ്, ഉത്പന്ന വൈവിധ്യവത്ക്കരണമില്ലായ്മ, സംഭരണ – വിപണന ഗതാഗതസൗകര്യങ്ങളുടെ പരിമിതി, അപര്യാപ്തമായ വിജ്ഞാന വ്യാപന സംവിധാനം എന്നിവയെല്ലാമാണ് ദ്വീപിലെ നാളികേര സമൂഹം നേരിടുന്ന പ്രധാന പ്രതിസന്ധികൾ.

സുസ്ഥിര പരിസ്ഥിതിയും ലക്ഷദ്വീപിന്റെ കാർഷിക ജൈവ വൈവിധ്യവും

ലക്ഷദ്വീപിലെ അടിസ്ഥാന വിളയും വൃക്ഷ സസ്യാദികളിലെ മുഖ്യ ഘടകവും തെങ്ങു തന്നെ. ഇവിടുത്തെ കാർഷിക ജൈവ വൈവിധ്യത്തെയും പാരിസ്ഥിതിക സുസ്ഥിരതയെയും പരിപാലിക്കുന്നതിൽ നിർണായക പങ്കാണ് തെങ്ങുകൾ വഹിക്കുന്നത്. തിങ്ങി ഞെരുങ്ങി നില്ക്കുന്ന തെങ്ങുകളാണ് എല്ലാ ദ്വീപുകളിലും കാണുന്ന കാഴ്ച്ച. ഭൂരിഭാഗം കൃഷിയിടങ്ങളും ചെറുതും നാമമാത്രവുമാണ്. അതുകൊണ്ട് ഉടമകളായ കൃഷിക്കാർ കൃഷിയിടങ്ങൾക്ക് ഉൾക്കൊള്ളാവുന്നതിലും കൂടുതൽ തെങ്ങുകൾ നട്ടു വളർത്തുന്നു. പുരയിടങ്ങളുടെ അതിരുകൾ അടയാളപ്പെടുത്തുന്നതു പോലും തെങ്ങിൻ കൂട്ടങ്ങളാണ്. കീടമോ രോഗമോ പ്രകൃതി ക്ഷോഭമോ മൂലം തെങ്ങു നശിച്ചാൽ തൽസ്ഥാനത്തു പുതിയ തൈ വയ്ക്കുക എന്ന പരിപാടി ഇവിടില്ല. ശാസ്ത്രീയമായ ആവർത്തന കൃഷിയും ഇല്ല. അതിനാൽ ദ്വീപുകളിലെ എല്ലാ തോട്ടങ്ങളിലും പല പ്രായത്തിലുള്ള തെങ്ങുകൾ കൂട്ടമായി വളരുന്നു. ഇത് ഉത്പാദന ക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. തെങ്ങുകളുടെ ഓലകൾ പരസ്പരം കൂട്ടി മുട്ടി നില്ക്കുന്നതിനാൽ എലികളുടെ ശല്യം അതി രൂക്ഷമാണ്. നിലം തൊടാതെ തന്നെ എലികൾ തെങ്ങുകളിലൂടെ നിർബാധം സഞ്ചരിക്കുകയും വെള്ളയ്ക്കകൾ തുളച്ച് നശിപ്പിക്കുകയും ചെയ്യുന്നു. ഇതും നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. തിങ്ങി വളരുന്ന തെങ്ങുകൾക്കിടയിൽ ആവശ്യത്തിന് ഇടയകലം ഇല്ലാത്തതിനാൽ ശാസ്ത്രീയമായ ഇടവിള മിശ്രവിള സമ്പ്രദായവും തെങ്ങിൻ തോട്ടങ്ങളിൽ പരിമിതമാണ്. അല്ലെങ്കിൽ ഇല്ല എന്നു തന്നെ പറയാം. ഇനി തെങ്ങ് ഇല്ലാത്ത അല്പം സ്ഥലം എവിടെങ്കിലും ഉണ്ടെങ്കിൽ അവിടെ പഴവർഗ്ഗങ്ങളോ പച്ചക്കറികളോ കൃഷി ചെയ്യുകയാണ് പതിവ്. കൃഷി വകുപ്പിന്റെ 2017 –18 സ്ഥിതിവിവര കണക്കുകൾ പ്രകാരം ലക്ഷദ്വീപിൽ ഹെക്ടറിൽ ശരാശരി 408 തെങ്ങു വീതം ഉണ്ട്. ശാസ്ത്രീയ തെങ്ങു പരിപാലന മുറ അനുസരിച്ച് വൻകരയിൽ ഹെക്ടറിൽ 175 തെങ്ങുകൾ മാത്രമാണ് അനുവദനീയം. ശിപാർശ ചെയ്തിരിക്കുന്ന ഇടയകലം നല്കി ശാസ്ത്രീയമായി തെങ്ങു കൃഷി നടത്തിയപ്പോൾ തെങ്ങ് ഒന്നിന് വളരെ ഉയർന്ന ഉത്പാദന ക്ഷമത കൈവരിക്കാൻ സാധിച്ചതായി മിനികോയി ദ്വീപിലുള്ള സിപിസിആർഐ പ്രാദേശിക കേന്ദ്രം മുമ്പ് നിരീക്ഷിക്കുകയുണ്ടായി. ദ്വീപിലെ പ്രായാധിക്യം മൂലം ഉത്പാദന ക്ഷമത നശിച്ച തെങ്ങുകൾ വെട്ടി മാറ്റി, പകരം തെങ്ങു പുനരുദ്ധാരണ പദ്ധതി പ്രകാരം പുതിയ തെങ്ങുകൾ വേണ്ടത്ര ഇടയകലം നല്കി ശാസ്ത്രീയമായ കൃഷി ചെയ്യാനുള്ള നടപടികൾ നാളികേര വികസന ബോർഡും കൃഷി വകുപ്പും ചേർന്ന് ദ്വീപിൽ നടപ്പാക്കി വരികയാണ്. പക്ഷെ ഇത് ഉദ്ദേശിച്ചത്ര വിജയം കണ്ടിട്ടില്ല. തെങ്ങുകൾ തമ്മിൽ പരമാവധി ഇടയകലം നല്കിയാലെ, ദ്വീപിലെ ഉപയോഗത്തിനും വൻ കരയിലേയ്ക്കുള്ള കയറ്റുമതിക്കും ആവശ്യമായ പഴം പച്ചക്കറികൾ ഇവിടെ ഇടവിളയായി കൃഷിചെയ്ത് ഉത്പാദിപ്പിക്കാനാവൂ.

ശിപാർശകൾ

ദ്വീപിന്റെ ആവാസവ്യവസ്ഥയും, സാമൂഹിക സാമ്പത്തിക അവസ്ഥയും കണക്കിലെടുത്ത്, ലഭിക്കുന്ന സൂര്യപ്രകാശം

പ്രയോജനപ്പെടുത്താൻ പോന്ന തരത്തിൽ വിവിധ ഇടയകലം പരിശോധിച്ച് ഒരു ഹെക്ടറിൽ പരമാവധി എത്ര തെങ്ങുകൾ നടാം എന്ന് നിരീക്ഷിച്ച് കണ്ടു പിടിക്കേണ്ടതുണ്ട്. ഇത്തരത്തിൽ പരമാവധി ഇടയകലം പാലിച്ച് തെങ്ങു കൃഷി ചെയ്യുന്ന മാതൃകാ നാളികേര തോട്ടങ്ങൾ എല്ലാ ദ്വീപുകളിലും വികസിപ്പിക്കണം. തെങ്ങുകളുടെ ഓലക്കാലുകൾ പരസ്പരം സ്പർശിക്കാത്ത വിധത്തിൽ പരിപാലിക്കപ്പെടുന്ന തോട്ടത്തിലെ വിളവ് കുറയുന്നില്ല എന്നു തെളിഞ്ഞിട്ടുണ്ട്. തെങ്ങുകൾ

നല്ല വിളവു നല്കുന്ന ഘട്ടത്തിൽ 20 മുതൽ 50 വർഷം വരെ അവയ്ക്ക് ആവശ്യത്തിനു സൂര്യപ്രകാശം ലഭിക്കത്തക്ക വിധത്തിൽ വേണം ഇടയകലം ക്രമീകരിക്കുവാൻ. വൻകരയിൽ നെടിയ ഇനങ്ങൾക്ക് ശിപാർശ ചെയ്യുന്നത് 7.5 X 7.5 ആണ്. പക്ഷെ വിവിധ കാരണങ്ങളാൽ ദ്വീപിൽ തെങ്ങുകളുടെ സാന്ദ്രത വളരെ കൂടുതലാണ് . തന്മൂലം ഉയർന്ന ഉത്പാദനമുള്ള തെങ്ങുകൾക്കിടയിൽ കായ്ഫലമില്ലാത്ത തെങ്ങുകളും വളരുന്നു. ആവശ്യത്തിനു ഇടയകലം നല്കുന്ന നാളികേര തോട്ടങ്ങളിൽ ഇടവിളകളും മിശ്രവിളകളും കൃഷി ചെയ്യാൻ സാധിക്കും.

പ്രായാധിക്യം മൂലം ഉത്പാദന ക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി നിർദ്ദിഷ്ഠ വൃക്ഷ സാന്ദ്രത നിലനിർത്തിയുള്ള ആവർത്തന കൃഷിക്കു പ്രാധാന്യം നല്കേണ്ടതാണ്. ഇപ്രകാരം ദ്വീപിലെ നാളികേര മേഖലയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനു പ്രായോഗിക നടപടികൾ രൂപീകരിക്കുകയും അതിനായി കൃഷിക്കാർക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ നല്കുകയും വേണം. കടൽ തീരത്തുള്ള വീതികുറഞ്ഞ തുണ്ടു കൃഷിയിടങ്ങളിൽ നിന്നു നാളികേര വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നത് പ്രശ്നം സൃഷ്ടിക്കും. കാരണം അവ ഒരു പരിധി വരെ കടലിൽ നിന്നുള്ള കാറ്റിനെ ചെറുക്കുകയും ആ സ്ഥലത്തെ മണ്ണ് കടലെടുത്തു പോകാതെ സംരക്ഷിക്കുകയും ചെയ്യുന്ന സ്വാഭാവിക സംവിധാനമാണ്. അതിനാൽ സമുദ്രത്തോട് തീരെ അടുത്തു നില്ക്കുന്ന തെങ്ങുകൾ മുറിച്ചു മാറ്റുന്നത് ഒഴിവാക്കണം. അവയുടെ സാന്നിധ്യം തീരത്തിന്റെ സംരക്ഷണത്തിന് ആവശ്യമാണ്. ചുരുക്കി പറഞ്ഞാൽ തീരത്തെ തെങ്ങുകൾ മുറിക്കുന്നത് ഓരോ സ്ഥലത്തെയും തിരകളുടെ ശക്തി, കാറ്റിന്റെ ശേഷി വൃക്ഷലതാദികൾ, പാറക്കെട്ടുകൾ എന്നിവ പരിഗണിച്ചായിരിക്കണം.

ഭക്ഷ്യ പോഷകാഹാര സുരക്ഷ മെച്ചപ്പെടുത്താൻ കേരാധിഷ്ഠിത ബഹുവിള സംയോജിത കൃഷികൾ

പരമ്പരാഗത ഏകവിള സമ്പ്രദായത്തിനു പകരം കേരാധിഷ്ഠിത വിളസമ്പദായത്തിന് അനേകം പ്രയോജനങ്ങൾ ഉണ്ടെങ്കിലും ലക്ഷദ്വീപിൽ അവ അനുവർത്തിക്കുന്നവരുടെ എണ്ണം തുലോം കുറവാണ്. ഇതിനു കാരണം നിർദ്ദിഷ്ഠ ഇടയകലം ലഭ്യമാകാതെ ഇവിടുത്തെ തോട്ടങ്ങളിൽ തിങ്ങി വളരുന്ന തെങ്ങുകളാണ്. ഭൂരിഭാഗം കൃഷിയിടങ്ങളും ചെറുതും നാമമാത്രവുമാണ്. കൃഷിക്കാരാകട്ടെ കഴിയുന്നത്ര അടുപ്പിച്ച് തെങ്ങുകൾ തോട്ടത്തിൽ നടുന്നു. അതുകൊണ്ടു തന്നെ നാളികേരത്തിനൊപ്പം മറ്റു വിളകൾക്കോ സംരംഭങ്ങൾക്കോ ഉള്ള സാധ്യത വളരെ പരിമിതമാണ്.

ലക്ഷദ്വീപ് തുരുത്തുകളിൽ വളരെ കുറച്ചു സ്ഥലത്തു മാത്രമെ പച്ചക്കറിയും പഴ വർഗ്ഗങ്ങളും കൃഷി ചെയ്യുന്നുള്ളു.പഴങ്ങൾക്കും പച്ചക്കറികൾക്കും ദ്വീപുകാർ വൻകരയെ ആണ് ആശ്രയിക്കുക. അടുത്ത കാലത്തായി ദ്വീപിലെ ടെറസ് വീടുകളുടെ മുകളിൽ പലരും പഴങ്ങളും പച്ചക്കറികളും വളർത്തി തുടങ്ങിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ സഹായത്തോടെയാണ് ഗ്രോബാഗുകളിൽ വെണ്ട, വഴുതന, തക്കാളി, പച്ചമുളക്, കാബേജ്, കോളി ഫ്ളവർ, ചീര തുടങ്ങിയ പച്ചക്കറികളാണ് മട്ടുപ്പാവിൽ വളർത്തി വരുന്നത്. എന്നാൽ ദ്വീപിലെ പച്ചക്കറി – പഴ വർഗ്ഗങ്ങളിൽ വെള്ളീച്ച, മണ്ടരി, മീലി മൂട്ട, മുഞ്ഞ തുടങ്ങിയ വിവിധ കീടങ്ങളുടെ ആക്രമണം കാണുന്നു. കൂടാതെ ചീച്ചിൽ, മൊസൈക്ക് രോഗങ്ങളും ഉണ്ട്. വിള സംരക്ഷണ സാങ്കേതിക വിദ്യകൾ സംബന്ധിച്ച അവബോധം ഇല്ലായ്മ, വിള സംരക്ഷണ ഉപാധികളുടെ ലഭ്യതക്കുറവ്, വിജ്ഞാന വ്യാപനത്തിന്റെ അപര്യാപ്തത തുടങ്ങിയവ മൂലം പഴം പച്ചക്കറി കൃഷികളെ ബാധിക്കുന്ന രോഗ കീടങ്ങൾക്കെതിരെ ഫലപ്രദമായ നിയന്ത്രണ നടപടികൾ സ്വീകരിക്കാൻ കൃഷി

ക്കാർക്കു സാധിക്കുന്നില്ല. രോഗ കീട ആക്രമണങ്ങൾക്കൊപ്പം പോഷകങ്ങളുടെ അഭാവം , നല്ലയിനം വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യത കുറവ്, ഗുണമേന്മയുള്ള ഗ്രോബാഗുകളുടെ അപര്യാപ്തത എന്നിവയും ദ്വീപിലെ പഴം പച്ചക്കറികളുടെ മട്ടുപ്പാവു കൃഷിയിൽ നേരിടുന്ന പ്രശ്നങ്ങളാണ്. പഴം പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങു വർഗ വിളകൾ എന്നിവയുടെ പ്രദർശന തോട്ടങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ നിന്നു ലഭിക്കുന്ന ഉത്പ്പന്നങ്ങൾ പൊതുവായി ലേലം ചെയ്തു വില്ക്കുകയാണ് പതിവ്. ചുരുക്കം ചില കർഷകർ മാത്രം ദ്വീപിലെ തോട്ടം എന്നറിയപ്പെടുന്ന താഴ്ന്ന പ്രദേശങ്ങളിൽ പഴങ്ങളും പച്ചക്കറികളും സ്വന്തമായി കൃഷി ചെയ്തു വരുന്നു. ഇതിൽ പ്രധാനമായും നേന്ത്ര വാഴയാണ്.

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ മിനിക്കോയിലെ പ്രാദേശിക കേന്ദ്രത്തിൽ മുമ്പ് നടത്തി ഗവേഷണങ്ങളിൽ ഈ മേഖലയിൽ വിവിധ ഇനം പഴങ്ങളുടെയും പച്ചക്കറികളുടെയും ജൈവ കൃഷി ഫലപ്രദമായി നടത്താമെന്നു തെളിയിച്ചിരുന്നു. ഇതിൽ നേന്ത്രൻ, പപ്പായ, സപ്പോട്ട, പേര, ചെറുനാരകം, ആത്ത, തക്കാളി, വഴുതന, പച്ചമുളക്, മുരിങ്ങ,

വെണ്ട, പാവൽ, പടവലം, കാബേജ്, കോളിഫ്ളവർ, മല്ലി, കപ്പ, മധുരക്കിഴങ്ങ്, കറിവേപ്പില, പീച്ചിൽ, ചീര,പാലക്ക്, വെറ്റില തുടങ്ങിയവ നാളികേര തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാൻ അനുയോജ്യമാണ് എന്നു തെളിഞ്ഞു. ചില പ്രത്യേക ഇനങ്ങൾ മാത്രം തെരഞ്ഞെടുത്ത് വ്യത്യസ്തങ്ങളായ ജൈവ വളങ്ങളും കീടനിയന്ത്രണ ഉപാധികളും മാത്രം ഉപയോഗിച്ചു കൃഷി ചെയ്താൽ വിളവിൽ ഗണ്യമായ വർധനവും സാധ്യമാണ് എന്നും നിരീക്ഷിച്ചു. തെങ്ങോല ഉപയോഗിച്ചുള്ള മണ്ണിര കമ്പോസ്റ്റും വെർമി വാഷും വിവിധ പച്ചക്കറികളുടെ ഉത്പാദന വർധനയ്ക്ക് വളരെ സഹായകരമാണെന്നും നിരീക്ഷിക്കുകയുണ്ടായി.

ശിപാർശകൾ

ഏതെല്ലാം പച്ചക്കറികളും പഴങ്ങളുമാണ് ദ്വീപിൽ ഇടവിളയായി കൃഷി ചെയ്യാൻ കർഷകർ താല്പര്യപ്പെടുന്നതും മുൻഗണന നല്കുന്നത് എന്നും നാളികേരാധിഷ്ഠിത സംയോജിത സംരംഭങ്ങൾ ഏതൊക്കെയാണ് എന്നും പരിശോധിച്ച് കൃഷിടങ്ങളിലെ അത്തരം മിശ്രണങ്ങളുടെ പ്രകടനം വിലയിരുത്തപ്പെടണം. അതിന് ലക്ഷദ്വീപിലെ കൃഷി വിജ്ഞാന കേന്ദ്രം ഇത്തരം ഇടവിളകളുടെയും സംരംഭങ്ങളുടെയും പ്രകടനം വിലയിരുത്തണം. നാളികേരാധിഷ്ഠിത വിള സമ്പ്രദായത്തിന്റെ ഭാഗമായി യോജിച്ച വിളകളും സംരംഭങ്ങളും മാതൃകാ തോട്ടങ്ങളിൽ പ്രദർശിപ്പിക്കണം.

ദ്വീപിലെ സാഹചര്യങ്ങൾക്കു യോജിച്ച നാളികേരാധിഷ്ഠിത വിള സമ്പ്രദായം വിപുലമായ തോതിൽഅനുവർത്തിക്കേണ്ടതിനു വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. കൂടാതെ കർഷകർ, കർഷകരായ വനിതകൾ, മറ്റ് സംരംഭകർ തുടങ്ങിയവർക്ക് വേണ്ടി നാളികേരാധിഷ്ഠിത ബഹു വിള – സമ്മിശ്ര കൃഷി സമ്പ്രദായങ്ങളെ കുറിച്ച് പരിശീലനം സംഘടിപ്പിക്കുവാൻ കൃഷി വകുപ്പിനെ സഹായിക്കാൻ കൃഷി വിജ്ഞാന കേന്ദ്രത്തിനു സാധിക്കും. എല്ലാ ദ്വീപുകളിലും നാളികേരാധിഷ്ഠിത, ഇടവിള – മിശ്രവിള, സംയോജിത കൃഷി പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കേണ്ടതും ആവശ്യമാണ്.

ഉണങ്ങിയ തെങ്ങോല ഉപയോഗപ്പെടുത്തി മണ്ണിര കമ്പോസ്റ്റ്, വെർമി വാഷ് എന്നിവയുടെ ഉത്പാദനത്തിന് ഗവൺമെന്റും സ്വകാര്യ വ്യക്തികളും മുന്നോട്ടു വന്ന് പുരയിടങ്ങളിലും ഗ്രോബാഗുകളിലും പച്ചക്കറി കൃഷിക്ക് ആവശ്യമായ ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കണം. ദ്വീപിലെ കോഴിവളർത്തു കേന്ദ്രങ്ങളിൽ നിന്നു ലഭിക്കുന്ന കോഴിവളവും ശരിയായി ഉണക്കിയതിനു ശേഷം കൃഷിയിടങ്ങളിൽ ഉപയോഗിക്കാവുന്നതാണ്.

നാളികേരാധിഷ്ഠിത വിള സമ്പ്രദായം പ്രചരിപ്പിക്കുന്നതിനൊപ്പം, പ്രായമായി ഉത്പാദന ശേഷി നശിച്ച തെങ്ങുകൾ വെട്ടി മാറ്റി, വേണ്ടത്ര ഇടയകലം നല്കി പുതിയ തെങ്ങിൻ തൈകൾ കൃഷി ചെയ്യാനുള്ള ഇടപെടലുകളും നടത്തണം.

കർഷകരുടെ ഉത്പാദക സംഘങ്ങൾ സ്ഥാപിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും, ദ്വീപിൽ അനുയോജ്യമായ പ്രദേശങ്ങളിലെ തുറസായ സ്ഥലങ്ങളിൽ പച്ചക്കറികൾ ഉത്പാദിപ്പിച്ച് വിപണനം നടത്താൻ വേണ്ടി മഴമറകൾ, ഹരിതഗൃഹങ്ങൾ, ഹൈടെക് ഫാമുകൾ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങാനും ആവശ്യമായ സഹായം നല്കണം.

സ്ത്രീകളുടെ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കാനും അവർ വഴി കൃഷിവകുപ്പിന്റെ കീഴിലുള്ള തോട്ടങ്ങളിലേയ്ക്ക് പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും, കിഴങ്ങുവർഗ വിളകളുടെയും ഗുണമേന്മയുള്ള വിത്തുകൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യാനുമുള്ള സംവിധാനം ഏർപ്പെടുത്തണം. കൂടാതെ ദ്വീപിൽ ഉപയോഗിക്കുന്ന ഗ്രോബാഗുകളിൽ നിറയ്ക്കാനുള്ള പോട്ടിംഗ് മിശ്രിതം തയാറാക്കി വിപണനം നടത്താനും ഈ സ്വാശ്രയ സംഘങ്ങൾക്കു സാധിക്കും.

പുരയിടങ്ങളിലും, താഴ്ന്ന പ്രദേശ(തോട്ടം)ങ്ങളിലും, പച്ചക്കറികൾ, പഴവർഗ്ഗ വിളകൾ, കിഴങ്ങു വർഗ്ഗവിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് കർഷകർക്ക് സഹായം നല്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

ജൈവ പച്ചക്കറികളുടെ വിപണനസാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനു കൃഷിക്കാരെ സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കണം. വിള പരിപാലനം, നടീൽ വസ്തുക്കളുടെ ഉത്പാദനം, പച്ചക്കറി ഉത്പാദന പ്രദർശനം എന്നിവയിൽ ഒന്നെങ്കിലും ഓരോ ദ്വീപിലും സംരക്ഷിത കൃഷി സംവിധാനത്തിനു കീഴിൽ ഉണ്ടായേ തീരൂ.

ദ്വീപിലെ കൃഷിയിൽ രാസവളങ്ങളുടെ ഉപയോഗം നിരോധിച്ചിരിക്കുന്നതിനാൽ സംരക്ഷിത കൃഷിക്കുള്ള ജൈവ ഉത്പാദന സാങ്കേതിക വിദ്യകൾ അടിയന്തിരമായി വികസിപ്പിക്കേണ്ടതുണ്ട്.

ദ്വീപിൽ പുതിയ രോഗകീടങ്ങളുടെ വ്യാപനം തടയാൻ ഇന്ത്യയിൽനിന്നു കൊണ്ടുവരുന്ന പച്ചക്കറികളും പഴങ്ങളും കർശനമായ പരിശോധനകൾക്കു വിധേയമാക്കേണ്ടതാണ്.

ദ്വീപിലെ കൃഷിക്കാർക്ക് അവർ ഉത്പാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളും സൂക്ഷിക്കുന്നതിനായി ചെറിയ ശീതീകരണികൾ ലഭ്യമാക്കേണ്ടതാണ്.

നാളികേരത്തിന്റെ ജനിതക സമ്പത്ത് സംരക്ഷിക്കുക, ഉപയോഗിക്കുക,അതിൽനിന്നു ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുക

ഉഷ്ണമേഖലാ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ലക്ഷദ്വീപ സമൂഹം നാളികേരത്തിന്റെ വൈവിധ്യമാർന്ന ജനിതക കലവറയാണ്. ലക്കദീവ് ഓർഡിനറി ടോൾ , ലക്കദീവ് മൈക്രോ ടോൾ എന്നീ ഇനങ്ങളാണ് ദ്വീപിൽ ഏറ്റവും കൂടുതൽ കൃഷി

ചെയ്യപ്പെടുന്ന തെങ്ങിനങ്ങൾ. ലക്കദീവ് മൈക്രോ ടോളിലാണ് ഏറ്റവും കൂടുതൽ എണ്ണ ഉള്ളത് (72 ശതമാനം). ഇവ രണ്ടും കൂടാതെ ലക്കദീവ് കുറിയ ഓറഞ്ച്, കുറിയ മഞ്ഞ, കുറിയ പച്ച, മിനി മൈക്രോ ടോൾ തുടങ്ങി വേറെയും ഇനങ്ങൾ ദ്വീപിൽ ഉണ്ട്. ലക്കദീവ് ഓർഡിനറി ടോളിൽ നിന്ന് സിപിസിആർഐ ചന്ദ്രകല്പ എന്നൊരു മെച്ചപ്പെട്ട ഇനം നിർദ്ധാരണം ചെയ്തിട്ടുണ്ട്. നെടിയ ഇനങ്ങളിലെ ഉയർന്ന ഉത്പാദന ക്ഷമതയുള്ള ഒരു ഇനമാണ് ഇത്. വൻ കരയിൽ ഈ ഇനങ്ങളുടെ മാതൃവൃക്ഷങ്ങൾ പരിമിതമായതിനാൽ ഇതുപയോഗിച്ചുള്ള സങ്കര ഇനം നടീൽ വസ്തുക്കളുടെ ഉത്പാദനവും നിയന്ത്രിതമാണ്. ലക്ഷദ്വീപിൽ നിന്ന് വിത്തു തേങ്ങ സംഭരിക്കാൻ കേരളത്തിലെ നിരവധി സ്ഥാപനങ്ങളും സംരംഭകരും വളരെ താല്പര്യം കാണിക്കുന്നുണ്ട്. അതിനാൽ ഇവർക്കായി നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കർഷകരുടെ ഉത്പാദക സംഘങ്ങൾക്ക് വലിയ സാധ്യത കാണുന്നു. ഇതു വഴി ദ്വീപിലെ കർഷകരുടെ വരുമാനം വർധിപ്പിക്കാനും സാധിക്കും.

ശിപാർശകൾ

ലക്ഷദ്വീപിലെ വംശനാശ ഭീഷണിയിലായ നാളികേര ജനിതക ശേഖരം കൃത്യമായി കണ്ടെത്തി ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ അവയെ ജൈവ വൈവിധ്യ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

നിലവിൽ പുറത്തിറക്കിയ ഇനങ്ങളുടെ വംശശുദ്ധിയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് ദ്വീപിലെ അവയുടെ മാതൃവൃക്ഷങ്ങൾ കണ്ടെത്തി ഭൗമസ്ഥാനം അടയാളപ്പെടുത്തുക. ഇതിനായി എല്ലാ ദ്വീപുകളിലും കർഷകരുടെ ഉത്പാദക സംഘങ്ങൾ രൂപീകരിക്കപ്പെടേണ്ടതും ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും ഏറ്റെടുക്കാൻ അവരെ സഹായിക്കേണ്ടതുമാണ്.

ജൈവകൃഷിയും മണ്ണിന്റെ ആരോഗ്യ പരിപാലനവും

ലക്ഷദ്വീപിന്റെ ഔദ്യോഗിക നയം അനുസരിച്ച് കൃഷിയിൽ രാസപദാർത്ഥങ്ങളുടെ ഉപയോഗം നിഷിദ്ധമാണ്. ദ്വീപുകളിലെ നാളികേര കൃഷിയിൽ നടീലും വിളവെടുപ്പും ഒഴികെ കാര്യമായ തോതിൽ മറ്റു വിളപരിചരണ മുറകൾ അനുവർത്തിക്കപ്പെടുന്നില്ല. ദ്വീപിലുടനീളം പ്രകൃതി കൃഷിയാണ്. അതിനാൽ ഇതിനെ ജൈവകൃഷിയായി പരിഗണിക്കാവുന്നതാണ്. ഒറ്റ കൃഷിക്കാരൻ പോലും ജൈവേതരപദാർത്ഥങ്ങൾ നാളികേര കൃഷിയിൽ ഉപയോഗിക്കുന്നില്ല. ദ്വീപിലെ മണ്ണ് പൂഴി നിറഞ്ഞതും ചുണ്ണാമ്പ് അംശം കൂടുതലുള്ളതുമാണ്. മുമ്പു സൂചിപ്പിച്ചതു പോലെ ദ്വീപിലെ കർഷകർ നാളികേരത്തിന് വളങ്ങളോ മറ്റു നിവേശകങ്ങളോ നല്കുന്നില്ല. അതിനാൽ തന്നെ ദ്വീപുകളിലെ തെങ്ങുകളിലും പച്ചക്കറികളിലും പഴവർഗ്ഗ വിളകളിലും സൂക്ഷ്മ പോഷകങ്ങളുടെ അഭാവം വളരെ പ്രകടമാണ്. എല്ലാ ദ്വീപുകളിലും വളരുന്ന തെങ്ങുകളിൽ ബോറോണിന്റെ അഭാവം വ്യാപകമായി കണ്ടുവരുന്നു. ദ്വീപിൽ പരിമിതമായി കൃഷി ചെയ്തു വരുന്ന പഴങ്ങളിലും പച്ചക്കറികളിലും പോഷക ന്യൂനത ബാധിച്ചിട്ടുണ്ട്. കടൽ തീരങ്ങളിൽ മണ്ണൊലിപ്പും ഉണ്ട്. അനുയോജ്യമായ പോഷക പരിപാലന ഇടപെടലുകൾക്കായി ദ്വീപിലെ മണ്ണിന്റെ അവസ്ഥ വിലയിരുത്താൻ ശാസ്ത്രീയമായ നടപടികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ദ്വീപിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് പ്രതിബന്ധമായി നില്ക്കുന്ന ഘടകം ജൈവ വളത്തിന്റെ ലഭ്യതക്കുറവാണ്. തെങ്ങിന്റെ ഉണങ്ങിയ ഓല ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള ലളിതമായ സാങ്കേതിക വിദ്യ സിപിസിആർഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ദ്വീപിൽ തെങ്ങന്റെ ഉണങ്ങിയ ഓല ധാരാളം ഉള്ളതിനാൽ ഈ സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിച്ച് തെങ്ങിനും ഇതര വിളകൾക്കും ആവശ്യമായ ജൈവ വളം നിർമ്മിക്കാവുന്നതാണ്. 2015 മുതൽ ലക്ഷദ്വീപിൽ ജൈവകൃഷിയാണ് അനുവർത്തിക്കുന്നത്. 2007 മുതൽ ഇവിടുത്തെ കൃഷിയിടങ്ങൾക്ക് ജൈവ സാക്ഷ്യപത്രം ലഭിക്കുന്നതിന് നിരവധി സമഗ്ര പരിപാടികൾ കൃഷി വകുപ്പ് നടപ്പാക്കി വരികയുമാണ്. ഒരു അംഗീകൃത ഏജൻസി വഴിയാണ് കൃഷിയിടങ്ങളുടെ ജൈവ സാക്ഷ്യപത്രത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നത്. ദ്വീപിലെ ഏകദേശം 500 കൃഷിയിടങ്ങൾക്ക് ജൈവ സാക്ഷ്യപത്രത്തിനായുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി കഴിഞ്ഞു. നാളികേരവും മറ്റ് കാർഷികോത്പ്പന്നങ്ങളും ജൈവ ലേബലിൽ വിൽക്കുന്നതിനായി എല്ലാ ദ്വീപുകളിലും കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ജൈവ കർഷക സമിതികളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഒന്നോ രണ്ടോ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതൊഴികെ മറ്റ് പ്രവർത്തനങ്ങൾ ഒന്നും ഈ സമിതികൾ ചെയ്തിട്ടില്ല. ഭാരവാഹികൾക്കു പോലും എന്താണ് ചെയ്യേണ്ടത് എന്ന് വ്യക്തത ഇല്ല. ചില ദ്വീപുകളിലെ ചുരുക്കം സംരംഭകർ പ്രത്യേകിച്ച് ആന്ത്രോത്തിലെ, ബ്രാൻഡ് ചെയ്ത ജൈവ വെളിച്ചെണ്ണ ദ്വീപിലും കേരളത്തിലും വിദേശത്തുമുള്ള വിപണികളിൽ വില്ക്കുന്നതിന് അവസരം ഉപയോഗപ്പെടുത്തുന്നുണ്ട്.

ജൈവ സാക്ഷ്യപത്രത്തിനായി നല്ല തുക ലക്ഷദ്വീപ് ഭരണസംവിധാനം ഇതിനോടകം മുടക്കിയിട്ടുണ്ട്. ഇനി ശേഷിക്കുന്ന കൃഷിയിടങ്ങളുടെ ജൈവ സാക്ഷ്യപത്ര നടപടികൾ പൂർത്തിയാക്കുക, ജൈവ സാക്ഷ്യപത്രങ്ങളുടെ പുതുക്കൽ പോലുള്ള തുടർ നടപടികൾ വൈകാതെ നടപ്പിലാക്കുക. ജൈവ വിപണികളിൽ വില്ക്കാനായി ദ്വീപുകളിൽ നിന്നു ഉത്പ്പന്നങ്ങൾ തെരഞ്ഞെടുക്കുക, ജൈവ ഉത്പ്പന്നങ്ങൾക്ക് മികച്ച വില ഉറപ്പാക്കുക, ദ്വീപിലെ ജൈവ ഉത്പ്പന്നങ്ങൾക്ക് ലക്ഷദ്വീപ് ബ്രാൻഡ് വികസിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കർഷക സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതുണ്ട്. ഒടുവിൽ അറിയാൻ കഴിഞ്ഞത് എല്ലാ ദ്വീപിലെയും കൃഷിയിടങ്ങൾക്ക് ജൈവസാക്ഷ്യപത്രം നല്കുന്നതിനായി കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ സഹായത്തോടെ സമഗ്ര പദ്ധതി തയാറാക്കിയിരിക്കുന്നു എന്നാണ്. ദേശീയ സുസ്ഥിര കൃഷി ദൗത്യത്തിനു കീഴിലുള്ള ആഭ്യന്തര ജൈവ സാക്ഷ്യപത്ര പരിപാടിയുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുക. സാക്ഷ്യപത്രത്തിനായി പങ്കാളിത്ത ജാമ്യ സംവിധാനമാണ് പിന്തുടരുക. ഇന്ന് പ്രസക്തിയുള്ളതും ഗുണനിലവാരം ഉറപ്പു നല്കുന്നതുമായ പദ്ധതിയാണ് ഇത്. ഉത്പാദകരും ഉപയോക്താക്കളും ഉൾപ്പെടയുള്ള ഗുണഭോക്താക്കളുടെ പങ്കാളിത്തത്തിന് ഈ സംവിധാനം ഊന്നൽ നല്കുന്നു.

അങ്ങിനെ ഇടനിലക്കാരനെ ഒഴിവാക്കി സാക്ഷ്യപത്ര നടപടികൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

ശിപാർശകൾ

മണ്ണിന്റെ ആരോഗ്യം സമഗ്രമായി വിലയിരുത്താനും ദ്വീപിലെ ജൈവ കൃഷി നയവും, പ്രാദേശികമായ വളങ്ങളുടെ ലഭ്യതയും കണക്കിലെടുത്ത് വിള പരിപാലനത്തിനും മണ്ണു പരിപാലനത്തിനും പൊതു ശിപാർശകൾ ക്രോഡീകരിക്കണം.

തെങ്ങിന്റെ ഉണങ്ങിയ ഓല ഉപയോഗിച്ചുത്പാദിപ്പിക്കുന്ന മണ്ണിര കമ്പോസ്റ്റ് ജനകീയമാക്കണം. തെങ്ങിൻ തടങ്ങളിൽ പച്ചിലവള ചെടികൾ കൃഷി ചെയ്ത് മണ്ണിന്റെ ഫലപുഷ്ടി ഉയർത്തി ഗുണമേന്മയുള്ള പച്ചില വളലഭ്യത ഉറപ്പാക്കണം.

ജൈവ ഉത്പ്പന്നങ്ങളുടെ നിർമ്മാണം വിണനം എന്നിവയിൽ കർഷകരുടെ ഉത്പാദക സംഘങ്ങളെ ശാക്തീകരിക്കണം. കൂടാതെ യോജിച്ച സംരംഭകത്വ വികസന പരിപാടികളിലൂടെ അവർക്ക് ആവശ്യമായ സഹായങ്ങൾ നല്കുകയും ചെയ്യണം.ലക്ഷദ്വീപ് ഓർഗാനിക്ക് എന്ന പൊതു ബ്രാന്റ് എത്രയും വേഗം വികസിപ്പിച്ച് ജൈവ വിപണിയുടെ സാധ്യത ചൂഷണം ചെയ്യണം.

കീട രോഗ നിയന്ത്രണം

നാളികേരത്തിലും ഇതര വിളകളിലും ദ്വീപിലെ കർഷകർ നേരിടുന്ന വലിയ പ്രശ്നമാണ് കീടങ്ങളും രോഗങ്ങളും ഉണ്ടാക്കുന്ന വിള നഷ്ടം. എലിയുടെ ആക്രമണം കൊണ്ടു മാത്രം പ്രതിവർഷം നാളികേര മേഖലയിലെ നഷ്ടം 40 -50 ശതമാനമാണ്. തെങ്ങുകളുടെ ഞെങ്ങി ഞെരുങ്ങിയുള്ള നില്പ്, മണ്ട വൃത്തിയാക്കലിലെ അപര്യാപ്തത, തോട്ടങ്ങളിലെ ശുചിത്വരാഹിത്യം, മൂങ്ങകൾ, പാമ്പുകൾ എന്നിത്യാദി ജീവികളുടെ അഭാവം, കൃത്യമായ പരിപാലന മുറകൾ അനുവർത്തിക്കുന്നതിലുള്ള അലംഭാവം തുടങ്ങിയവയാണ് ഇതിനു കാരണം. വിഷം ഉപയോഗിച്ച് എലികളെ കൊല്ലുന്നതിനുള്ള നിയന്ത്രണമാണ് ഇത്രയധികം എലികൾ പെരുകാനും നാളികേര മേഖലയിൽ നഷ്ടം സംഭവിക്കാനും കാരണം എന്ന് പല കൃഷിക്കാരും ചൂണ്ടിക്കാട്ടി. എലികളെ നശിപ്പിക്കാൻ ദ്വീപിൽ കൃഷി വകുപ്പ് ചില നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും അതുകൊണ്ടു കാര്യമായ പ്രയോജനം കാണുന്നില്ല. മുൻ കാലങ്ങളിൽ അനുവർത്തിച്ചു പോന്നിരുന്ന എലി നായാട്ട് വിവിധ കാരണങ്ങളാൽ കഴിഞ്ഞ കുറെ വർഷങ്ങളായി കൃത്യമായി നടത്താത്തതും എലികളുടെ വംശ വർധനവിനു കാരണമായിട്ടുണ്ട്. എല്ലാ ദ്വീപുകളിലും ഒരറ്റം മുതൽ മറ്റെ അറ്റം വരെയുള്ള നാളികേര തോട്ടങ്ങളിൽ തെങ്ങുകളുടെ മണ്ടയിൽ പാർക്കുന്ന എലികളെ താഴെ ചാടിച്ച് കൃഷിക്കാരും തെങ്ങുകയറ്റ തൊഴിലാളികളും ഉൾപ്പെടുന്ന സംഘം അവയെ അടിച്ചു കൊല്ലുന്ന രീതിയാണ് എലി നായാട്ട്. ലക്ഷ ദ്വീപ് ജൈവ കൃഷി മേഖലയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതിനാൽ എലികളെ കൊല്ലുന്നതിന് വിഷം പ്രയോഗിക്കാനാവില്ല. അതിനാൽ ജൈവ രീതിയിലുള്ള എലിനശീകരണമാണ് കരണീയം. ഈ പശ്ചാത്തലത്തിൽ കേരളത്തിൽ നിന്ന് എലിപിടിയന്മാരായ വെള്ളി മൂങ്ങകളെ ദ്വീപിലെത്തിച്ച് എലികളെ നശിപ്പിക്കുന്നതിനുള്ള നടപടി ലക്ഷദ്വീപ് കൃഷി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ദ്വീപിലെ ചില തോട്ടങ്ങളിലെ ഏതാനും തെങ്ങുകളിൽ കൂമ്പു ചീയലും ചെന്നീരൊലിപ്പും കണ്ടു. കൊമ്പൻ ചെല്ലിയുടെയും മണ്ടരിയുടെയും ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾ എല്ലാ ദ്വീപുകളിലും പ്രകടമാണ്. അടുത്തകാലത്തായി കവരത്തിയിലെ തെങ്ങുകളിൽ പിരിയൻ വെള്ളീച്ചയുടെ ഉപദ്രവവും കണ്ടുവരുന്നു. പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും വിവിധ കീട രോഗ ബാധ ഉണ്ട്. വിള സംരക്ഷണ സാങ്കേതിക വിദ്യസംബന്ധിച്ച അവബോധം ഇല്ലായ്മ, വിള പരിചരണത്തിനുള്ള ജൈവ വളങ്ങൾ, മറ്റ് സംവിധാനങ്ങൾ എന്നിവയുടെ ലഭ്യതക്കുറവ്, പരിമിതമായ വിജ്ഞാന വ്യാപന പിന്തുണ തുടങ്ങി വിവിധ കാരണങ്ങളാൽ നാളികേര തോട്ടങ്ങളിലും അനുബന്ധ വിളകളിലും രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങൾ ഫലപ്രദമായി അവലംബിക്കാൻ കൃഷിക്കാർക്കു സാധിക്കുന്നില്ല.

ശിപാർശകൾ

മുമ്പ് സൂചിപ്പിച്ചതുപോലെ, ദ്വീപിന്റെ ജൈവ നയങ്ങൾ കൂടി കണക്കിലെടുത്ത് നാളികേരത്തിനും അനുബന്ധവിളകൾക്കുമുള്ള പ്രകൃതിത സൗഹൃദ സസ്യ സംരക്ഷണ സാങ്കേതിക വിദ്യകൾ അടിയന്തിരമായി വികസിപ്പിക്കണം.

നാളികേരത്തിനും അനുബന്ധ വിളകൾക്കും ആവശ്യമായ പരിസ്ഥിതി സൗഹൃദ വിള സംരക്ഷണ സാങ്കേതിക വിദ്യകൾ സംബന്ധിച്ച് കൃഷിക്കാർ, തെങ്ങുകയറ്റക്കാർ, കർഷക തൊഴിലാളികൾ, വിജ്ഞാനവ്യാപന പ്രവർത്തകർ എന്നിവർക്ക് പരിശീലനം നല്കണം.

നാളികേരം, അനുബന്ധവിളകൾ എന്നിവയ്ക്ക് വേണ്ട പരിസ്ഥിതി സൗഹൃദ വിളസംരക്ഷണ സാങ്കേതിക വിദ്യകൾ അനുവർത്തിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പങ്കാളിത്ത വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പാക്കണം.

യുവജന പരിശീലന പരിപാടികൾ

പരിശീലനം ലഭിച്ച തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവം എല്ലാ ദ്വീപുകളിലെയും കൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. കൃത്യസമയത്തുള്ള വിളവെടുപ്പ്, വിള പരിചരണമുറകൾ, പ്രത്യേകിച്ച് തെങ്ങുകളിലെ എലി നിയന്ത്രണം എന്നിവയെ ഇത് പ്രതികൂലമായി ബാധിക്കുന്നു. ഇക്കാരണത്താൽ ചില ദ്വീപുകളിൽ നാളികേരം വിളവെടുപ്പ് ഇടവേള വർഷത്തിൽ നാലു പ്രാവശ്യമായി ചുരുങ്ങിയിരിക്കുന്നു. തെങ്ങുകയറ്റ തൊഴിലാളികൾക്കായി കൃഷി വകുപ്പ്

> ദ്വീപിലെ നാളികേര കർഷകർക്ക് സുസ്ഥിരമായ നാളികേര ഉത്പാദന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തി അവരുടെ അറിവും നൈപുണ്യവും വർധിപ്പിക്കണം. സാങ്കേതിക വിദ്യകളിലൂടെ നാളികേര കൃഷിയിൽ നിന്ന് എങ്ങിനെ കൂടുതൽ വരുമാനം നേടാം എന്നതിനുപരി, കർഷകരുടെ ഉത്പാദക സംഘങ്ങൾ രൂപീകരിക്കാനും അത് നടത്തിക്കൊണ്ടു പോകാനുമുള്ള പരിശീലനം കൂടി കൃഷിക്കാർക്കു നല്കേണ്ടിയിരിക്കുന്നു.

ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുന്നുണ്ട്. നിലവിൽ ദ്വീപിലെ പ്രത്യേക വിഭാഗത്തിൽ പെട്ട വിദഗ്ധ തൊഴിലാളികൾ മാത്രമാണ് തെങ്ങുകയറ്റം നടത്തുന്നത്. വൻകരയിൽ നിന്നുള്ള വിദഗ്ധ തൊഴിലാളികളുടെ സേവനവും ചില കൃഷിക്കാർ ഉപയോഗപ്പെടുത്തുന്നു. നിലവിലുള്ള കൂലി നിരക്ക് ആകർഷകമാണെങ്കിലും (തെങ്ങ് ഒന്നിന് 50 രൂപ) തെങ്ങുകയറ്റം മാന്യത കുറഞ്ഞ തൊഴിലായിട്ടാണ് സമൂഹത്തിലെ വരേണ്യ വിഭാഗങ്ങൾ കരുതുന്നത്. കടമത് ദ്വീപിൽ മാത്രം തൊഴിലാളികൾ യന്ത്രം ഉപയോഗിച്ച് തെങ്ങിൽ കയറുന്നുണ്ട്.

ശിപാർശകൾ

തെങ്ങുകയറ്റം എന്ന തൊഴിലിനോടു താല്പര്യ മനോഭാവം വികസിപ്പിക്കാനുള്ള ബോധവത്ക്കരണം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും നടത്തണം.

നാളികേര വികസന ബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ കീഴിൽ എല്ലാ ദ്വീപുകളിലും യുവജനങ്ങൾക്കായി യന്ത്രവത്കൃത തെങ്ങുകയറ്റ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം.

നാളികേര വിളവെടുപ്പ് കൂടാതെ മണ്ട വൃത്തിയാക്കൽ, സങ്കരഇനങ്ങൾ ഉത്പാദിപ്പിക്കാനുള്ള കൃത്രിമ പരാഗണ സാങ്കേതിക വിദ്യ, കൂമ്പുചീയൽ രോഗത്തിനെതിരെയുള്ള പ്രതിരോധനടപടികൾ, എലിനശീകരണം തുടങ്ങിയ വിഷയങ്ങൾ കൂടി യുവാക്കൾക്കുള്ള പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തണം.

കൃഷിക്കാർക്കും വിജ്ഞാന വ്യാപന പ്രവർത്തകർക്കും പരിശീലന പരിപാടികൾ

കൃഷി വകുപ്പിന്റെ നാളികേര വികസന പരിപാടിയുടെ ഭാഗമായി ദ്വീപിലെ നാളികേര കർഷകർക്ക് സുസ്ഥിരമായ നാളികേര ഉത്പാദന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തി അവരുടെ അറിവും നൈപുണ്യവും വർധിപ്പിക്കണം. ഉചിതമായ സാങ്കേതിക വിദ്യകളിലൂടെ നാളികേര കൃഷിയിൽ നിന്ന് എങ്ങിനെ കൂടുതൽ വരുമാനം നേടാം എന്ന പരിശീലനത്തിനുപരി, കർഷകരുടെ ഉത്പാദക സംഘങ്ങൾ രൂപീകരിക്കാനും അത് നടത്തിക്കൊണ്ടു പോകാനുമുള്ള പരിശീലനം കൂടി കൃഷിക്കാർക്കു നല്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ കൃഷി ചെലവുകൾ കുറയ്ക്കാനും നാളികേര കൃഷി കൂടുതൽ ലാഭകരമാക്കാനും സാധിക്കുകയുള്ളൂ. ലക്ഷദ്വീപിലെ നാളികേര കൃഷിക്കാർക്ക് പ്രയോജനകരമായ നാളികേര ഉത്പാദക സാങ്കേതിക വിദ്യകൾ പരിചയപ്പെടാനുള്ള പഠന പരിശീലന യാത്രകൾ കാസർഗോഡ് സ്ഥിതിചെയ്യുന്ന കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിനു ക്രമീകരിക്കാവുന്നതാണ്. സിപിസിആർഐയുടെ സഹകരണത്തോടെ വിവിധ ദ്വീപുകളിൽ നാളികേര കൃഷിക്കാർക്കായി തെരഞ്ഞെടുത്ത വിഷയങ്ങളിൽ പരിശീലന പരിപാടികളും നടത്താവുന്നതാണ്. അതുപോലെ തന്നെ കൃഷി വകുപ്പിലെ വിജ്ഞാന വ്യാപന പ്രവർത്തകർക്കും നൂതന നാളികേര ഉത്പാദക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തണം. ലക്ഷദ്വീപിലെ കൃഷി വകുപ്പിലെ ഫാം ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള വിജ്ഞാന വ്യാപന പ്രവർത്തകർക്കും കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നാളികേര ഉത്പാദക സാങ്കേതിക വിദ്യകളിൽ പരിശീലന പരിപാടി നടത്താവുന്നതാണ്. നാഷണൽ ഹോർട്ടിക്കൾച്ചർ ബോർഡിന്റെ സഹായത്തോടെ ലക്ഷദ്വീപുകളിലെ തെരഞ്ഞെടുക്കപ്പെട്ട യുവ കൃഷിക്കാർക്കും സംരംഭകർക്കുമുള്ള സംരംഭകത്വ വികസന പരിപാടി കാസർഗോഡ് സിപിസിആർഐയിലും ബരാമതി കൃഷി വിജ്ഞാന കേന്ദ്രത്തിലും നടത്താനുള്ള ക്രമീകരണങ്ങൾ പൂർത്തിയായിട്ടുണ്ട്. ആദ്യ ബാച്ചിന്റെ പരിശീലനം ഏപ്രിൽ അവസാന വാരം ആരംഭിച്ചു.

ഉപസംഹാരം

ലക്ഷദ്വീപിലെ ജനങ്ങളുടെ മുഖ്യ ഉപജീവനമാണ് നാളികേരകൃഷി. അതുകൊണ്ടു തന്നെ ദ്വീപിലെ കൃഷി വികസനവുമായി ബന്ധപ്പെട്ട എതു ഇടപെടലും നാളികാരാധിഷ്ഠിത വരുമാന ഉത്പാദന പ്രവർത്തനത്തിൽ ഊന്നിയുള്ളതാകണം. നാളികേരാധിഷ്ഠിത ബഹുവിള സമ്പ്രദായം, സംയോജിത കൃഷി, നാളികേര ജനിതക വിഭവങ്ങളുടെ സംരക്ഷണം, ഉപയോഗം, ജനിതക മേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, ജൈവ കൃഷി, മണ്ണിന്റെ ആരോഗ്യ പരിപാലനം, രോഗകീട നിയന്ത്രണം, യുവാക്കൾ, കൃഷിക്കാർ, വിജ്ഞാന വ്യാപന പ്രവർത്തകർ തുടങ്ങിയവർക്കു വേണ്ടിയുള്ള പരിശീലന പരിപാടികൾ എന്നിവ ലക്ഷദ്വീപിലെ കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഈ ഇടപെടലുകളുടെ ആസൂത്രണത്തിലും നിർവഹണത്തിലും നാളികേര കൃഷിക്കാരുടെയും മറ്റ് ഗുണഭോക്താക്കളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കേണ്ടതുമുണ്ട്.

ഫോൺ : 04994232895

നട്ടു വളർത്താം നല്ല തെങ്ങിൻ തൈകൾ നാടിന്റെ സമൃദ്ധിക്കായ്

ആർ. ജ്ഞാനദേവൻ,
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി -11

കേര വൃക്ഷങ്ങളുടെ സ്വന്തം നാടായ കേരളത്തിൽ ഉൽകണ്ഠ ഉളവാക്കുന്ന പ്രധാന പ്രശ്നം അനുദിനമെന്നോണം കുറഞ്ഞു വരുന്ന തെങ്ങുകളുടെ എണ്ണവും, തെങ്ങിൻതോട്ട വിസ്തൃതിയുമാണ്. കഴിഞ്ഞ 10 വർഷത്തെ കണക്കു പരിശോധിച്ചാൽ വിസ്തൃതിയിൽ തന്നെ ഏകദേശം 1 ലക്ഷം ഹെക്ടറിന്റെ കുറവു വന്നതായി കാണാം. അതായത് ഒരു ഹെക്ടറിലെ ശരാശരി 175 തെങ്ങുകളെന്ന് കണക്കാക്കിയാൽ തന്നെ 175 ലക്ഷം തെങ്ങുകൾ വീട്ടു വളപ്പുകളിൽ നിന്ന് നശിച്ചു പോയതായിരിക്കുന്നു. പ്രായാധിക്യം കൊണ്ടും രോഗം ബാധിച്ചും നശിച്ചു പോയ തെങ്ങുകൾക്കു പകരം നല്ല തൈകൾ നട്ടു വളർത്തുന്നതിൽ നാം വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല.

ഈ പ്രവണത തുടരാൻ പാടില്ല. നമ്മുടെ പൂർവ്വികർ നമുക്ക് കൈമാറിയ, കേരവൃക്ഷസമൃദ്ധവും സുന്ദരവുമായ പ്രകൃതിയെ അതുപോലെ വരും തലമുറയ്ക്ക് നാം കൈമാറണമെങ്കിൽ നശിച്ച തെങ്ങുകൾക്ക് പകരം പുതിയ തെങ്ങ് നട്ടു വളർത്തിയേ മതിയാവൂ. കേര വൃക്ഷങ്ങളാൽ സുന്ദരമായ നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ പോലും ഇന്ന് അനുഭവപ്പെടുന്ന കൊടും ചൂടിന്റെ ഒരു കാരണം വീട്ടു വളപ്പിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന തെങ്ങുകളാണ്. നാട്ടിൻപുറങ്ങളിലെ വീട്ടു വളപ്പുകളിൽ കുടകൾ പോലെ നിന്ന് സൂര്യപ്രകാശവും അന്തരീക്ഷത്തിൽ കൂടുതലായുള്ള കാർബൺഡൈ ഓക്സൈഡും ആവാഹിച്ച് തെങ്ങ് വളരുമ്പോൾ, വീട്ടു വളപ്പുകളിലെ ചൂട് നിയന്ത്രിക്കപ്പെടുന്ന കാര്യം നാം അറിയുന്നില്ല. അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് കൂടുമ്പോൾ സൂര്യന്റെ ചൂടു രശ്മികളെ ഇത് അന്തരീക്ഷത്തിൽ തന്നെ നിലനിർത്തുകയും ചൂട് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നു. അപ്പോഴാണ് തെങ്ങ് കാർബൺ ശേഖരമായി പ്രവർത്തിക്കുന്നത്. കൂടാതെ ചൂട് കുറയ്ക്കുന്നതിനൊപ്പം ഈ വൃക്ഷങ്ങൾ നമുക്ക് ആവശ്യമായ പ്രാണവായു അഥവാ ഓക്സിജൻ അന്തരീക്ഷത്തിലേക്ക് തിരികെ നല്കുകയും ചെയ്യുന്നു. അതായത് പ്രകൃതിയെ ശുദ്ധീകരിച്ച് നമുക്ക് ആരോഗ്യത്തോടെ ജീവിക്കാനുള്ള സാഹചര്യം ഒരുക്കുന്ന ജോലിയും തെങ്ങു ചെയ്യുന്നു എന്നത് നാം അറിയുന്നില്ല. തെങ്ങ് സമൃദ്ധമായി വളരുന്ന വീട്ടു വളപ്പുകളിൽ പോയാൽ പ്രകൃതിയുടെ ഈ വിശുദ്ധിയും ഗ്രാമഭംഗിയും നമുക്ക് മനസ്സിലാകും. അടുത്ത കാലത്ത് ഈ ലേഖകൻ ആസാമിലെ തെങ്ങു കൃഷിയുള്ള ഗ്രാമപ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ കേരള സമാനമായ ഗ്രാമഭംഗിയും, പ്രകൃതിയും, കാലാവസ്ഥയും അനുഭവപ്പെടുകയുണ്ടായി. തെങ്ങു കൃഷിയിൽ താൽപര്യം കാണിക്കുന്ന ആസാമിലെ കർഷകന് ഞാൻ കൊടുക്കുന്ന ഉപദേശം തെങ്ങിൻ തൈകൾ നട്ടു വളർത്താം, ആരോഗ്യത്തോടെ ജീവിക്കാം എന്നതാണ്.

ആൺ പൂക്കളും പെൺ പൂക്കളും വേറിട്ടു കാണുന്നില്ല നെ

“നാട്ടിൻപുറങ്ങളിലെ വീട്ടു വളപ്പുകളിൽ കുടകൾ പോലെ നിന്ന് സൂര്യപ്രകാശവും അന്തരീക്ഷത്തിൽ കൂടുതലായുള്ള കാർബൺഡൈ ഓക്സൈഡും ആവാഹിച്ച് തെങ്ങ് വളരുമ്പോൾ, വീട്ടു വളപ്പുകളിലെ ചൂട് നിയന്ത്രിക്കപ്പെടുന്ന കാര്യം നാം അറിയുന്നില്ല. അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് കൂടുമ്പോൾ സൂര്യന്റെ ചൂടു രശ്മികളെ ഇത് അന്തരീക്ഷത്തിൽ തന്നെ നിലനിർത്തുകയും ചൂട് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നു. അപ്പോഴാണ് തെങ്ങ് കാർബൺ ശേഖരമായി പ്രവർത്തിക്കുന്നത്.”

ടിയ ഇനം തെങ്ങിൽ പൊതുവെ പരപരാഗണമാണുള്ളത്. അതായത് മനുഷ്യനെപ്പോലെ 100 വയസ്സുവരെ ജീവിക്കുന്ന തെങ്ങിനും ഒരു കുടുംബത്തിലെ എല്ലാ സന്തതികളും രൂപത്തിലും ബുദ്ധിശക്തിയിലും വ്യത്യസ്ത സ്വഭാവം പുലർത്തുന്നവയായിരിക്കും. ഈ തത്വത്തെ ആസ്പദമാക്കിയാണ് പാരമ്പര്യ ഗുണമുള്ള മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് അതിൽ നിന്നു വിത്തു തേങ്ങകൾ ശേഖരിച്ച് പാകി, കിളിർത്തുവരുന്ന ഗുണമേന്മയുള്ള തൈകൾ നടാനായി ശുപാർശ ചെയ്തിട്ടുള്ളത്.

മഴക്കാലം തുടങ്ങുകയാണ്. പുതിയ തെങ്ങിൻ തൈകൾ നട്ടു പിടിപ്പിക്കാൻ ഏറ്റവും ഉചിതമായ സമയം വരികയാണ്. ഇപ്പോൾ നാം നേരിടുന്ന പ്രശ്നം നല്ല തെങ്ങിൻ തൈകൾ എവിടെ നിന്ന് ലഭിക്കും എന്നതാണ്. സർക്കാർ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന തെങ്ങിൻ തൈകൾ പരിമിതമായതിനാൽ, സ്വകാര്യ നഴ്സറികളെയാണ് ഭൂരിഭാഗം കൃഷിക്കാരും ആശ്രയിക്കുന്നത്. ദേശീയ പാതയോരങ്ങളിൽ കാണുന്ന വിൽപ്പനക്കാരിൽ നിന്നു തൈ വാങ്ങി പോകുന്നവരാണ് ഭൂരിഭാഗവും. കൂടാതെ ഓൺ ലൈൻ വഴിയും ഇന്നു തെങ്ങിൻ തൈ വിപണനം നടന്നു വരുന്നു. ഇന്ത്യയിലെ പ്രധാന ഓൺ ലൈൻ വിപണന ശൃംഖലയായ ആമസോണും, ഫ്ളിപ്കാർട്ടും തെങ്ങിൻ തൈ വിപണന രംഗത്തുണ്ട്.

നല്ല തൈകൾ അഥവാ വംശ ഗുണമുള്ളവ എങ്ങനെ തിരിച്ചറിയാം. നല്ല മാതൃവൃക്ഷങ്ങളും അതിൽ നിന്ന് വിത്തു തേങ്ങയും തെരഞ്ഞെടുത്ത് തൈ ഉൽപാദിപ്പിക്കുന്നതുവഴി തെങ്ങിൻ തൈയുടെ ഗുണനിലവാരം 50 ശതമാനം വരെ ഉറപ്പു വരുത്താം. ഗുണനിലവാര മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെങ്ങിൻ തൈകൾ നഴ്സറിയിൽ വളർത്തി തെരഞ്ഞെടുത്ത് നടാൻ ഉപയോഗിച്ചാൽ ഗുണനിലവാരം 90 ശതമാനം വരെ ഉറപ്പു വരുത്താൻ സാധിക്കും. പക്ഷെ നാം വാങ്ങുന്ന തൈകൾ പാരമ്പര്യ ഗുണം തികഞ്ഞ നല്ല തൈകളാണോ എന്നത് വേണ്ടത്ര ശ്രദ്ധിക്കാറില്ല.

ഇനി എന്താണീ പാരമ്പര്യ ഗുണങ്ങൾ ഉള്ള തൈകൾ. തെങ്ങിന്റെ ഉൽപാദനക്ഷമത ഉൾപ്പെടെയുള്ള സ്വഭാവ ഗുണങ്ങൾ നിയന്ത്രിക്കുന്നത് ഓരോ കോശങ്ങളിലും അടങ്ങിയിരിക്കുന്ന 32 ക്രോമസോമുകളിലെ ജീനുകളാണ്. ഇവ തെങ്ങിന്റെ ജന്മസിദ്ധമായ നല്ല ഗുണങ്ങൾ അതായത് കൂടിയ വളർച്ചാനിരക്ക്, നേരത്തേ ഫലം നല്കുക, ഉയർന്ന ഉത്പാദന ക്ഷമത തുടങ്ങിയവ പാരമ്പര്യമായി കൈമാറിവരുന്നു. ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങളും, വിത്തു തേങ്ങായും, സർവ്വോപരി തൈകളും തിരഞ്ഞെടുക്കുന്നത് വഴി ഇവയെ ഉപയോഗപ്പെടുത്താൻ കഴിയും.

എന്താണ് ഗുണനിലവാര മാനദണ്ഡങ്ങൾ എന്നു നോക്കാം. തെങ്ങിൻ തൈ വാങ്ങാൻ പോകുമ്പോൾ നമ്മുടെ മനസ്സിലെ പ്രതീക്ഷ, എത്രയും പെട്ടെന്ന് കായ്ക്കുന്നത്, അധികം ഉയരം വയ്ക്കാത്തത്, നല്ല വിളവ് തരുന്നത് തുടങ്ങിയവയായിരിക്കും. വാങ്ങുന്ന തൈകൾ വീട്ടു വളപ്പിൽ നട്ടു വളർത്തുമ്പോൾ അവ എത്രത്തോളം നമ്മുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് വിളവു തരുന്നോ അത് അനുസരിച്ചാണ് തൈയുടെ ഗുണനിലവാരം വിലയിരുത്തപ്പെടേണ്ടത്. അതായത് തെങ്ങിൻ തൈ വാങ്ങുമ്പോഴുണ്ടായിരുന്ന നമ്മുടെ പ്രതീക്ഷയും തൈ വളർന്ന ശേഷം കാഴ്ച്ചവയ്ക്കുന്ന പ്രകടനവുമാണ് തെങ്ങിൻ തൈയുടെ ഗുണനിലവാര പ്രതിഫലനം. തെങ്ങു കൃഷിയിൽ ഏറ്റവും പ്രധാനം തൈയുടെ ഗുണമേന്മയാണ്. അതിനാൽ തൈ വാങ്ങുന്നതിന് മുമ്പ് അവയുടെ ഉറവിടവും ഗുണനിലവാരവും ഉറപ്പു വരുത്തണം. സർക്കാർ സ്ഥാപനങ്ങളുടെ നഴ്സറികൾ അത്യുൽപാദന ശേഷിയുള്ള ഉത്തമ മാതൃവൃക്ഷ തോട്ടങ്ങളിൽ നിന്നാണ് വിത്തു തേങ്ങ ശേഖരിക്കുന്നത്.

ലക്ഷണമൊത്ത തെങ്ങിൻ തൈ



നല്ല തെങ്ങിൻ തൈകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. ലക്ഷണമൊത്ത തെങ്ങിൻ തൈയുടെ സവിശേഷത, തേങ്ങ പാകിയാൽ നേരത്തേ തന്നെ മുളയ്ക്കും, നല്ല കരുത്തോടെ വളരും എന്നതാണ്. സാധാരണ വിത്തു തേങ്ങ പാകിയാൽ ഒരാഴ്ചയ്ക്കുള്ളിൽ തന്നെ കിളിർക്കാൻ തുടങ്ങും. ചിലപ്പോൾ പാകുന്ന സമയത്തു തന്നെ വിത്തു തേങ്ങകൾ കിളിർത്തിട്ടുണ്ടാകും. ഒരിക്കലും വിത്തു തേങ്ങകൾ ഒരുമിച്ചു കിളിർക്കാറില്ല. ആറുമാസം കഴിഞ്ഞാലും കിളിക്കാത്ത വിത്തു തേങ്ങകൾ നീക്കം ചെയ്യണം. പാരമ്പര്യമായി ത്വരിതഗതിയിൽ വളരാൻ കഴിവുള്ള വിത്തു തേങ്ങയാണ് ആദ്യം മുളയ്ക്കുന്നത്. ഈ പാരമ്പര്യ ഗുണം തിരിച്ചറിയണമെങ്കിൽ പണ്ട് നമ്മുടെ പൂർവ്വികർ ചെയ്തത് പോലെ നല്ല മാതൃ വൃക്ഷം തെരഞ്ഞെടുത്ത് അവയിൽ നിന്നുള്ള വിത്തു തേങ്ങ പാകി തൈകൾ തെരഞ്ഞെടുത്ത് നട്ടു വളർത്തണം.

2. കടവണ്ണം അഥവ കണ്ണാടിക്കനം. വിത്തു തേങ്ങയിൽ നിന്നും തൈകൾ മുളച്ചു വരുന്ന ഭാഗത്തെ അതായത് തൈയുടെ ചുവടു ഭാഗത്തെ വണ്ണം ശ്രദ്ധിക്കണം. ഈ കടവണ്ണം എത്രത്തോളം കൂടിയിരിക്കുന്നോ അവ മെച്ചപ്പെട്ട തൈകൾ ആയിരിക്കും. സാധാരണ 5–20 സെ.മീ വരെ കാണുന്നു. നെടിയ ഇനം തെങ്ങിൻ തൈകൾക്ക് കുറഞ്ഞത് 10 – 12 സെന്റീമീറ്ററും കുറി ഇനത്തിന് 8–10 സെന്റീമീറ്ററും എങ്കിലും കടവണ്ണമുണ്ടായിരിക്കണം. കടവണ്ണം കുറഞ്ഞ തൈകൾ ഗുണമേന്മയുള്ളവയായിരിക്കില്ല.

3. നേരത്തേ പീലി ഓല വിരിയൽ, സാധാരണ തെങ്ങിൻ തൈകളുടെ ഓലകളിലെ ഓലക്കാലുകൾ പരസ്പരം ചേർന്നിരിക്കും. എന്നാൽ ഗുണമേന്മയുള്ള തൈകളിലെ

ഓലക്കാലുകൾ വളർന്ന് വലിയ തെങ്ങുകളുടെ പോലെ വേർതിരിഞ്ഞ് നിൽക്കും. ഇത്തരം ഓലകളാണ് പീലി ഓലകൾ. ഗനീളം കുറഞ്ഞതും ബലമുള്ളതുമായ ഓലത്തണ്ടുകൾ, നേരെ ലംബമായുള്ള തൈയുടെ വളർച്ച, ധാരാളമായും വേരുകൾ തുടങ്ങിയവ നോക്കി നല്ല തൈ തെരഞ്ഞെടുക്കാം. ബലമില്ലാത്ത, ഓല നീണ്ടു തണ്ടുകളായി വളരുന്ന തൈകൾ ഒരിക്കലും നടുന്നതിന് തെരഞ്ഞെടുക്കരുത്.

4.തൈ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം തൈയുടെ പ്രായമാണ്. പൊതുവെ 9 മുതൽ 12 മാസം വരെ പ്രായമായ തൈകളാണ് നടാനായി ഉപയോഗിക്കുന്നത്. ഈ പ്രായത്തിൽ തെങ്ങിൻ തൈയ്ക്ക് 4 മുതൽ 6 വിരിഞ്ഞ ഓലകൾ ഉണ്ടായിരിക്കും. പുതിയ വേരുകൾ വന്ന് മണ്ണിൽ നിന്ന് വെള്ളവും പോഷക മൂലകങ്ങളും വലിച്ചെടുക്കുന്നതുവരെ വളരാനാവശ്യമായ പോഷകാഹാരം വിത്തു തേങ്ങയ്ക്കകത്ത് ശേഖരിച്ചു വച്ചിട്ടുണ്ട്. കുറിയ ഇനം തെങ്ങിൻ തൈകൾ 6 മാസം മുതൽ 9 മാസം പ്രായമാകുമ്പോൾ നടുന്നതാണ് ഉത്തമം. കാരണം കുറിയ ഇനത്തിൽ വിത്തു തേങ്ങയിൽ ശേഖരിച്ചിരിക്കുന്ന പോഷകാഹാരം നെടിയ ഇനത്തെ അപേക്ഷിച്ച് പെട്ടെന്ന് തൈ വളർച്ചയ്ക്കായി ഉപയോഗിച്ച് തീർന്നു പോകും.

മേന്മയുള്ള നല്ല തൈകൾ വാങ്ങി നടുന്നതിനോടൊപ്പം, അത്തരം തൈകൾക്ക് വളരാൻ ആവശ്യമായ സാഹചര്യം ഒരുക്കുകയും വേണം. നടാനായി തിരഞ്ഞെടുക്കുന്ന സ്ഥലത്ത് വേണ്ടത്ര സൂര്യപ്രകാശം കിട്ടുന്നതാണോ എന്ന് ആദ്യം ഉറപ്പു വരുത്തണം. അതുപോലെ തന്നെ തൈകളുടെ ഓലകൾ തമ്മിൽ കൂട്ടി മുട്ടാതെ വളരാനുള്ള അകലമുണ്ടായിരിക്കണം. വളരെ അടുത്തും മറ്റു മരങ്ങളുടെ തണലിലും തെങ്ങിൻ തൈ നട്ടാൽ അവ എത്ര നല്ല തൈ ആയാലും മികച്ച രീതിയിൽ വളർന്ന് നാം ഉദ്ദേശിക്കുന്ന വിളവ് തരില്ല. കൂടാതെ ഇന്നു തെങ്ങു നട്ടു വളർത്തുന്നത് പഴയ കാലത്തേ പോലെ അത്ര എളുപ്പമുള്ള കാര്യമല്ല എന്ന സത്യവും നാം ഉൾക്കൊള്ളണം. തൈ നടുത് മുതൽ ആദ്യത്തെ 4 –5 വർഷം ശരിയായ പരിചരണം ശുശ്രൂഷയും ആവശ്യമാണ്. അന്തരീക്ഷത്തിൽ രോഗാണുക്കളുടേയും കീടങ്ങളുടേയും തോത് പണ്ടത്തേക്കാൾ വളരെ കൂടുതലാണ്. അതുകൊണ്ട് തെങ്ങിന്റെ നാമ്പോല പരിശോധിച്ച് കീടങ്ങളുടേയും രോഗങ്ങളുടേയും ഉപദ്രവം ഉണ്ടോ എന്ന് നോക്കി വേണ്ട സംരക്ഷണ നടപടികൾ യഥാസമയം ചെയ്യണം. കൂടാതെ തൈയ്ക്ക് വേണ്ട വളവും, വെള്ളവുമെല്ലാം യഥാ സമയം നൽകണം. ചെറിയ സ്പ്രെയറും കീടങ്ങൾക്കും രോഗങ്ങൾക്കുമെതിരെ നാമ്പിൽ തളിക്കേണ്ട അത്യാവശ്യം കീടനാശിനികളും കരുതി വച്ചു വേണം തെങ്ങു കൃഷി തുടങ്ങാൻ. പുളി രസം കൂടിയ മണ്ണിൽ തൈ നടുമ്പോൾ മേൽ മണ്ണും ചാണകപ്പൊടിയും ഇട്ട് കുഴി മൂടിയ ശേഷം അതിനോടൊപ്പം കുമ്മായം (ഡോളോമേറ്റ്) കൂടി 1 കിലോഗ്രാം ചേർത്ത് കൊടുക്കണം.

നമ്മുടെ പൂർവ്വികർ വീട്ടുവളപ്പിലെ നല്ല മാതൃ വൃക്ഷങ്ങൾ തെരഞ്ഞെടുത്ത് അതിൽ നിന്നുള്ള വിത്തു തേങ്ങ പാകി കിളിപ്പിച്ച് മേൽ വിവരിച്ച ഗുണമേന്മ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നട്ടു വളർത്തി വലുതാക്കിയ തെങ്ങുകളാണ് ഇന്ന് പ്രായാധിക്യം കൊണ്ടും രോഗബാധ മൂലവും നശിച്ചുകൊണ്ടിരിക്കുത്. അതിനാൽ പുതിയ തൈ നടുമ്പോൾ ലക്ഷണമൊത്ത നല്ല തൈകൾ തെരഞ്ഞെടുത്ത് നട്ടാൽ മാത്രമേ, നമ്മുടെ തെങ്ങിൻ തോട്ടങ്ങൾ പുതിയ ഊർജ്ജത്തോടെ പഴയ പ്രതാപത്തിലേക്ക് തിരികെ വരികയുള്ളു. അല്ലെങ്കിൽ നാം മുടക്കുന്ന പണവും, ചെയ്യുന്ന അധ്വാനവും വ്യർത്ഥമാവും. അതുകൊണ്ട് നമുക്കു നടാം ഈ മഴക്കാലത്ത് നല്ല തെങ്ങിൻ തൈകൾ, ഓരോ വീട്ടു വളപ്പിലും. അങ്ങനെ നമ്മുടെ നാടിനെ വീണ്ടും കേര വൃക്ഷത്താൽ സമൃദ്ധ കേരളമാക്കാം.

ഫോൺ : 9446054597

ഏജന്റുമാരെ ആവശ്യമുണ്ട്

	വാർഷിക വരിസംഖ്യ	ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്)
1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്)	60 ക.	1600 ക.
സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും	200 ക.	5000 ക.
2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം)	40 ക.	1000 ക.
3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി)	40 ക.	1000 ക.
4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ)	40 ക.	1000 ക.
5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്)	40 ക.	1000 ക.

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്ക്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം

കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും
താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.
ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി – 682 011.

സാപ്പർ സൂപ്പർ; പിന്നെയും പ്രതീക്ഷയുടെ പ്രകാശം

ആർ. ഹേലി
ഡയറക്ടർ(റിട്ട.) കൃഷി വകുപ്പ്, പേൾ ഹിൽ, ആറ്റിങ്ങൽ

കഴിഞ്ഞ ലക്കം നാളികേര ജേണലിൽ പ്രസിദ്ധീകരിച്ച നീര ടാപ്പിംങ് റൊബോട്ട് എന്ന ലേഖനത്തെക്കുറിച്ച് കാർഷിക വിദഗ്ധനും എഴുത്തുകാരനുമായ ആർ. ഹേലി പ്രതികരിക്കുന്നു.

കാലാവസ്ഥാ വ്യതിയാനം ലോകജനതയെ മുഴുവൻ തന്നെ, ആശയുടേയും മോഹങ്ങളുടേയും ലോകത്തുനിന്ന് ഒഴിച്ചു കൂടാനാവാത്ത അന്ത്യനാശത്തിലേക്ക് ആനയിക്കുമെന്നുവരെ എല്ലാ രാജ്യങ്ങളിൽ നിന്നും പഠന റിപ്പോർട്ടുകൾ വന്നു മറിയുന്ന ഈ സമയത്ത് പ്രതീക്ഷയുടെ നിറപ്പകിട്ടാർന്ന പൂത്തിരി തെളിച്ചുകൊണ്ട് കടന്നു വന്ന വാർത്തയാണ് നീര ടാപ്പിംങ് റോബോട്ടുകളുടെ കണ്ടുപിടിത്തം. ആലുവ സ്വദേശി ചാൾസ് വിജയ് വർഗ്ഗീസ് എന്ന യുവ ഇലക്ട്രോണിക് എഞ്ചിനീയറാണ് 21-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലെ അത്ഭുതകരമായ ഈ കണ്ടുപിടുത്തം കാഴ്ച വച്ച കർഷ പ്രേമിയായ യോദ്ധാവ്.

തെങ്ങ് കൃഷി ചെയ്യുന്ന 92 രാജ്യങ്ങളിലും മനുഷ്യരെ ആസ്വാദനത്തിന്റെ പുതിയ മേഖലകളിലേക്ക് കടത്തി വിട്ടിരുന്ന ഒട്ടനവധി ഭക്ഷ്യ വിഭവങ്ങളിൽ അതിപ്രധാനമായവയത്രെ കള്ളും, നീര എന്ന ഇളംകള്ളും. നീരയുടെ വ്യവസായ പ്രാധാന്യം മനസ്സിലാകണമെങ്കിൽ ദ്വീപുകളുടെ നാടായ ഫിലിപ്പൈൻസിൽ എത്തണം. അവിടെ, ചെറിയ ദ്വീപുകൾ പാട്ടത്തിന് വാങ്ങി ഉള്ള സ്ഥലങ്ങളിൽ മുഴുവൻ തെങ്ങു വളർത്തി, ചെത്തി നീരയും അതിൽ നിന്നു പഞ്ചസാരയും ഉണ്ടാക്കി ലോകം മുഴുവൻ വിറ്റഴിക്കുന്ന വ്യവസായികൾ ഉണ്ടെന്ന സത്യം തിരിച്ചറിയുക. ഒരു വർഷം കൊണ്ട് ഇപ്രകാരം നിർമ്മിക്കുന്ന പഞ്ചസാര 10 ലക്ഷം ടൺ കഴിഞ്ഞിരിക്കുന്നു. അതോടെ നീര ലോക ശ്രദ്ധ മുഴുവൻ പിടിച്ചു പറ്റിയ ഒരുത്പ്പന്നമായി മാറിയിരിക്കുകയാണ്.

ദൗർഭാഗ്യമെന്നു പറയട്ടെ, ലോകത്തിലാദ്യമായി ശാസ്ത്രീയ തെങ്ങു കൃഷി ഗവേഷണം സമാരംഭിച്ച കേരളത്തിൽ തെങ്ങിൽ നിന്ന് ആധുനിക വിഭവങ്ങളുണ്ടാക്കി ലോക കമ്പോളത്തിൽ വിറ്റഴിച്ച് നാടിനും ജനങ്ങൾക്കും ഐശ്വര്യമുണ്ടാക്കുന്ന വ്യവസായങ്ങൾ ഒന്നുമിപ്പോഴും അൽപം പോലും വേരു പിടിച്ചിട്ടില്ല എന്നത് ദുഃഖസത്യമായി അവശേഷിക്കുകയാണ്. നീര പുളിക്കാതെ സൂക്ഷിക്കാമെന്ന കണ്ടുപിടുത്തം ലോകത്തിലാദ്യമായി യാഥാർത്ഥ്യമാക്കിയത് കേരളത്തിലെ ശാസ്ത്രജ്ഞരാണ്. ഈ നേട്ടം ഉപയുക്തമാക്കി ലോകോത്തര ആരോഗ്യപാനീയം തയാറാക്കാനും അതിനൊപ്പം ആഗോള മൂല്യമുള്ള വ്യവസായം ആരംഭിക്കാനും അങ്ങിനെ നാളികേരത്തെ നാട്ടിലേറ്റവും മികച്ച ആദായം നൽകുന്ന വിളയാക്കി മാറ്റാനുമുള്ള സ്വപ്നങ്ങളും കണക്കുകൂട്ടലുകളും മുളയിലെ

സാപ്പർ എത്തി; ഇനിയാണ് സാക്ഷാൽ നീര വിപ്ലവം

ആബെ ജേക്കബ്,
ഡെപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്. കൊച്ചി

ഇനി ചെത്തുകാരൻ വേണ്ട, കരു വേണ്ട, കത്തി വേണ്ട, കുല കെട്ടണ്ട, മുട്ടണ്ട. ഒരിക്കൽ തെങ്ങിൽ കയറിയാൽ മതി. പിന്നെ അടുത്ത മൂന്നു മാസത്തേയ്ക്ക് തെങ്ങിൻ മുകളിൽ നിന്നു ട്യൂബ് വഴി താഴെ വച്ചിരിക്കുന്ന പാത്രത്തിൽ നീര എത്തും. അതാണ് സാപ്പർ അഥവ ഡിവൈസ് ഫോർ ടാപ്പിംങ് സാപ് ഇൻഫ്ളോറസെൻസ്. മലയാളത്തിൽ പറഞ്ഞാൽ തെങ്ങു ചെത്തുന്ന റൊബോട്ട്.

കളമശേരി കിൻഫ്രയിലെ സ്റ്റാർട്ട് അപ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന നവ ഡിസൈൻ ആൻഡ് ഇന്നൊവേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സംരംഭമാണ് തെങ്ങു ചെത്തി നീര ഉത്പാദിപ്പിക്കുന്ന ഈ റൊബോട്ട് രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിന്റെ പ്രോട്ടോടൈപ്പ് 2019 ഏപ്രിൽ 5, 6 തിയതികളിൽ കളമശേരി കിൻഫ്രയിലെ ഹാർഡ് ടെക് കൊൺക്ലേവിൽ പ്രദർശിപ്പിക്കുകയുണ്ടായി.

നീരയും കള്ളും ചെത്താനുള്ള ഈ ഹൈടെക് യന്ത്രം രൂപകല്പന ചെയ്തത് ചാൾസ് വിജയ് വർഗീസ് എന്ന യുവ എൻജിനിയറാണ്. ഒരു പൂക്കുലയിൽ യന്ത്രം സ്ഥാപിച്ചാൽ പിന്നെ ആ പൂക്കുല ചെത്തി തീരുവോളം ഈ കുലയുടെയും

തെങ്ങു ചെത്തി നീരയും കള്ളും ഉത്പാദിപ്പിക്കുന്നതിനുള്ള യന്ത്രമനുഷ്യന്റെ പ്രോട്ടൊടൈപ്പ് തയാറായി കഴിഞ്ഞു. ഇതിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനവും വിജയകരമായി പൂർത്തിയായി. കളമശേരിയിലെ കിൻഫ്ര പാർക്കിലുള്ള നവ ഡിസൈൻ ആൻഡ് ഇന്നൊവേഷൻ ആണ് ഉപജ്ഞാതാക്കൾ. പ്രവർത്തനം കാണാനും ഓർഡർ നല്കാനുമായി വിദേശ കമ്പനികളിൽ നിന്ന് പ്രതിനിധികൾ കൂട്ടമായി എത്തുന്നു.

ഇന്ത്യൻ നാളികേര ജേണൽ
ഏപ്രിൽ 2019
5

കരിഞ്ഞുപോയതിന്റെ കാഴ്ചക്കാരായി നാം മാറിയിരിക്കുന്നു. നീരയെ അധികരിച്ച് കർഷകർക്ക് വളരെ മാന്യമായ ആദായവും ബഹുജനങ്ങൾക്ക് പ്രതീക്ഷയിലേറെ തൊഴിൽ സാധ്യതയും തുറന്നിടുന്ന വ്യാപാര സംസ്ക്കാരം തന്നെ സൃഷ്ടിക്കാൻ നാളികേര ബോർഡും, കർഷക കൂട്ടായ്മകളും ചില ഏജൻസികളും, സംസ്ഥാന ഗവൺമെന്റുകളും നടത്തിയ യത്നം പരാജയത്തിന്റെ അവസാന അദ്ധ്യായം രചിക്കുന്ന സമയത്താണ്, ശ്രീമാൻ ചാൾസിന്റേയും സഹപ്രവർത്തകരുടേയും സാപ്പർ (ഡിവൈസ് ഫോർ ടാപ്പിംഗ് സാപ് ഇൻ ഫ്ളോറസെൻസ്) എന്ന നീരയുൽപാദന റോബോർട്ട് യാഥാർത്ഥ്യമായിരിക്കുന്നു എന്ന റിപ്പോർട്ട് നാളികേര ബോർഡിന്റെ മുഖപത്രമായ നാളികേര ജേണലിൽ കേര കൃഷിക്കാരെയാകെ ഞെട്ടിപ്പിച്ചുകൊണ്ട് പുറത്തു വന്നിരിക്കുന്നത്.

കഴിഞ്ഞ പത്തോളം വർഷക്കാലത്തെ ചിന്തയുടേയും ആരെയും അതിശയിപ്പിക്കുന്ന രീതിയിലുള്ള സ്ഥിരോത്സാഹത്തിന്റേയും കഠിന യത്നങ്ങളുടേയും ഫലമായിട്ടാണ് ചാൾസും കൂട്ടരും റോബോട്ടിനെ സൃഷ്ടിച്ച് അതിന് ഇന്ത്യൻ പേറ്റന്റും അന്താരാഷ്ട്ര പേറ്റന്റും നേടിയിരിക്കുന്നത്. കേരളത്തിലെ സയൻസ് ആന്റ് ടെക്നോളജി വകുപ്പ് നൽകിയ പിന്തുണയ്ക്ക് അവർ ചൊരിഞ്ഞ നല്ല വാക്കുകൾ ശ്രീ ആബേ

ജേക്കബ് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റെല്ലാ ചെലവുകൾക്കും പുറമേ 20 ലക്ഷം രൂപയുടെ ബാങ്ക് വായ്പയുമായി ശ്രീ ചാൾസും കൂട്ടരും ഇപ്പോൾ നില്ക്കുന്നത് വിക്ടറി സ്റ്റാന്റിലാണ്. ആലുവയിലെ വീടിനടുത്തുള്ള തെങ്ങിൽ നടത്തിയ പരീക്ഷണങ്ങളെക്കുറിച്ചും, തുടർന്ന് പാലക്കാട്ട് തെങ്ങിൻ തോപ്പിൽ അതു പരിശോധിച്ച് തൃപ്തി വരുത്തിയതിനെ കുറിച്ചും മറ്റുമുള്ള റിപ്പോർട്ടുകൾ വായിക്കുമ്പോൾ ഈ കൊതിയൂറുന്ന നേട്ടത്തെ ഉപയോഗപ്പെടുത്താൻ ഫിലിപ്പൈൻസ്, ഇന്തോനേഷ്യ, ഡെൻമാർക്ക്, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് പറന്നെത്തിയ വ്യവസായികളുടെ താൽപര്യം വളരെ സ്വാഗതാർഹമായിത്തന്നെ കാണേണ്ടതുണ്ട്.

ഇത് വലിയ വഴിത്തിരിവിന്റെ അവസരമാണ് നമ്മുടെ മുമ്പിൽ തുറന്നിടുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ചാൽ 100 ഡോളറിന് ഈ റോബോട്ട് വിൽക്കാൻ കഴിയുമെന്നാണ് ഇപ്പോഴത്തെ പ്രത്യാശ. ഇത് കൂടാനാണ് സാധ്യതയെന്നാണ് എന്റെ കാഴ്ചപ്പാട്.

ഇതിനെ അഭിവൃദ്ധിയുടെ രഥമായി ഉരുട്ടാൻ കഴിയണമെങ്കിൽ കേരളവും ഇന്ത്യയും നാളികേരത്തോടുള്ള സമീപനവും നാളികേര രംഗത്ത് ഇന്ന് നിലവിലുള്ള നയങ്ങളും അടിമുടി മാറണം. അല്ലെങ്കിൽ അതി മഹത്തായ ഈ നേട്ടം നാട്ടിൽ മച്ചിപ്പശുവായി നിൽക്കും.

നാളികേര വികസനത്തിനും ഗവേഷണത്തിനുമായി കോടിക്കണക്കിനു രൂപ രാജ്യം ചെലവഴിക്കുന്നു. കൂടാതെ നൂറു കണക്കിന് ശാസ്ത്രജ്ഞരും ആയിരക്കണക്കിന് വികസന ഉദ്യോഗസ്ഥരും, പതിനായിരക്കണക്കിന് കർഷകരും ഇതിനായി പ്രവർത്തിക്കുന്നുമുണ്ട്. എന്നാൽ ചാൾസും കൂട്ടരും രൂപം നൽകിയ സാപ്പർ ഇവരെയെല്ലാം നിഷ്പ്രഭരാക്കി ഇപ്പോൾ സൂപ്പർ ആയി നിൽക്കുകയാണ്.

കേരകൃഷി രംഗത്തെ എല്ലാ ഏജൻസികളും അബ്കാരി വകുപ്പുൾപ്പെടെ തെങ്ങു കൃഷിയുടേയും കൃഷിക്കാരുടേയും നാടിന്റെ സമ്പദ് വ്യവസ്ഥയുടെയും ഉന്നമനത്തെ ലക്ഷ്യമാക്കി നൂതന നയങ്ങളും അതിനനുഗുണമായ പ്രോജക്ടുകൾക്കും രൂപം നൽകാൻ മുന്നോട്ടു വന്നേ മതിയാകൂ. ഒരു പക്ഷേ വികസനത്തിന് ആകെ പുതിയ വ്യാഖ്യാനവും നൂതന മാർഗ്ഗദർശനവും നൽകാനുതകും വിധം ഇത് യാഥാർത്ഥ്യമാക്കാൻ നിലവിലുള്ള ഏജൻസികൾ വിചാരിച്ചാൽ കഴിയും. അതിനുള്ള രാഷ്ട്രീയവും ഭരണപരവുമായ ഇച്ഛാശക്തി ഉണ്ടാകണമെന്നു മാത്രം.

നാളികേര ജേണലും ചാൾസും സഹപ്രവർത്തകരും അവരുടെ ഇതഃപര്യന്തമുള്ള യത്നങ്ങളെ കൂടുതൽ ശക്തവും വിപുലവുമാക്കണം. റോബോട്ടിനെ അവതരിപ്പിച്ച വാർത്ത പോലും കേരത്തിന്റെ നാടായ കേരളത്തിലെ വാർത്താമാധ്യമങ്ങൾക്ക് മണത്തറിയാൻ കഴിഞ്ഞില്ല. തേങ്ങയുടെ അംശമില്ലാത്ത ഒരാഹാരവും ഒരു കേരളീയനും ഒരു ദിവസവും കഴിക്കുന്നില്ല. അതാണ് ഇന്നാട്ടിലെ ജനങ്ങളും കേരവുമായുള്ള ബന്ധം. എന്നിട്ടും തെങ്ങിൽ കയറാതെ മൂന്നു മാസം വരെ ചുവട്ടിലിരുന്ന് ടാപ്പു തുറന്നാൽ നീര ലഭ്യമാക്കുന്ന റോബോട്ടിന്റെ പിറവിയെക്കുറിച്ച് അറിയാതുറങ്ങുന്ന കേരളീയർ, അവർ 100 % വും സാക്ഷരരാണെന്നു വീമ്പിളക്കുന്നതിൽ എന്താണർത്ഥമെന്നു നാളെ ഒരാൾ ചോദിച്ചാൽ അതിനൊരുത്തരം കണ്ടുപിടിക്കാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത് തല താഴ്ത്തുകയാണ്. നാളികേര ജേണലിനും ജേണലിന്റെ പ്രസാധകരായ നാളികേര ബോർഡിനും, കേരള സർക്കാരിനും കൂടുതൽ ശക്തിയോടുകൂടി ഇതിന്റെ പ്രചരണത്തിലും സാർവ്വത്രികമായ ഉപയോഗത്തിലും ചുക്കാൻ പിടിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു. ഫോൺ – 9947460075 ■

ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.

പരസ്യ വലിപ്പം	ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക)	ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക)	ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം)	ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം)	ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം)	ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം)	ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം)
ഫുൾ പേജ് – ബ്ലാക്ക് & വൈറ്റ്	Nil	Nil	5000	5000	Nil	5000	5000
ഫുൾ പേജ് – കളർ	20000	20000	10000	10000	5000	10000	10000
ഹാഫ് പേജ് – ബ്ലാക്ക് & വൈറ്റ്	Nil	Nil	3000	3000	Nil	3000	3000
ക്വാർട്ടർ പേജ് – ബ്ലാക്ക് & വൈറ്റ്	Nil	Nil	1500	1500	Nil	1500	1500
പുറംകവർ ഉൾവശം – കളർ	25000	25000	10000	10000	8000	10000	10000
പുറംകവർ – കളർ	30000	30000	15000	15000	10000	15000	15000

* ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.

* * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 12ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.

കേര നന്മ – കേരവൃക്ഷത്തിനും കേര കർഷകർക്കും

അനിതകുമാരി. പി., ഷെരീഫ. എം., ഇന്ദുജ. എസ്സ്., ജോസഫ് രാജ്കുമാർ.
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം , കായകുളം.

തെങ്ങിന്റെയും പുരയിടക്കൃഷിയുടെയും നന്മകൾ കേരവൃക്ഷങ്ങൾക്കും നാളികേര കർഷകർക്കും, നാടിനും, സമൂഹത്തിനുമായി സംയോജിപ്പിക്കുന്ന സി. പി. സി. ആർ. ഐയുടെ 'കേരനന്മ' എന്ന മാതൃകാ പദ്ധതിയെക്കുറിച്ച്.

തെങ്ങിൻ തോപ്പുകളുടെ സമൃദ്ധിയും ഹരിതനന്മകളും കേരളത്തിന്റെ അഭിമാനവും ജീവിതോപാധിയുമാണ്. തെങ്ങും തേങ്ങയുമായി ബന്ധമില്ലാത്ത ദിനങ്ങൾ കേരളീയർക്ക് അന്യമായിരിക്കാം, ഭക്ഷണങ്ങളുടെ രുചിപ്പെരുമയിലൂടെ, ആചാരാനുഷ്ഠാനങ്ങളുടെ നിറസുഗന്ധങ്ങളിലൂടെ, സൗന്ദര്യ വർദ്ധക കൂട്ടുകളിലൂടെ, കരകൗശല സൗകുമാര്യങ്ങളിലൂടെ എത്രയെത്ര തലങ്ങളിൽ! തലമുറകളുടെ കരുതലാണ് ഓരോ തെങ്ങിൻപുരയിടങ്ങളും. കേരളത്തിലെ കാർഷികാദായം ഇരട്ടിപ്പിക്കാൻ, തെങ്ങുകൾക്ക് ചിട്ടയായ പരിചരണവും, ഇടവിള/മിശ്രവിള കൃഷി സമൃദ്ധിയും വഴിയൊരുക്കും.

തെങ്ങിന്റെയും പുരയിടക്കൃഷിയുടെയും നന്മകൾ കേരവൃക്ഷങ്ങൾക്കും നാളികേര കർഷകർക്കും, നാടിനും, സമൂഹത്തിനുമായി സംയോജിപ്പിക്കുന്ന 'കേരനന്മ' എന്ന മാതൃകാ പദ്ധതി കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെയും (സി. പി. സി. ആർ. ഐ.) ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെയും പങ്കാളിത്തത്താലാണ് നടപ്പിലാക്കുന്നത്. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ പൂർണമായ സാമ്പത്തിക സഹായത്തോടെയാണ് ചുനക്കര , ഭരണിക്കാവ്, വള്ളിക്കുന്നം എന്നീ പഞ്ചായത്തുകളിൽ പങ്കാളിത്തരീതിയിൽ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിയിരിക്കുന്നത്.

പദ്ധതി നിർവ്വഹണം

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്, ജനപ്രതിനിധികൾ, പഞ്ചായത്തിലെ നാളികേര ഉൽപാദക സംഘങ്ങൾ, നാളികേര ഉൽപാദക ഫെഡറേഷനുകൾ, കാർഷിക വികസന – കർഷകക്ഷേമ വകുപ്പ്, കർഷക പ്രതിനിധികൾ, വനിതാ സ്വാശ്രയ സംഘങ്ങൾ, പുരോഗമന കർഷകർ എന്നിവരുടെ നേതൃത്വത്തിലും പങ്കാളിത്ത പ്രവർത്തനങ്ങളിലുമാണ് 'കേരനന്മ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആശയാവിഷ്കാരം, ശാസ്ത്രീയ പിൻബലം, നടത്തിപ്പ് എന്നിവയുടെ നേതൃത്വം ഐ. സി. എ. ആർ. സി. പി. സി. ആർ. ഐ.യാണ് നിർവഹിക്കുന്നത്.

ഉദ്ദേശ്യലക്ഷ്യങ്ങൾ :

- നാടൻ നെടിയ ഇനങ്ങളുടെ മികച്ച 'അമ്മ തെങ്ങുകൾ' കണ്ടെത്തി ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉല്പാദനം പഞ്ചായത്തിൽ നടപ്പാക്കുന്നത് കൂടാതെ 'തൈ തെങ്ങുകളുടെ മാതൃകാ പരിചരണ പ്രദർശന തോട്ടങ്ങൾ' വികസിപ്പിക്കുകയും ചെയ്യുന്നു.
- പദ്ധതി പ്രദേശങ്ങളിലെ മികച്ച കൃഷിരീതികളുടെ ശാസ്ത്രീയമായ വിവരശേഖരണം, കാറ്റുവീഴ്ച രോഗ പരിപാലനത്തിലൂടെ മികവ് തെളിയിച്ച കർഷകരുടെ വിജയഗാഥകളുടെ രേഖപ്പെടുത്തൽ എന്നിവയും പ്രധാനഘടകങ്ങളാണ്.
- മൂല്യവർദ്ധനവിനായി പച്ചത്തൊണ്ടിന്റെ വികേന്ദ്രീകൃത ശേഖരണവും, സംസ്കരണവും, ചെറുകിട മാതൃക സംരംഭങ്ങളിലൂടെ വ്യാപകമാക്കുക.
- ഗ്രാമീണതലത്തിൽ കേരപരിചരണത്തിനായി ബഹുമുഖ പരിചരണ ഗ്രൂപ്പുകൾ സജ്ജമാക്കുക.

കേരനന്മ പദ്ധതിയുടെ പ്രത്യേകതകൾ

● കേരകർഷക സമൂഹത്തിനും നാടിന്റെ വളർച്ചക്കുമായി തെങ്ങധിഷ്ഠിത കാർഷിക വികസന മാതൃക ഭരണിക്കാവ് ബ്ലോക്കിന്റെ സാമ്പത്തിക സഹായത്തോടെ ചുനക്കര, ഭരണിക്കാവ്, വള്ളിക്കുന്നം ഗ്രാമപഞ്ചായത്തുകളിൽ 2018-2019 മുതൽ മൂന്നുവർഷത്തേയ്ക്ക് തുടർപ്രവർത്തനങ്ങളായാണ് ആവിഷ്കരിച്ചിട്ടുള്ളത്.

● പദ്ധതിയുടെ ആശയം, ശാസ്ത്രീയ ഇടപെടലുകളുടെ രൂപരേഖ നിർമ്മാണം എന്നിവയുടെ നേതൃത്വം കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനമാണ് നിർവ്വഹിക്കുന്നത്. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കർഷക സമ്പർക്ക പരിപാടിയായ 'എന്റെ ഗ്രാമം എന്റെ അഭിമാനം' പരിപാടിയുടെ പ്രവർത്തനങ്ങളും ഇതോടൊപ്പം സംയോജിപ്പിക്കുന്നു.

● കേരളത്തിലാദ്യമായി 'തെങ്ങിൻ തൈ സൗഹൃദ ഗ്രാമങ്ങൾ' ഒരുക്കുന്നു - തെങ്ങുകൃഷിയുടെ സുസ്ഥിരത, വരുമാനം, തെങ്ങുകളുടെ ആരോഗ്യം എന്നിവയ്ക്കുള്ള അടിസ്ഥാന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

● നാടൻ തെങ്ങുകളുടെ നിലനിൽപ്പിനും പരിപോഷണത്തിനുമായി അവയുടെ 'അമ്മതെങ്ങുകളെ' കണ്ടെത്തി നിലനിർത്തുകയും പരിപാലിക്കുകയും ചെയ്യുക എന്നതും പ്രധാന ഘടകങ്ങളിലൊന്നാണ്.

● 'സമ്പത്തിന് സുവർണ നാരുകൾ' - കേരശോഭ പരിപാടി - തൊണ്ടു ശേഖരണം, ചകിരിനാരുല്പാദനം, ചകിരിച്ചോറിന്റെ മൂല്യവർദ്ധനവ് എന്നിവയിലൂടെ തൊഴിലും അധികവരുമാനവും ഉറപ്പാക്കുന്നു.

തെങ്ങിൻ തൈ സൗഹൃദ ഗ്രാമങ്ങൾ

കേരളത്തിന്റെ തനതായ നാടൻ നെടിയ ഇനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പദ്ധതിയാണ് 'കേര നന്മ'. നാട്ടിൻ പുറങ്ങളിലുള്ള ഏറ്റവും മികച്ച വിളവും രോഗവിമുക്തവുമായ തെങ്ങുകളിൽ നിന്നും കർഷകപങ്കാളിത്തത്തോടെ ഗുണമേന്മയുള്ള തൈകൾ ഉത്പാദിപ്പിച്ചു വളരെ വിജയകരമായി ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ 'അമ്മ തെങ്ങ്' പദ്ധതി കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ 'എന്റെ ഗ്രാമം എന്റെഅഭിമാനം' പ്രവർത്തനങ്ങളുടെ വിജയമാതൃകയായിരുന്നു.

അമ്മ തെങ്ങുകൾ പുരയിടങ്ങളിൽ കണ്ടെത്തി അടയാളപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയ / പ്രായോഗിക പരിശീലനങ്ങൾ സി. പി. സി. ആർ. ഐ. യിൽ നിന്നും അതാത്

പഞ്ചായത്തുകളിലെ കേരാധിഷ്ഠിത പ്രവർത്തകർക്കും കേരകർഷകർക്കും നൽകുകയാണ് ആദ്യ പടി. അതിനു ശേഷം ഇവർ തെരെഞ്ഞെടുത്ത 'അമ്മതെങ്ങുകളെ' ശാസ്ത്രജ്ഞരുടെ സംഘം ശാസ്ത്രീയ മാനദണ്ഡങ്ങളനുസരിച്ച് രണ്ടാം ഘട്ട വിലയിരുത്തൽ നടത്തുന്നു. തെരെഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നും വിത്തുതേങ്ങകൾ കർഷക ഗ്രൂപ്പുകൾക്ക് ശേഖരിച്ച് നഴ്സറി തയ്യാറാക്കാവുന്നു.

വിത്തുതേങ്ങകൾ "ക്യു.ആർ" കോഡ് ഉപയോഗിച്ച് രേഖപ്പെടുത്തി അവയുടെ ഗുണമേന്മയും തെരെഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നു തന്നെയുള്ളവയാണെന്നും ഉറപ്പാക്കുന്നു.

തെങ്ങിൻ തൈ സൗഹൃദ ഗ്രാമങ്ങളുടെ രൂപരേഖകൾ

● മികച്ച അമ്മ തെങ്ങുകളുടെ പരിപാലനം, സംരക്ഷണം ഉറപ്പാക്കുക.

● അമ്മ തെങ്ങുകളുടെ ശാസ്ത്രീയ തെരെഞ്ഞെടുപ്പും ഗുണമേന്മയും ഉറപ്പാക്കാനും വിലയിരുത്തുന്നതിനുമായി ശാസ്ത്രജ്ഞർ, കൃഷിഓഫീസർമാർ, പൊതുപ്രവർത്തകർ, കേരകർഷകർ എന്നിവരുടെ കൂട്ടായ്മ രൂപീകരിക്കുക.

● തെങ്ങിൻ തൈകളുടെ വില ബ്ലോക്ക് തല സമിതി നിശ്ചയിക്കുക.

● ഓരോ പഞ്ചായത്തിലും തെങ്ങിൻ തൈകളുടെ 25 ശാസ്ത്രീ പരിപാലന മാതൃകാ (പ്രദർശന) തോട്ടങ്ങൾ സ്ഥാപിക്കുക. 7.5 മീറ്റർ അകലം പാലിച്ച് നട്ട് തൈകൾക്ക് ചിട്ടയായ പരിചരണ മുറകൾ കാർഷിക കലണ്ടർ അനുസരിച്ച് നൽകുകയും, സമയാസമയങ്ങളിൽ പങ്കാളിത്ത മേൽനോട്ടവും ശാസ്ത്രീയ വിലയിരുത്തലും നടത്തുക.

● മികച്ച തൈകൾക്ക് മികച്ച പരിപാലനത്തിലൂടെ ആരോഗ്യകരമായ വളർച്ചയും പരമാവധി വിളവും ശാസ്ത്രജ്ഞരുടെയും കൃഷിയുദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ഉറപ്പുവരുത്തുക.

● കർഷക കൃഷിയിട സ്കൂളുകളിലൂടെ മികച്ച തെങ്ങിൻ തൈകളുടെ ഉൽപാദനം, പരിചരണം എന്നിവ മൂന്ന് പഞ്ചായത്തുകളിലും കൃത്യമായ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

● പഞ്ചായത്തു തലത്തിൽ വ്യാപക ബോധവൽക്കരണ യത്നങ്ങൾ നടപ്പാക്കുക.

● മണ്ണ്, ജല സംരക്ഷണ മാർഗങ്ങൾക്ക് പ്രാധാന്യം നൽകുക.

● പദ്ധതി നടപ്പാക്കുന്ന ഓരോ പഞ്ചായത്തുകളിൽ 6000 മികച്ച തെങ്ങിൻ തൈകൾ വീതം ഉൽപാദിപ്പിക്കുക.

സി. പി. സി. ആർ. ഐ. -യുടെ ഉത്പന്നമായ 'കേര പ്രോബയോ' ഉപയോഗിച്ച് ജൈവസമ്പുഷ്ടീകരണം നടത്തിയ

എന്താണ് കേര പ്രോബയോ

തെങ്ങിൻ തടങ്ങളിൽ നിന്നും വേർതിരിച്ചെടുത്ത് സസ്യ വളർച്ചാ പോഷിണിയായ സൂക്ഷ്മാണു (ബാസില്ലസ് മേഗതിരിയം) അടങ്ങിയ ടാല്ക് അധിഷ്ഠിത മിശ്രിതം ആണ് കേര പ്രോബയോ. കാസർഗോഡുള്ള കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനത്തിലെ മൈക്രോ ബയോളജി ശാസ്ത്രജ്ഞ്ജർ(ഡോ. അല്കജ ഗുപ്ത, ഡോ. മുരളി ഗോപാൽ) വികസിപ്പിച്ചെടുത്തതാണ് കേര പ്രോബയോ. സസ്യ വളർച്ചയെ ത്വരിതപ്പെടുത്തുന്ന ഹോർമോണുകൾ (ഓക്സിനുകൾ, ഗിബ്ബേറെല്ലിനുകൾ) എന്നിവ കേര പ്രോബയോ ഉല്പാദിപ്പിക്കുന്നു. തെങ്ങിൻ തൈകളുടെ കരുത്തുറ്റ വളർച്ചക്കും ഭാവിയിലെ വിളവിനും ഇത് ഉപയോഗിക്കാം.

തെങ്ങിൻ തൈകൾക്ക് : 500 ഗ്രാം കേര പ്രോബയോ 5 ലിറ്റർ വെള്ളത്തിൽ കലക്കുക. 8-10 മണിക്കൂർ വരെ തെങ്ങിൻ തൈകൾ അതിൽ മുക്കിവയ്ക്കുക. മണ്ണിരക്കമ്പോസ്റ്റ് അല്ലെങ്കിൽ കാലിവളം ആവശ്യത്തിനു ചേർത്ത് നടുക. അല്ലെങ്കിൽ നടുമ്പോൾ 100 ഗ്രാം കേര പ്രോബയോ 3-5 കിലോ ഗ്രാം മണ്ണിരക്കമ്പോസ്റ്റിലോ കാലിവളത്തിലോ ചേർത്ത് ഉപയോഗിക്കുക.

ബൂസ്റ്റർ ഡോസ്: നട്ട് 3 മാസത്തിന് ശേഷം 500 ഗ്രാം കേര പ്രോബയോ 5 ലിറ്റർ വെള്ളത്തിൽ കലക്കി അര ലിറ്റർ വീതം ഓരോ തൈകൾക്കും നൽകുക.

ശ്രദ്ധിക്കുക:

- കേര പ്രോബയോ പായ്ക്കറ്റുകൾ തണുത്തതും ഉണങ്ങിയതുമായ സ്ഥലത്ത് സൂര്യപ്രകാശമേൽക്കാതെ സൂക്ഷിക്കുക.
- കേര പ്രോബയോയ്ക്കൊപ്പം മണ്ണിരക്കമ്പോസ്റ്റ്/ കാലിവളം ഉപയോഗിക്കണം.
- കേര പ്രോബയോ മണ്ണിൽ ചേർക്കുന്നതിന് മുൻപും ശേഷവും തടങ്ങൾ നനയ്ക്കണം.
- രാസവളങ്ങളോ രാസകീടനാശിനികൾ/ കുമിൾനാശിനികൾ എന്നിവയോ കേര പ്രോബയോയ്ക്കൊപ്പം ഉപയോഗിക്കരുത്. കേര പ്രോബയോ നല്കി ഒരാഴ്ചയ്ക്ക് ശേഷമേ രാസവളങ്ങൾ ചേർക്കാവൂ.
- കാലാവധി സമയത്തിന് മുൻപ് കേര പ്രോബയോ ഉപയോഗിക്കേണ്ടതാണ്.

കൂട തൈകളായിരിക്കും വിതരണം ചെയ്യുക (100 ഗ്രാം കേരപ്രോബയോ 3 - 5 കിലോഗ്രാം മണ്ണിര കമ്പോസ്റ്റിലോ, കാലിവളത്തിലോ ചേർത്ത്നടുമ്പോൾ ഉപയോഗിക്കുന്നു. പിന്നെ നട്ട് മൂന്നു മാസത്തിനുശേഷം 500 ഗ്രാം കേരപ്രോബയോ അര ലിറ്റർ വെള്ളത്തിൽ കലക്കി ചുവട്ടിലൊഴിച്ചു കൊടുക്കുന്നു). ഇത് തൈകളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് ഉത്തമമാണ്

മികവിന്റെ തെങ്ങിൻ തോപ്പുകൾ

തെങ്ങുകൃഷിയിൽ കർഷകരുടെ പരീക്ഷണാത്മക പഠനവും വിഭവാധിഷ്ഠിത ഇടപെടലുകളും പ്രാദേശിക പ്രായോഗിക വിജ്ഞാനങ്ങളോടൊപ്പം സംയോജിപ്പിക്കുകയാണ് ഉത്തമം. പുരയിട കൃഷിയുടെ 30 സംയോജിത കൃഷി മാതൃകകൾ ശാസ്ത്രീയമായ കൃഷിയുടെ ആസൂത്രണത്തിലൂടെ പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ വികസിപ്പിച്ചെടുക്കുന്നതാണ്. തെങ്ങുകൾക്ക് സമഗ്രകാറ്റുവീഴ്ച പരിപാലന മുറകൾ, ജല/മണ്ണ് സംരക്ഷണ രീതികൾ, ഇടവിള/മിശ്രവിള/ സംയോജിത കൃഷികൾ, ജൈവപുനചംക്രമണം എന്നിവയിലൂന്നിയ പുരയിട വികസനമാണ് പങ്കാളിത്ത പ്രവർത്തനത്തിലൂടെ നടപ്പിലാക്കുന്നത്. അതാത് പഞ്ചായത്തുകളിൽ മികച്ച പുരയിട കൃഷിയുള്ള കർഷകരെയും ഈ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ പ്രധാന പങ്കാളികളാക്കുന്നതാണ്.

സുവർണ്ണനാരുകളിലൂടെ കേരശോഭ

നാളികേരാധിഷ്ഠിത ചെറുകിട സംരംഭങ്ങളിൽ ഏറ്റവും പ്രചാരത്തിലുണ്ടായിരുന്നത് കയറും കയർ ഉൽപന്ന നിർമ്മാണങ്ങളുമായിരുന്നു. ഗ്രാമീണ സ്ത്രീകളുടെ പങ്കും പങ്കാളിത്തവും ഏറെ ഉണ്ടായിരുന്ന മേഖല കൂടിയായിരുന്നു ഇത്. ഗ്രാമപ്രദേശങ്ങളിൽ ചകിരി/തൊണ്ട് സംസ്കരണ സംരംഭങ്ങൾ കൂടുതൽ വ്യാപകമാക്കാൻ സഹായിക്കുന്ന യന്ത്രസാമഗ്രികൾ ഇന്ന് ലഭ്യമാണ്. ഇത്തരം യൂണിറ്റുകളിൽ നിന്ന് ചകിരി നാരുകൾ പ്രധാന ഉൽപ്പന്നമായും ചകിരിച്ചോറ് ഉപോൽപന്നമായും ഉപയോഗപ്പെടുത്താൻ സാധിക്കുന്നു. കർഷക ഗ്രൂപ്പുകളെ ഇതിനായി സജ്ജമാക്കുന്നത് അതാത് പഞ്ചായത്തുകളിലെ വനിതാ കർഷക കൂട്ടായ്മകളാണ്. പച്ചത്തൊണ്ട് സംഭരണം, ചകിരി ഉത്പ്പന്ന നിർമാണം എന്നിവയിലൂടെ ആദായം നേടാനും കേരനന്മ പദ്ധതി വഴി തെളിക്കും.

പങ്കാളിത്തത്തിന്റെ മേന്മ

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റും നല്ലൊരു കർഷകയുമായ ശ്രീമതി. രജനി ജയദേവിന്റെ നേതൃത്വത്തിൽ ബ്ലോക്ക്പഞ്ചായത്തിലെ എല്ലാ അംഗങ്ങളുടെയും പരിപൂർണ സഹകരണവും താല്പര്യവും നേതൃത്വവും കേരനന്മ പദ്ധതിയുടെ രൂപകൽപന മുതൽ നടത്തിപ്പിന്റെ ഓരോ തലങ്ങളിലും സജീവമായിട്ടുണ്ട്.ശ്രീമതി. പ്രിയ കെ.നായർ (കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ചാരുംമൂട്), വള്ളിക്കുന്നം, ചുനക്കര,ഭരണിക്കാവ് കൃഷിഭവനുകളിലെ കൃഷി ഓഫീസർമാരായ ശ്രീമതി. ഷാനിദ ബീവി., രജനി പി., പ്രീതകുമാരി.ബി എന്നിവരുടെ നിസ്സീമമായ സഹകരണവും സഹായവും ഈ പദ്ധതി നടത്തിപ്പിന് മാറ്റേകുന്നുണ്ട്. ഭരണിക്കാവ് ബ്ലോക്ക്പഞ്ചായത്തിലെ നാളികേര കൃഷി കൂടുതലുള്ള ചുനക്കര, ഭരണിക്കാവ്, വള്ളിക്കുന്നം എന്നീ പഞ്ചായത്തുകളിലെ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ ആവശ്യങ്ങളും അഭിപ്രായങ്ങളും കേരനന്മ പദ്ധതിയുടെ തുടക്കത്തിന് നിദാനമായിട്ടുണ്ട് എന്നു കൂടി രേഖപ്പെടുത്തട്ടെ. ■ ഫോൺ : 04792442160

കേരളത്തിന്റെ കേരാരാമം

ആബെ ജേക്കബ്
ഡെപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി

ഗുണമേന്മയും വംശശുദ്ധിയുമുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുക, പുതിയ നാളികേര കൃഷിരീതികൾ പരിചയപ്പെടുത്തുക, കൃഷിശാസ്ത്ര വിദ്യാർത്ഥികൾക്കു പരിശീലനം നല്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നാളികേര വികസന ബോർഡ് എല്ലാ സംസ്ഥാനങ്ങളിലും വിത്തുത്പാദന പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ച് പരിപാലിച്ചു വരുന്നു. കേരളത്തിൽ ഇത്തരത്തിലുള്ള തോട്ടം സ്ഥിതി ചെയ്യുന്നത് ഇടുക്കി – എറണാകുളം ജില്ലകളുടെ അതിർത്തിയായ നേര്യമംഗലത്താണ്.

കൊച്ചി -ധനുഷ്കോടി ദേശീയ പാതയിൽ, എറണാകുളം - ഇടുക്കി ജില്ലകൾ അതിരിടുന്ന നേര്യമംഗലത്തു നിന്നാണ് ഇടുക്കിയിലേയ്ക്കുള്ള സംസ്ഥാന പാത തിരിയുന്നത്. അതാണ് നേര്യമംഗലത്തിന്റെ ഒരു പ്രാധാന്യം. മറ്റൊന്ന് ഇവിടെ, ഈ കാനന മേഖലയിലാണ് നാളികേര വികസന ബോർഡിന്റെ കേരളത്തിലെ ഏക നാളികേര വിത്തുത്പാദന പ്രദർശന തോട്ടം സ്ഥിതിചെയ്യുന്നത്. ഒറ്റ നോട്ടത്തിൽ കാടിനോടു ചേർന്നു കിടക്കുന്ന ബഹുവിള തോട്ടം – അതാണ് നേര്യമംഗലം ഫാം. പക്ഷെ കുറച്ചുകൂടി അടുത്തു നിന്നു നിരീക്ഷിച്ചാൽ ഇത് ഒരു ജൈവ വൈവിധ്യ മേഖലയാണ് എന്നു മനസിലാകും. കേരളത്തിലെ എല്ലാ ഭൂപ്രകൃതിയും ഇവിടെ കാണാം. പുഴ, കുന്ന്, താഴ്വര, സമതലം, കാട് എല്ലാം കൂടിയ 50 ഏക്കർ.

നാളികേരത്തിന് ഒട്ടുമേ അനുകൂലമല്ലാത്ത കാലാവസ്ഥയും, മണ്ണും, സാഹചര്യവുമാണ് സത്യത്തിൽ നേര്യമംഗലത്ത് ഉള്ളത്. ഹൈറേഞ്ചിന്റെ തുടക്കം എന്നു പറയാവുന്ന പ്രദേശം. എന്നിട്ടും ഈ വെല്ലുവിളികളെ അതിജീവിച്ച് പരിപാലിക്കപ്പെടുന്ന നാളികേര വിത്തുത്പാദന പ്രദർശന തോട്ടം എന്ന വിശേഷണം വേണമെങ്കിൽ ഈ ഫാമിനു ചാർത്തിക്കൊടുക്കാം. നാളികേര കർഷകർക്ക് ന്യായവിലയ്ക്ക് നടീൽ വസ്തുക്കൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഫാമിനു വേണ്ടി 1991 ൽ 20 വർഷത്തെ പാട്ടവ്യവസ്ഥയിൽ സംസ്ഥാന ഗവൺമെന്റിൽ നിന്ന് ഏറ്റെടുത്ത സ്ഥലമാണ് ഇത്. പക്ഷെ, ഇതിൽ 35 ഏക്കറിൽ മാത്രമെ നാളികേരം നട്ടു പരിപാലിക്കാൻ സാധിച്ചിട്ടുള്ളു. ബാക്കി 15 ഏക്കർ അസൽ വനഭൂമി, എന്നു വച്ചാൽ കാട് തന്നെ. വനവുമായി അതിരിടുന്ന ചിലയിടങ്ങളിലെല്ലാം വൈദ്യുത വേലി നിർമ്മിച്ചിട്ടുണ്ട്. വന്യ മൃഗങ്ങളെ തുരത്താൻ. ഫാമിനോട് ചേർന്നാണ് ഒരു അരികിലൂടെ പെരിയാർ ഒഴുകുന്നത്. പുഴയോടു ചേർന്നുള്ള ആ ബ്ലോക്കിൽ നിർമ്മിച്ചിരിക്കുന്ന ജല സ്രോതസിൽ നിന്നാണ് ഫാമിലേയ്ക്ക് ആവശ്യമായ ജലം എത്തിക്കുക.

പരിസ്ഥിതി, കാലാവസ്ഥ, മണ്ണിന്റെ ഘടന തുടങ്ങിയ സാഹചര്യങ്ങൾ എല്ലാം പ്രതികൂലമായിരുന്നിട്ടും, ഈ 35 ഏക്കറിൽ പതിനൊന്ന് ഇനം തെങ്ങുകൾ നട്ടു വളർത്തി, മികച്ച ഉത്പാദനം ഉണ്ടാക്കി എന്നതാണ് ഇവിടെ നാളികേര വികസന ബോർഡിലെ വിദഗ്ധർ ചെയ്ത മഹത്തായ പ്രവർത്തനം. ഇതു കൂടാതെ ഇടവിള കൃഷികൾ, ജലസേചന രീതികൾ എന്നിവയിലും നാളികേരത്തിലെ കൃത്രിമ പരാഗണം, വർഗസങ്കരണം

എന്നിവയിലും കൃഷിക്കാർക്ക് ഇവിടെ പരിശീലനം നല്കി വരുന്നു.

ഫാമിലെ 35 ഏക്കർ സ്ഥലം പതിനഞ്ച് ബ്ലോക്കുകളായി തിരിച്ചിരിക്കുന്നു. ഈ പതിനഞ്ച് ബ്ലോക്കുകളിലും കൂടി 1727 തെങ്ങുകളാണ് നിലവിൽ ഉള്ളത്. ഇതിൽ 528 വൃക്ഷങ്ങൾ മദർ പാമുകളാണ്. ഓരോ ബ്ലോക്കിലും ഓരോ ഇനം അമ്മത്തെങ്ങു (മദർ പാം)കളാണ് പരിപാലിക്കപ്പെടുന്നത്. ഈ ബ്ലോക്കുകളിലെല്ലാം തെങ്ങിന് വിവിധ ഇടവിളകൾ ഉൾപ്പെടുത്തിയുള്ള പരീക്ഷണങ്ങളും നടക്കുന്നു. തെങ്ങിനൊപ്പം ജാതി, കുരുമുളക്, വാഴ, കൊക്കോ, കമുക്, കശുമാവ്, കാപ്പി, മാങ്കോസ്റ്റിൻ, റമ്പുട്ടാൻ തുടങ്ങിയ ഇടവിളകളും ഫാമിൽ പരീക്ഷണാടിസ്ഥാനത്തിൽ പരിപാലിക്കുന്നുണ്ട്.

പുതിയ കൃഷിരീതികളും ഇവിടെ പരീക്ഷിക്കുന്നു. ഉദാഹരണത്തിന് എട്ടാമത്തെ ബ്ലോക്കിൽ പശ്ചിമ തീര നെടിയ ഇനം അഥവ വെസ്റ്റ് കോസ്റ്റ് ടോൾ എന്ന സ്വദേശി ഇനമാണ്. മൊത്തം എഴുപത്തി എട്ട് എണ്ണമുണ്ട്. ഈ പ്ലോട്ടിന്റെ പ്രത്യേകത ഒരു ചുവട്ടിൽ രണ്ടു തെങ്ങുകൾ വീതമാണ് വളരുന്നത് എന്നതത്രെ. ഇവിടെയാണ് കശുമാവ് ഇടവിളയായി പരിപാലിക്കപ്പെടുന്നത്. കശുമാവിൽ കുരുമുളകും വളരുന്നു.

ഏഴാമത്തെ ബ്ലോക്കിന്റെ പ്രത്യേകത അതിൽ 12 വ്യത്യസ്ത ഇനം തെങ്ങുകളുണ്ട് എന്നതാണ്. ഇവയെല്ലാം നെടിയ ഇനങ്ങളാണ്. ഫാമിലെ ഓരോ ബ്ലോക്കിലും ഓരോ ഇനങ്ങളാണ് പരിപാലിക്കുന്നത്; എന്നാൽ ഏഴിൽ എക്സോട്ടിക് (വിദേശ) ഇനങ്ങളുടെ ശേഖരമാണ് സംരക്ഷിക്കപ്പെടുന്നത്. കൊക്കോ. ഗുവാം (17), സോളമൻ ഐലന്റ്സ്(12), ബോർണിയ(18), ജമൈക്ക(13), ബംഗാൾ(12), സ്പൈക്കേറ്റ (12), കെനിയ(12), ഫിലിപ്പീൻസ് ഓർഡിനറി(10), ജാവ (8), കൊച്ചിൻ ചൈന(6), ന്യൂഗിനിയ(12), ഫിജി (12), എന്നിവ എല്ലാം കൂടി 141 ഇനം രാജ്യാന്തര ഇനങ്ങൾ. 141 തെങ്ങുകൾ, കൂടാതെ ലക്കദ്വീപ് മൈക്രോ എന്ന ഒരിനമുണ്ട്. അതിനു വലിപ്പം കുറവാണ്. സാധാരണ പൊതിച്ച ഒരു തേങ്ങയുടെ വലിപ്പമെ ഈ ഇനത്തിന്റെ പൊതിക്കാത്ത നാളികേരത്തിന് ഉള്ളു. സ്പൈക്കേറ്റ എന്ന ഇനത്തിൽ പെൺ പൂക്കൾ മാത്രമെ ഉണ്ടാവുകുള്ളു. ഇവിടെയും ഇടവിളയുണ്ട്.

ബ്ലോക്ക് മൂന്നിൽ 261 തെങ്ങുകൾ ഉണ്ട്. എല്ലാം ചാവക്കാട് ഗ്രീൻ ഡ്വാർഫ്. ബ്ലോക്ക് 5 ൽ മുഴുവൻ മലയൻ യെല്ലോ ഡ്വാർഫാണ് തെങ്ങുകൾ. ഇവിടെ കുരുമുളക്, കാപ്പി, റമ്പുട്ടാൻ എന്നിവ ഇടവിളകളായി കൃഷി ചെയ്യുന്നു. ബ്ലോക്ക് രണ്ടിലെ മലയൻ കുറിയ പച്ച 1993 -ൽ വച്ചു പിടിപ്പിച്ചതാണ്. ജാതിയാണ് ഇടവിള. ബ്ലോക്ക് 15 ൽ ഗംഗ്ബോണ്ട്മാണ്. മൊത്തം 120 തൈകൾ ഉണ്ട്.

വിത്തു തേങ്ങയ്ക്കു വേണ്ടിയാണ് ഫാമിൽ അമ്മത്തെങ്ങുകൾ വളർത്തുന്നതെങ്കിലും മൊത്തം ആവശ്യത്തിന്റെ 30 ശതമാനം മാത്രമെ ഇവിടെ നിന്നു ലഭിക്കുന്നുള്ളു. ബാക്കി ബോർഡിന്റെ അംഗീകാരമുള്ള സ്വകാര്യ ഫാമുകളിൽ നിന്ന് കൊണ്ടുവരികയാണ് പതിവ്. കഴിഞ്ഞ വർഷം 120000 വിത്തു തേങ്ങകളാണ് നേര്യമംഗലം ഫാമിൽ പാകിയത്. ഫാമിന്റെ

ശേഷി രണ്ടു ലക്ഷം തൈകളാണ് ആണ്. ഗുണമേന്മയും ലക്ഷണമൊത്തതുമായ നാളികേരം മാത്രമെ നഴ്സറിയുടെ ഉപയോഗത്തിനായി എടുക്കുന്നുള്ളു. ശേഷിക്കുന്നവ ലേലത്തിൽ വില്ക്കുകയാണ് ചെയ്യുക.

നഴ്സറിയിലും അധിക വരുമാനത്തിനുള്ള പുതിയ മാതൃക ഇവിടെ ഉണ്ട്. നാളികേരം പാകുന്ന തവാരണകളുടെ ഇടയിലുള്ള സ്ഥലങ്ങളിൽ പച്ചക്കറി കൃഷി പരീക്ഷിക്കുന്നു. പയർ, വെണ്ട, ചേന, വാഴ തുടങ്ങിയവയിൽ നിന്നുള്ളതാണ് ഈ അധിക വരുമാനം. തൈകൾ വിറ്റും മറ്റു ഉത്പ്പന്നങ്ങൾ വിറ്റും കഴിഞ്ഞ വർഷത്തെ ഫാമിന്റെ വരുമാനം 45 ലക്ഷമാണ്. തെങ്ങിന്റെ നെടിയ ഇനങ്ങൾ, കുറിയ ഇനങ്ങൾ, സങ്കര ഇനങ്ങൾ എന്നീ മൂന്നു വിഭാഗം നടീൽ വസ്തുക്കളാണ് ഫാമിൽ തയാറാക്കുന്നത്. നെടിയ ഇനത്തിന് 40, കുറിയ ഇനത്തിന് 50 സങ്കര ഇനത്തിന് 200 രൂപ വീതമാണ് വില നിലവാരം.

ഫാമിൽ കൃഷിക്കാർക്കും വിദ്യാർത്ഥികൾക്കും വ്യത്യസ്തമായ പരിശീലന പരിപാടികൾ നടത്താറുണ്ട്. പ്ലസ് ടു, ഡിഗ്രി തലങ്ങളിലുള്ള വിദ്യാർത്ഥികൾ പ്രായോഗിക പരിശീലനത്തിനായി ഫാമിൽ വരുന്നു. നാളികേര ഉത്പാദക സംഘങ്ങളിൽ നിന്നു തെരഞ്ഞെടുത്ത കൃഷിക്കാർക്ക് കൃത്രിമ പരാഗണം, വർഗ സങ്കലനം എന്നിവയിൽ പ്രത്യേക പരിശീലനം നല്കുന്നു. ബോർഡിലെ വിദഗ്ധരുടെ ലഭ്യത അനുസരിച്ചാണ് ഈ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക. ഫാമിലെ ഏതെങ്കിലും തെങ്ങിനു രോഗമോ കീടബാധയോ കണ്ടാൽ അതിനെ നശിക്കാൻ അനുവദിക്കില്ല. വിവിധ രീതികൾ അവലംബിച്ച് അതിനെ പരിചരിച്ച് അതിന് ആവശ്യമുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ച് ആ തെങ്ങിനെ രക്ഷപ്പെടുത്തിയെടുക്കും. വളർച്ച അല്പം പിന്നോട്ടടിക്കുമെങ്കിലും, തെങ്ങു രക്ഷപ്പെട്ടാൽ അതിന് അനുവർത്തിച്ച പരിചരണ മുറകൾ രേഖയാകും. പിന്നീട് ഭാവിയിൽ സമാന സംഭവങ്ങളിൽ ഈ അനുഭവം പാഠമാക്കി തുടർ നടപടികൾ സ്വീകരിക്കും. അത്തരത്തിലുള്ള പരീക്ഷണങ്ങളും ഫാമിൽ നടക്കുന്നു.

കേരളത്തിൽ തെങ്ങിന് യോജിച്ച കാലാവസ്ഥയുള്ള മേഖലകളിൽ പോലും കൃഷിക്കാർ നിതാന്ത ജാഗ്രത പുലർത്തിയാണ് തെങ്ങു പരിപാലിക്കുന്നത്. നേര്യമംഗലം ഫാമിൽ പക്ഷെ തെങ്ങിനെ എല്ലാ ശത്രുക്കളും കൂട്ടത്തോടെ ആക്രമിക്കുന്നു. ഈ വെല്ലുവിളികളെ എല്ലാം നേരിട്ടാണ് ഫാം മുന്നേറുന്നത്. ഒരു അസിസ്റ്റന്റ് ഡയറക്ടർ, രണ്ടു സീനിയർ ഫീൽഡ് ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിലുള്ള ഓഫീസാണ് ഫാമിൽ പ്രവർത്തിക്കുന്നത്.

ഫോൺ - 04852554240

മുഖമൊഴി

വേനലവധിക്കാലം കടന്നു പോവുകയാണ്. സൗഹൃദങ്ങളുടെയും, കൗതുകങ്ങളുടെയും തോളിൽ കൈയിട്ടാണ് പുതിയ അധ്യയന വർഷം തുടങ്ങുന്നത്. സ്കൂൾ മുറ്റങ്ങളിലും ഇടനാഴികളിലും വരാന്തകളിലും നിറങ്ങളുടെയും സ്വരങ്ങളുടെയും ഭാവപ്പകർച്ചകൾ. പ്രകൃതിയുടെയും ഭാവം മാറുകയാണ്. കേരളത്തിൽ വീണ്ടും മഴക്കാലം. ഇക്കുറി വേനൽ അല്പം കഠിനമായിരുന്നു. ഇനി വരുന്നത് കുളിർകാലം. കാർഷിക മേഖലയിൽ കനിവും ചൈതന്യവുമായി കാലവർഷം പെയ്തിറങ്ങും. അപ്പോൾ പ്രകൃതിയുടെ ലീലാവിലാസങ്ങൾ കൺനിറയെ ആസ്വദിക്കാൻ ശ്രമിക്കുക.

ബഹുവിള കൃഷി

നാളികേര തോട്ടങ്ങളിൽ നിന്ന് പരമാവധി ആദായം ലഭ്യമാക്കാനുള്ള മാർഗ്ഗമാണ് ബഹുവിള സമ്പ്രദായം. തെങ്ങിനൊപ്പം കുരുമുളക്, ജാതി, നേന്ത്രൻ, പൈനാപ്പിൾ, ചീര എന്നിങ്ങനെ വിവിധ ഉയരങ്ങളിൽ വളരുന്ന വിളകളെ ഒന്നിച്ച് പരിപാലിക്കുന്ന കൃഷി സമ്പ്രദായമാണിത്.

പത്തുപന്ത്രണ്ടു വർഷം പ്രായമുള്ള തെങ്ങുകൾക്കിടയിലാണ് ഈ കൃഷി രീതി അനുവർത്തിക്കുന്നത്. തെങ്ങിലേയ്ക്ക് നല്ലയിനം കുരുമുളക് പടർത്തി കയറ്റാം. രണ്ടാം വർഷം മുതൽ ആദായം ലഭിക്കും. നാലു തെങ്ങുകൾക്കു മധ്യത്തിൽ ഒന്നു വീതം ജാതി നടാം. മൂന്നാം വർഷം മുതൽ വിളവെടുക്കാം. ഇതു രണ്ടും സ്ഥായിയായ വിളകളാണ്. തെങ്ങിനും ജാതിക്കും ഇടയിലൂടെ നേന്ത്രവാഴ കൃഷി ചെയ്യാം. എല്ലാ വർഷവും കുല വെട്ടാം. ബാക്കി സ്ഥലത്ത് പൈനാപ്പിൾ നട്ടാൽ വർഷത്തിൽ മൂന്നു തവണയെങ്കിലും ഫലം ലഭിക്കും. തെങ്ങിൻ തടങ്ങളിൽ വെണമെങ്കിൽ ചീര കൃഷിചെയ്തു വീട്ടിലേയ്ക്കാവശ്യമായ പച്ചക്കറിയും ഉത്പാദിപ്പിക്കാം. തെങ്ങിനിടയിലെ സ്ഥലവും ലഭിക്കുന്ന സൂര്യപ്രകാശവും പരമാവധി ഉപയോഗിച്ചുള്ള ഈ കൃഷി രീതി അനുവർത്തിക്കാൻ തെങ്ങുകൾ എട്ട് അടി അകലത്തിൽ വേണം നട്ടു പിടിപ്പിക്കുവാൻ.

എഡിറ്റർ

കഥ

നാളികേരത്തിന്റെ നാട്ടിലേക്ക്

ട്രീസ തോമസ്ന
ബേക്കർ മെമ്മോറിയൽ ഗേൾസ് എച്ച്. എസ്.എസ്. കോട്ടയം

ണിംർ.... ണിംർ.... ണിംർ....

അലാറം നിർത്താതെ മുഴങ്ങിക്കൊണ്ടിരുന്നു. നിവേദ്യ, ചാടിയെഴുന്നേറ്റ് കട്ടിലിൽ നിന്ന് ഊർന്നിറങ്ങി. ടൈപീസിന്റെ തലയ്ക്ക് ഒറ്റ അടി. ഇതൊന്ന് നിറുത്തുമോ... അലാറത്തിനെ വഴക്കു പറഞ്ഞ് ഓടി ബാത്ത് റൂമിൽ പോയി കുളിച്ച്, വൃത്തിയായി പട്ടുപാവാടയും ബ്ലൗസും ധരിച്ചു മുടി ചീകാൻ കണ്ണാടിക്കു മുന്നിൽ സ്വയം മറന്ന് നിന്നു.... ജീവിതത്തിൽ ആദ്യമായാണ് പട്ടുപാവാട ധരിക്കുന്നത്. ഇപ്പോൾ എന്തു രസമാണ് കാണാൻ. അവൾ പരിസരം മറന്ന് കണ്ണാടി നോക്കി നിൽക്കുന്നത് കണ്ട് മുത്തശ്ശി ചോദിച്ചു,അല്ല ഇന്ന് എന്താ ഇത്ര നേരത്തേ?

അപ്പോൾ ചിറ്റയും റൂമിലേക്ക് കടന്നു വന്നു.

അല്ല ഇതാരപ്പാ ഇത് . ഇപ്പക്കണ്ടാ കെട്ടിക്കാൻ പ്രായമായ പെണ്ണിനെ പോലുണ്ടല്ലോ.

അവളൊന്ന് ചിണുങ്ങിക്കൊണ്ട് പറഞ്ഞു : അതേയ്, മുത്തശ്ശി ഞാനിന്ന് മാമന്റെ കൂടെ അമ്പലത്തിൽ പോകുവാണ്.

അപ്പോൾ മുത്തശ്ശി പറഞ്ഞു.

അതെനിക്ക് തോന്നി. നീയ് ആദ്യായിട്ടല്ല്യോ അമ്പലത്തില് പോകണത്. നന്നായി പ്രാർത്ഥിക്കണട്ടോ. മാമന്റെ കൂടെ പോണതൊക്കെ കൊള്ളാം. രണ്ടും കൂടെ കറങ്ങി നടന്ന് ഉച്ചയ്ക്ക് ഊണ് കാലാവുമ്പോ എങ്കിലും ഇങ്ങ് വരാതിരിക്കരുത്.

ചിറ്റ ശാസനാ രൂപത്തിൽ പറഞ്ഞു.

കിട്ടുമാമാ

നിവേദ്യ നീട്ടി വിളിച്ചു.

എന്നെ കിട്ടു മാമാന്ന് വിളിക്കരുത് എന്ന് ഞാൻ നൂറ് തവണ പറഞ്ഞിട്ടില്ല്യേ നിന്നോട്? എന്റെ പേര് ബാലകൃഷ്ണൻ വി. പി. അതങ്ങ് വിളിച്ചാ മതി.

എന്നാ ഞാൻ ഇനി തൊട്ട് ബാലകൃഷ്ണൻ വി. പി. എന്ന് വിളിക്കാം എന്തേ?

അതു വേണ്ട. ഒന്നുമില്ലെങ്കിൽ ഞാൻ നിന്റെ മാമനല്ലേ. അതുകൊണ്ട് ബാലമാമ ഇല്ലേൽ കൃഷ്ണമാമ എന്നു വിളിച്ചാ മതി. വി.പി. കൂട്ടിച്ചേർക്കണ്ടാ. എന്നിട്ടു വേണം നാട്ടുകാർ ഇനി വി. പി., വി. പി. ന്ന് വിളിക്കാൻ.... അല്ലേൽ തന്നെ കിട്ടൂന്ന് കേട്ട് എന്റെ ചെവി പൊട്ടി..

അത് നല്ല പേരല്ലേ?

നല്ല പേര് !

നാട്ടിക്കൂടെ നടന്നു പോവണ കൊച്ച് പിള്ളേര് പോലും കിട്ടൂ ... എന്നാ വിളിക്കണത്. വല്ലോ പെൺകുട്ട്യോളും കേട്ടാൽ...! എനിക്ക് 27 വയസ്സ് ആയി.... അതിന്റെ അന്തസ്സൊക്കെ എനിക്ക് വേണം.

അതാപ്പം കാര്യായെ.... നീ കേട്ടോ. ഇവന് ഓരോരോ ആലോചനകൾ വന്നതാ. പക്ഷേ ഒരെണ്ണത്തിന് നിറമുണ്ടേൽ മുടിയില്ല. മുടിയുണ്ടേൽ നിറമില്ല. രണ്ടുമുണ്ടെങ്കിൽ വേറെ എന്തെങ്കിലുമില്ല. ഒക്കെ പറഞ്ഞ് ഓരോന്നും തട്ടിക്കളയണത് ഞങ്ങളാണോ? ഇവൻ തന്നെയല്ലേ?

മുത്തശ്ശി അവരുടെ ധർമ്മ സങ്കടം പുറത്ത് കാട്ടി.

നിമ്മി, ഇനിയിവിടെ നിന്നാൽ ശരിയാവില്ല. വാ പോയേക്കാം.

ബാലകൃഷ്ണൻ അവളുടെ കൈ പിടിച്ചുകൊണ്ട് നടന്നു.

നിനക്ക് നിമ്മിന്ന് വിളിക്കണതാണോ അതോ നിവേദ്യ എന്ന് വിളിക്കണതാണോ ഇഷ്ടം.

രണ്ടും ഞാൻ തന്നെയല്ലേ? കിട്ടു മാമാ. അയ്യോ മറന്നു പോയി വി. പി. മാമാ

ഉം നീയെന്നെ കിട്ടു മാമാന്നോ, ചട്ടു മാമാന്നോ എന്നാ വേണമെങ്കിലും വിളിച്ചോ. അല്ല പിന്നെ !

പിണങ്ങിയോ? ഇല്ല മാമാ... ഒരുപാട് നടക്കാനുണ്ടോ അങ്ങോട്ട് ?

എങ്ങോട്ട് ?

അമ്പലത്തിലേക്ക് – നിവേദ്യ ചോദിച്ചു.

കുറച്ച് ദൂരമുണ്ട്. പക്ഷേ ഒരുപാട് കാണാനുണ്ട് പോകുന്ന വഴിക്ക്.

എന്തൊക്കെയാണിത്?

മല, പുഴ. നീ കണ്ടിട്ടുണ്ടോ?

പുഴയോ !അതെന്താ?

നല്ല കഥായി! റിവർ എന്ന് കേട്ടിട്ടുണ്ടോ അതിന്റെ സബ് റിവറാണിത്.

അതില് സ്നേക്ക് ഉണ്ടാവില്ലേ?

നിനക്ക് അതു മാത്രമേ അറിയുവൊള്ളൊ? പാമ്പു മാത്രമല്ല, മീനുകൾ, ചെറുമീനുകൾ, തവള.

എന്താത് തളവയോ?

അതെ. തവള ഓ ... ഫ്റോഗ് !

കിട്ടുമാമൻ ചിരിച്ചു, കൂടെ നിവേദ്യയും

ഇവിടെ ഒരുപാട് കുഞ്ഞു വഴികളാണല്ലോ, ടാറിട്ട റോഡൊന്നുമില്ലേ ?

അത് നിന്റെ നാട്ടില് അങ്ങ് അമേരിക്കേല്.... ഞാനൊരിക്കലും കരുതിയതല്ല നിന്നെയൊന്ന് കാണാമെന്ന്, വന്നാ തന്നെ നീ ഞങ്ങളെയൊക്കെ അറിയുമോ എന്ന്! മാമൻ നെടുവീർപ്പിട്ടു.

നിവേദ്യ വീണ്ടും ചിരിച്ചു കൊണ്ട് പറഞ്ഞു.

കിട്ടുമാമൻ വലിയ ഗൗരവക്കാരനാണെന്നാണ് ഞാൻ കരുതിയത്. അങ്ങനെ ഒന്നുമേയല്ല !

പിന്നെ ഞാൻ എങ്ങനെയാ?

ആകാംക്ഷയോടെ കിട്ടുമാമൻ അവളെ നോക്കി.

വെറും പൊട്ടനാ! തമാശ പറയാൻ മാത്രമേ അറിയൂ.

ഗൗരവക്കാരനാകാൻ എനിക്കറിയാം. എങ്ങനെ ?

ദാ ഇങ്ങനെ! – മുഖത്ത് കിട്ടു മാമൻ പല ഭാവങ്ങളും കാണിച്ചു

കിട്ടുമാമന്റെ കാര്യം ! നന്നായിട്ടുണ്ട്. അഭിനയം !

ദാ അമ്പലമെത്തിപ്പോയി!

ഇതാണോ അമ്പലം. ഞാനാദ്യമായി കാണുകയാ !

ഞാനും !

ആണോ ?

ചുമ്മാതെ, ഞാൻ മിക്കപ്പോഴും അമ്മയുമായി വരാറുണ്ടിവിടെ. ദാ അതാണ് ദേവി. നന്നായി പ്രാർത്ഥിച്ചോ. മനസ്സുരുകി പ്രാർത്ഥിച്ചാൽ എന്തും നടത്തി തരും. ദേവി !

കുറച്ച് നേരം അവിടെ സ്വയം മറന്ന് പ്രാർത്ഥിച്ചു.

നിമ്മി .... നിമ്മീ, കിട്ടുമാമൻ തട്ടി വിളിച്ചു. നിമ്മിക്കെന്നതാ ഇതിനും വേണ്ടി പ്രാർത്ഥിക്കാനുള്ളത്?

അതു ഞാൻ സമയമാകുമ്പോൾ പറയാം.

എന്നാ ശരി വാ. തൊഴുത് മടങ്ങാം.

ദാ നിവേദ്യം മേടിച്ചോളൂ. പൂജാരി പറഞ്ഞു.

നിവേദ്യം, നിവേദ്യ നല്ല സാമ്യം അല്ലേ കിട്ടുമാമാ.

ആ നീ ഞങ്ങൾക്കൊരു നിവേദ്യമാണല്ലോ.

പുഴയെവിടെ മാമാ ?

ഇച്ചിരീം കൂടിയേയുള്ളൂ കുട്ട്യേ... ദാ അതാണ് പുഴ. ഇറങ്ങണോ?

പേടിയാ മാമാ

എന്തിന്? ഞാനില്ലേ കൂട്ടിന് ... വാന്നേ...

കിട്ടുമാമൻ ഉണ്ടെന്ന ഒറ്റ വിശ്വാസത്തിലാണേ ഞാനിതിന് പുറപ്പെടണത്. വെള്ളത്തിൽ കാലിട്ടിളക്കി കൊണ്ടിരുന്നപ്പോൾ കൊച്ചു കൊച്ചു മീനുകൾ കാലിൽ വന്ന് കൊത്തുന്നത് അവൾ കണ്ണിമ ചിമ്മാതെ നോക്കി കൊണ്ടിരുന്നു.

എന്തു രസാലേ ഇത്. അല്ലേ കിട്ടുമാമാ.

ഈ കാഴ്ചകളും, അനുഭവങ്ങളുമെല്ലാം അമേരിക്കേല് കിട്ടുവോകുട്ട്യേ? ഇനി വെറും 6 ദിവസവും കൂടിയല്ലേ തിരിച്ചു പോകാൻ! +2 കഴിഞ്ഞില്ലേ? ഇനിയിവിടെ നിന്നാവാം പഠനം.

ഒരു നിമിഷം അവൾ കണ്ണുകൾ താഴ്ത്തി. എന്നിട്ട് പറഞ്ഞു.

മമ്മി സമ്മതിക്കില്ല. പപ്പ പിന്നേം സമ്മതിക്കും. അങ്ങനെ കരഞ്ഞും കാലുപിടിച്ചുമാണ് ഞാനിങ്ങ് പോന്നത്. എനിക്കറിവുവച്ച കാലം മുതലേ ഉണ്ടായിരുന്ന ആഗ്രഹമാണ് കേരളത്തിൽ വന്ന് പഠിക്കണമെന്നത്.

എന്തിന്? – മാമൻ ആകാംക്ഷയോടെ നോക്കി.

എവിടെ കാണാനാകും ഈ ഭംഗി.

കിട്ടുമാമൻ പറയാതെ തന്നെ അവൾ എല്ലാം നോക്കി കാണുകയായിരുന്നു.

നല്ല തെളിഞ്ഞ ആകാശം, തൊഴെ വിശാലമായ തെങ്ങിൻ തോപ്പുകൾ, അതിനുമപ്പുറം പച്ച പട്ടുമെത്ത വിരിച്ച കണക്കെ നെൽപ്പാടങ്ങൾ, അവിടെ അരി മണികൾ കൊത്തി പറന്നു പോകുന്ന പനം തത്തകൾ, പിന്നെ പേരറിയാത്ത ഒരുപാടു പക്ഷികളും. പാടത്തിനു വലം വച്ച് കുണുങ്ങി ഒഴുകുന്ന അരുവി.... നാട്ടിട വഴികൾ. ഓരോരോ വീടുകളുടെയും തൊടികൾ, അതിൽ നിറയെ നാട്ടു പൂക്കൾ, അപ്പുറത്തെ വീട്ടിലെ മിന്നുവും മീരയും, വേണുവും കണ്ണനും, മുത്തശ്ശി മരുന്നിട്ടു കാച്ചിയ വെളിച്ചെണ്ണ, കുത്തരി ചോറ്, കണ്ണിമാങ്ങ അച്ചാർ, നാട്ടു പലഹാരങ്ങൾ, പത്തായത്തിലെ പഴക്കുല ... ഞാനെങ്ങനെ ഇതെല്ലാം ഇട്ടെറിഞ്ഞ് തിരിച്ച് അമേരിക്കയിൽ പോവും. അവിടെ മനുഷ്യർക്ക് തിരക്കാണ്. ഒന്നു സംസാരിക്കാൻ പോലും ആരും ഇല്ല. ജോലി തന്നെ ജോലി. പണമാണ് അവർക്കു വലുത്. സ്നേഹത്തിന് ഒരു വിലയും അവിടെ ഇല്ല. മടുത്തു !

ഇവിടെ ആദ്യമായി വരുന്നത് 13 വർഷങ്ങൾക്ക് ശേഷമാണ്. ഫോട്ടോകളിൽ മാത്രം കണ്ടു പരിചയമുള്ളതായിരുന്നു എനിക്ക് കേരളം.

വയ്യ കിട്ടുമാമാ....എനിക്ക് ഈ നാടും വീടും വിട്ടു പോവാൻ വയ്യാ.

സാരമില്ല കുട്ട്യേ... നിന്റെ ഉള്ളിൽ ഇത്രയും തേങ്ങൽ ഉണ്ടെ

കവിത

സ്വാംശീകരണം

ബിനോജ് കാലായിൽ

പച്ചോല മെടഞ്ഞൊരു പന്തലിട്ടേ
കുരുത്തോല കൊണ്ടു തൊങ്ങൽതൂക്കി
വർണ്ണങ്ങൾ ചാലിച്ച് കളം വരച്ചു
മരനീരും മഞ്ഞളും നേദിക്കുന്നേ

മക്കളെ കാക്കണേ തമ്പുരാനെ
എന്ന പാട്ടുമുഴങ്ങിയ കാവുപോയി
പുള്ളുവക്കുടങ്ങളും വീണയും പോയ്
കാവലും പോയി കളരിയും പോയ്

ഉരഗങ്ങൾ, പക്ഷികൾ, ചെറുജീവികൾ
ഗതി തേടിയുഴലുന്ന കാലമായി
കോൺക്രീറ്റു ചെപ്പതിൽ വെന്തുനീറി
സ്വയംരക്ഷതേടുന്നു പരദൈവങ്ങൾ

കനവുകണ്ടുറങ്ങിയ പാർപ്പിടമായ്
കീശ നിറച്ചൊരു ധനസ്രോതസ്സായ്
അന്നപാത്രങ്ങളിൽ രുചിഭേദമായ്
പിതൃതർപ്പണത്തിന് ദാഹമായി

നിത്യജീവതത്തിനൂന്നുവടിയായി
നമ്മോടു ചേർന്നേ ചേർന്നു നിന്നോൻ
കേരവൃക്ഷത്തെ നാം മറന്നുവിട്ടു
മൂടുമറന്ന മൂഢന്മാരായ്...

പുതുമയെ നാം എതിരേറ്റിടണം
അതിനധിനിവേശത്തിന്റെ മാർഗ്ഗം വേണ്ട
സ്വാംശീകരണത്തിൻ ലയം തീർക്കണം
അല്ലാകിൽ സംസ്ക്കാരം പോയ് മറയും

നന്മയും മൂല്യവും നഷ്ടമാകും
തളർന്നുവീഴുമ്പോൾ മടൽതാങ്ങായി
മറുകര താണ്ടുവാൻ തടിപ്പാലമായ്
ഒന്നുമുണ്ടാവില്ലതോർമ്മ വേണം

ന്ന് ഞാനറിഞ്ഞില്ല.

ദിവസങ്ങൾ കടന്നു പോയി. വീട്ടിൽ ആകെ തിക്കും തിരക്കും. തിരികെ പോകാനുള്ള ഒരുക്കത്തിലാണ് നിമ്മിയുടെ മാതാപിതാക്കൾ. നിമ്മിയും ഒരുങ്ങി. സങ്കടത്തോടെ, പക്ഷേ അവൾ എന്തോ ഒന്ന് പറയാൻ മനസ്സിൽ കരുതിയിട്ടുണ്ടെന്ന് മാമന് മനസ്സിലായി.

എല്ലാവരോടുമായി യാത്ര പറയാൻ ഉമ്മറത്തെത്തിയപ്പോൾ നിമ്മി ഉറക്കെ ചോദിച്ചു.

ഈ തറവാടും, ഈ തെങ്ങിൻ തോപ്പുകളും, ഈ വയലും, ... ഇവിടുത്തെ സുഖം അവിടെയുണ്ടോ മമ്മീ... ഈ പച്ചപ്പവിടെയുണ്ടോ പപ്പാ...... ഞാൻ ഇല്ല, അമേരിക്കയിലേയ്ക്ക്. എനിക്ക് ഇവിടെ നിന്ന് പഠിച്ചാൽ മതി. എനിക്ക് ഈ വീട് വിട്ട് പോരാൻ വയ്യ. പപ്പയും മമ്മിയും വേണമെങ്കിൽ പൊയ്ക്കൊള്ളു. പറയൂ, നിങ്ങൾ ആർക്കുവേണ്ടിയാണ് സമ്പാദിച്ചു കൂട്ടുന്നത്. എനിക്കുവേണ്ടിയാണെങ്കിൽ മതി. എനിക്ക് ഇവിടെയാണിഷ്ടം. ഈ മണ്ണ് ഈ വെള്ളം ഈ ആകാശം ഈ നാട്. ഞാനിവിടുന്ന് എങ്ങും വരണില്ല്യ. അവൾ ഉറക്കെ നിലവിളിച്ചു

എല്ലാവരും നിശബ്ദരായി അന്തം വിട്ടു നിന്നു. ഈ കുട്ടിക്ക് എവിടെ നിന്ന് കിട്ടി ഇത്ര വിവരങ്ങൾ

മുത്തശ്ശിയും കിട്ടുമാമനും ചിറ്റയും, ഓപ്പോളുമാരും അവളെ പിൻതാങ്ങി.

അവസാനം, അമേരിക്കയിലെ ജോലി അവസാനിപ്പിച്ച് നാട്ടിൽ താമസമാക്കാമെന്ന് മമ്മിയും പപ്പയും അവൾക്കുറപ്പ് നൽകി. അപ്പോഴാണ് നിമ്മി കരച്ചിൽ നിറുത്തിയത്

അപ്പോഴാണ് അവൾ ഓർത്തത്, കിട്ടുമാമാ, വാ നമുക്ക് വീണ്ടും അമ്പലം വരെ ഒന്നുകൂടി പോകണം.

എന്തിന് ? മാമൻ ആശ്ചര്യപ്പെട്ടു നോക്കി.

മാമനല്ലേ പറഞ്ഞത് ദേവിയോട് ഉള്ളുരുകി പ്രാർത്ഥിച്ചാൽ എല്ലാം സാധിച്ചു തരുമെന്ന്. അത് സത്യായിരുന്നു കെട്ടോ. ഇതാണ് ഞാൻ പറഞ്ഞത് ഞാൻ എന്താണ് പ്രാർത്ഥിച്ചത് എന്ന് സമയമാവുമ്പോൾ പറയാമെന്ന്. ദേവിയെ ഒന്നു കൂടി കാണണം, ഒരു കാര്യം കൂടി പറയാനുണ്ട്.

എന്താണ്

അതേയ്, മാമന്റെ കല്യാണക്കര്യം.

മാമൻ അവളെ തല്ലാൻ കയ്യോങ്ങി. പക്ഷെ, അവൾ ഓടിക്കളഞ്ഞു. അങ്ങേ വീട്ടിലേയ്ക്ക്.

എല്ലാവരും മനസ്സ് നിറയെ ചിരിച്ചു..... ■

കേര കേരളം സമൃദ്ധകേരളം

ഗായത്രി കൃഷ്ണ
IX A, മമ്പറം ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, കണ്ണൂർ

നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട് ഒരു നാഴിയിടങ്ങഴി മണ്ണുണ്ട്..... കേരളത്തിൽ ജനിച്ചു വളർന്ന ഏതൊരു മലയാളിക്കും ഈ ഗാനം സുപരിചിതമാണ്. എന്നാൽ ഇന്നിതിൽ പാതി സത്യമേയുള്ളു. ഇവിടെ ഒരു കാലത്ത് സമൃദ്ധമായിരുന്ന നാളികേരം പണ്ടത്തേതു പോലെ ഉണ്ടോ? ഇല്ല. ഇന്നത്തെ തലമുറയുടെ സ്റ്റാറ്റസിനനുസരിച്ച് അത് പാക്കറ്റുകളിലേക്ക് ചേക്കേറി. കേരങ്ങളുടെ നാടാണ് കേരളം. കൈരളിയുടെ വാങ്മയവും, ചെണ്ടയുടെ നാദവുമുണരുന്നനാട്. ദൈവത്തിന്റെ സ്വന്തം നാടെന്ന് സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപൻമാർ നമ്മെ വിശേഷിപ്പിച്ചതിന്റെ പ്രശസ്തി നാളികേരത്തിനാണ്.

നാളികേരത്തെക്കുറിച്ച് ഓരോ മലയാളിക്കും മധുരമൂറുന്ന ഓർമ്മകളുണ്ടാവും. കറിക്കുവേണ്ടി അമ്മ തേങ്ങ ചിരകുമ്പോൾ അതിൽ നിന്ന് ഒരു നുള്ളെടുത്ത് , കൊതി കാരണം വീണ്ടും ഒരു നുള്ളുകൂടിയെടുത്ത് അമ്മയുടെ സ്നേഹ ശാസനം കിട്ടുമ്പോഴാണ് അതിന്റെ ശരിയായ രുചി നാവിൽ ഊറുക. ദാഹിക്കുന്നവന് വെള്ളവും വിശക്കുന്നവന് ഭക്ഷണവും, സമൃദ്ധമായി നൽകുന്ന ഉറ്റ ചങ്ങാതിയാണ് കേരം നമുക്ക്.

വീട്ടിൽ തേങ്ങയിടാൻ വന്നവനോട് രണ്ട് ഇളനീരിടാൻ പറഞ്ഞു. മക്കൾ വരുമ്പോഴേക്കും അവർക്കു മുന്നിൽ സ്വാദിഷ്ടമായി ഭംഗിയോടെ അതെത്തിച്ചു. എന്നാൽ മക്കൾ അതിനെ പുച്ഛിച്ചു തള്ളി. പിറ്റേ ദിവസം മാളിൽ നിന്ന് ഭർത്താവ് മക്കൾക്ക് ടെൻഡർ കോക്കനട്ട് ഐസ്ക്രീം വാങ്ങിച്ചു കൊടുത്തത് അവർ കഴിക്കുമ്പോൾ കണ്ട സന്തോഷം. ഞെട്ടിപ്പോയി ആ മാതാവ്. ഇന്ന് പൊങ്ങച്ചത്തിന്റെ ഉച്ചസ്ഥായിയിൽ നിൽക്കുന്ന വൃദ്ധർ സ്റ്റാറ്റസ് എന്ന് അതിനെ വിശേഷിപ്പിക്കുന്നു.

നാളികേരം വില്ലനാവുകയാണ്. ഒരു കാലത്ത് നല്ല വെളിച്ചെണ്ണ നമുക്ക് ലഭിച്ചിരുന്നു. അന്ന് തെങ്ങില്ലാത്ത വീടുകളില്ല. വെളിച്ചെണ്ണ അമ്മ തലയിൽ തേച്ചു തന്ന്, കുളത്തിലേക്ക് ചാടിയാൽ കിട്ടുന്ന സുഖം ആകർഷകമായ കുപ്പികളിൽ ലഭിക്കുന്ന ഹെയർഓയിൽ തേച്ച് സ്വിമ്മിംഗ് പൂളിലേക്ക് ചാടിയാൽ കിട്ടില്ല.

കുട്ടികൾക്ക് എന്നും പ്രിയങ്കരമാണ് തെങ്ങ്. തെങ്ങ് മാത്രമല്ല തെങ്ങോലയും. തെങ്ങോലകൊണ്ട് കളിപ്പാട്ടങ്ങളും മറ്റും ഉണ്ടാക്കി കളിച്ച ബാല്യകാലം നമുക്കുണ്ടായിരുന്നു. ഇന്നോ? പറമ്പ് നോക്കാൻ ആളില്ലാതെ മക്കളെല്ലാം വിദേശത്തായപ്പോൾ അനാഥമായത് സ്വപ്നങ്ങളും മാതാപിതാക്കളും തെങ്ങിൻ പുരയിടങ്ങളും. എല്ലാം സംരക്ഷിക്കാൻ ഞങ്ങളുണ്ട്. ഭാവിയുടെ വാഗ്ദാനങ്ങളാണ് ഞങ്ങൾ – എന്ന് തൊട്ട് സ്വന്തം വീട്ടിൽ നടക്കുന്ന കാര്യങ്ങൾ വരെ ഓരോ നിമിഷവും സാമൂഹ്യ മാധ്യമങ്ങളിൽ കുറിക്കുന്ന പുതു തലമുറ എവിടെ? ഈ തെങ്ങിൻ തോപ്പുകൾ കാക്കാൻ അവർ എവിടെ?

മലനാടിന്റെ ഓരോ ഉത്സവത്തിലും തെങ്ങിന് പങ്കുണ്ട്. ഓണത്തിന് പൂവ് പറിക്കാൻ പോകുമ്പോൾ കൂട തനിക്ക് തന്നെ വേണമെന്ന് പറഞ്ഞ് ചേട്ടനോട് വാശിപിടിച്ച മലയാള സാഹിത്യത്തിന്റെ വാചസ്പതിയായ നന്തനാരുടെ ഉണ്ണിക്കുട്ടന്റെ ലോകം എന്ന നോവലിലെ ഉണ്ണിക്കുട്ടനെ നാം എങ്ങിനെ മറക്കും.

കൂട്ടുകാർക്കൊപ്പം ആട്ട കളിച്ചിരുന്നൊരു കാലം ഓരോ മലയാളിക്കും മധുരിക്കുന്ന ഓർമ്മാണ്. ഇന്ന് ജനിച്ച് പത്ത് വയസ്സ് കഴിയുമ്പോഴേക്കും ഓരോ കുട്ടിക്കും സ്വന്തമായി ഫോണുണ്ടാകും. സ്ക്കൂളുകളും, വീടുകളും കോൺക്രീറ്റ് കെട്ടിടങ്ങളായി മാറിയപ്പോഴും ഓരോ നനുത്ത ഓർമ്മകൾക്കും പഴയ ആ ഓലമേഞ്ഞതോ ഓടിട്ടതോ ആയ ചന്തമാണ്. നീര എന്നു കേട്ടിട്ടുണ്ടാകുമല്ലോ. കേരളത്തിന്റെ മാത്രം സ്വത്തായ ഒന്നാണ് അല്ലിക്കള്ള് അഥവ നീര. ഇതിന്റെ സ്വാദ് ഒന്നു വേറെ തന്നെയാണ്. ഇത് ശരീരത്തിന് ആരോഗ്യദായകമാണ്.

അമ്മ തേങ്ങ പൊട്ടിക്കുമ്പോൾ തേങ്ങ വെള്ളത്തിനായി തല്ലുകൂടിയ ബാല്യം ഓരോ മലയാളിക്കും ഇന്ന് നനവുള്ള ഓർമ്മയാണ്. ആരോഗ്യദായവും രുചികരവുമായ തേങ്ങ വെള്ളത്തോട് ഇന്നത്തെ കുട്ടികൾക്ക് വെറുപ്പാണ്. മിറിൻഡയുടേയും കോളയുടേയും പെപ്സിയുടേയും രുചിയിലമർന്ന് പോകുകയാണ് ഇന്നത്തെ ബാല്യങ്ങൾ. പൊങ്ങ് എന്നാൽ എന്താണെന്ന് അറിയാമോ. മധുരമൂറുന്ന പഞ്ഞികട്ട പോലെയാണ് പൊങ്ങ്. പണ്ടത്തെ മലയാളിക്ക് ഏറെ പ്രിയപ്പെട്ടത്. എന്നാൽ ഇന്നോ? ലെയ്സ്, പേസ്ട്രി, കുർകുറെ എന്നിവയുടെ രുചികളിൽ അഭിരമിച്ച് സ്വന്തം സംസ്ക്കാരത്തെ മറന്നു പോകുകയാണ് മലയാളി ബാല്യം.

ശാസ്ത്ര ലോകം ഏറെ പുരോഗമിച്ചിരിക്കുന്നു. തെങ്ങിന്റെ ജനിതക ഘടന കണ്ടു പിടിച്ചിരിക്കയാണ് ഇന്നത്തെ ശാസ്ത്ര ലോകം. വേണമെങ്കിൽ തെങ്ങിന്റേയും തേങ്ങയുടേയും ഫോട്ടോ നമുക്ക് എടുത്തു വയ്ക്കാം. നമ്മുടെ വരുംതലമുറകൾക്ക് ചിലപ്പോൾ അത് കാണാൻ പറ്റിയില്ലെങ്കിലോ? തേങ്ങ വിളവെടുക്കാൻ ഇന്ന് തന്ത്രങ്ങൾ ഉണ്ട്. ഇതുകൊണ്ട് ഏറെ ഉപകാരം സ്ത്രീകൾക്കാണ്. എവിടെയും താഴ്ന്നു കൊടുക്കുന്ന പെണ്ണ് ഇവിടെ ഇന്ന് വിജയിച്ചു. പല സ്ത്രീകളും ഇന്ന് തെങ്ങിന്റെ വിളവെടുപ്പ് ഉപജീവന മാർഗ്ഗമാക്കുന്നു. നാളികേര ബോർഡിനു നന്ദി.

ആരോഗ്യകരമായ, സ്വന്തം സംസ്ക്കാരത്തെ പ്രണയിക്കുന്ന തലമുറയെ നമുക്ക് വാർത്തെടുക്കാം. തെങ്ങിന്റേയും തേങ്ങയുടേയും ഒപ്പം, മറവി തട്ടിയെടുത്ത് പലതിനേയും നമുക്ക് പുനരുജ്ജീവിപ്പിക്കാം. ■

നാളികേര വികസന ബോർഡ് ചെയർപേഴ്സൺ ഥലി ഫാം സന്ദർശിച്ചു

നാളികേര വികസന ബോർഡ് ചെയർപേഴ്സൺ ശ്രീമതി. വി ഉഷാറാണി ഐ.എ.എസ് തമിഴ്നാട്ടിലെ ഥലിയിലുള്ള ബോർഡിന്റെ വിത്തുത്പാദന പ്രദർശന തോട്ടം സന്ദർശിച്ചു. ഏപ്രിൽ 22 -നു ഥലിയിൽ എത്തിയ ചെയർപേഴ്സൺ ഫാമിന്റെ പ്രവർത്തനങ്ങൾ കണ്ടു. തുടർന്ന് തമിഴ്നാട്ടിലെ 14 നാളികേര ഉത്പാദക കമ്പനി പ്രതിനിധികൾ ഉൾപ്പെടെ 50 കൃഷിക്കാരുമായി ചെയർപേഴ്സൺ ഫാമിൽ കൂടിക്കാഴ്ച്ച നടത്തി. ബോർഡ് മെമ്പർ മോഹൻരാജ്, സിഡിബി ചെന്നൈ ഓഫീസിലെ ഡയറക്ടർ ഇൻ ചാർജ് ടി ബാലസുധാഹരി, ഫാം ഉദ്യോഗസ്ഥർ എന്നിവരും സന്നിഹിതരായിരുന്നു. എല്ലാവർക്കും നീര വിതരണം ചെയ്യുകയുണ്ടായി. തമിഴ്നാട്ടിലെ 17 കമ്പനികളിൽ ഒൻപതും നീര ഉൽപാദിപ്പിക്കുന്നതായി കൃഷിക്കാർ അറിയിച്ചു. നീര ഉൽപാദനത്തിന്റെ സാധ്യതകൾ പഠിച്ച് ആവശ്യമെങ്കിൽ ഥലി ഫാമിൽ പൈലറ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനെ കുറിച്ച് ആലോചിക്കാം എന്നു ചെയർപേഴ്സൺ കൃഷിക്കാരെ അറിയിച്ചു.

ചെയർപേഴ്സൺ നേരത്തെ പൊള്ളാച്ചി നാളികേര ഉത്പാദക കമ്പനി സന്ദർശിച്ചു. പരമാവധി നാളികേര കർഷകരെ ത്രിതല സംവിധാനത്തിനു കീഴിൽ കൊണ്ടുവരുവാൻ ചെയർപേഴ്സൺ ആവശ്യപ്പെട്ടു. അമൂൽ മാതൃകയിൽ വിപണന സമ്പ്രദായം രൂപീകരിക്കാനും, മൂല്യ വർധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണത്തിലൂടെ അധിക ആദായം നേടാനും ശ്രമിക്കണമെന്നും അവർ നിർദ്ദേശിച്ചു. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ തയാറാക്കാൻ നഴ്സറിയും, വെളിച്ചെണ്ണ നിർമ്മിക്കുന്നതിന് റോട്ടറി യൂണിറ്റും, വിർജിൻ കോക്കനട്ട് ഓയിൽ യൂണിറ്റും കൂട്ടായ്യുടെ ആഭിമുഖ്യത്തിൽ ആരംഭിക്കണം. തോട്ടങ്ങളിൽ ശാസ്ത്രീയ കൃഷി പരിപാലന മുറകൾ അനുവർത്തിക്കണം - ചെയർപേഴ്സൺ കർഷകരെ ഉദ്ബോധിപ്പിച്ചു. പൊള്ളാച്ചിയിലെ ശക്തി കൊക്കോ, സൂപ്പർ കൊക്കൊ, പേരൂരിലെ മദുര ഫുഡ്സ്, കരുവൻപാളയത്തെ പ്യൂർ ട്രോപ്പിക് എന്നീ നാളികേര ഉത്പ്പന്ന വ്യവസായ ശാലകളും ചെയർ പേഴ്സൺ സന്ദർശിക്കുകയുണ്ടായി.

തമിഴ്നാട് കാർഷിക സർവകലാശാല സന്ദർശിച്ച ചെയർപേഴ്സൺ, വൈസ് ചാൻസലർ ഡോ. എൻ നന്ദകുമാറുമായി നാളികേരവുമായി ബന്ധപ്പെട്ടു നടക്കുന്ന ഗവേഷണങ്ങളെ കുറിച്ച് ചർച്ച നടത്തി. സർവകലാശാലയുടെ നാളികേര സ്റ്റാർട്ട് അപ് പദ്ധതികളുമായി സഹകരിക്കാൻ ബോർഡിനു താല്പര്യമുണ്ടെന്നും ചെയർപേഴ്സൺ അറിയിച്ചു.

വിരമിച്ചു

നാളികേര വികസന ബോർഡിന്റെ വിവിധ ഓഫീസുകളിലെ സേവനത്തിനു ശേഷം 2019 ഏപ്രിൽ 30 ന് ശ്രീ പി. കെ. ഉമേശ്വരൻ സർവീസിൽ നിന്നു വിരമിച്ചു. 1983 ൽ ആണ് ശ്രീ. ഉമേശ്വരൻ ബോർഡിൽ സേവനം ആരംഭിച്ചത്.

ലക്ഷദ്വീപിലെ യുവകർഷകർക്ക് നാളികേര മൂല്യശൃംഖല അധിഷ്ഠിത സംരംഭകത്വ വികസന പരിശീലനം

ലക്ഷദ്വീപിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട യുവ കർഷകർക്കും സംരംഭർക്കുമായി നാളികേര മൂല്യ ശംഖലയെ ആസ്പദമാക്കി മൂന്നാഴ്ച നീണ്ടു നിൽക്കുന്ന സംരംഭകത്വ വികസന പരിപാടി കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ ആരംഭിച്ചു. നാഷണൽ ഹോർട്ടികൾച്ചർ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംഘടിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി അഞ്ചു ബാച്ചുകളിലായി നൂറ് യുവതീയുവാക്കളെ പരിശീലിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നിലവിൽ ലക്ഷദ്വീപിലെ നാളികേര മേഖല കൊപ്രസംസ്കരണം വിപണനം എന്നീ പ്രവർത്തനങ്ങളിൽ മാത്രമായി ഒതുങ്ങിയിരിക്കുകയാണ് ഇപ്പോഴും. അതിനാൽ ലക്ഷദ്വീപുകളിൽ നാളികേര കർഷക ഉത്പാദക കമ്പനികൾ രൂപീകരിക്കാനും നാളികേരത്തിന്റെ മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് രാജ്യത്തിനകത്തും പുറത്തുമുള്ള വിപണികളിൽ വിറ്റഴിക്കാനും ദ്വീപുകളിലെ യുവ കർഷകരെ പ്രാപ്തരാക്കുക എന്നതാണ് സംരംഭകത്വ വികസന പരിപാടിയുടെ ലക്ഷ്യം. കൂടാതെ ഉത്പാദക സംഘങ്ങൾക്ക് മൂല്യവർധിത ഉൽപ്പന്നങ്ങൾ ലക്ഷദ്വീപ് ഓർഗാനിക് എന്ന പേരിൽ വിപണി സാധ്യതകൾ ചൂഷണം ചെയ്യാനുള്ള ശ്രമങ്ങളും നടത്താം. ലക്ഷദ്വീപ് സമൂഹത്തിലെ വിവിധ ദ്വീപുകളിൽ നിന്നാണ് യുവതീ യുവാക്കൾ പരിശീലന പരിപാടിയിൽ സംബന്ധിക്കുന്നത്. സി.പി.സി.ആർ.ഐയിലെ പരിശീലനത്തിനു പുറമേ ഇവർ കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ വിജയകരമായി പ്രവർത്തിക്കുന്ന കേരാധിഷ്ഠിത സംരംഭങ്ങളിൽ നേരിട്ടെത്തി പ്രായോഗിക പരിശീലനവും നേടുന്നു.

കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ 29.04.2019 ന് നടന്ന സംരംഭകത്വ വികസന പരിപാടിയുടെ ആദ്യ ബാച്ചിന്റെ പരിശീലന ഉദ്ഘാടന ചടങ്ങിൽ സിപിസിആർഐ ആക്ടിംങ് ഡയറക്ടർ ഡോ. അനിത കരുൺ അധ്യക്ഷയായിരുന്നു. പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം ഗവേഷണ വിഭാഗം അസോഷിയേറ്റ് ഡയറക്ടർ ഡോ. കെ. എൻ. സതീശൻ പരിപാടി ഉദ്ഘാടനം ചെയതു. നാഷണൽ ഹോർട്ടിക്കൾച്ചർ ബോർഡ് ഹോർട്ടിക്കൾച്ചർ ഓഫീസർ എസ് എസ് പുർത്തി ആശംസകൾ നേർന്നു. കോഴ്സ് ഡയറക്ടർ, സിപിസിആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി തമ്പാൻ സ്വാഗതം ആശംസിക്കുകയും സംരംഭകത്വ വികസന പരിപാടിയുടെ രൂപരേഖ അവതരിപ്പിക്കുകയും ചെയ്തു. സിപിസിആർഐ ഫുഡ് പ്രോസസിംങ് വിഭാഗം സയന്റിസ്റ്റ് ഷമീന ബീഗം നന്ദി പറഞ്ഞു.

പരിപാടിയിൽ പങ്കെടുക്കുന്നതവരെ നാലു ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനെയും സുഭിക്ഷ (നടുവണ്ണൂർ, കോഴിക്കോട്), തേജസ്വിനി (ചെറുപുഴ, കണ്ണൂർ), മാജികോ(മടിക്കൈ,

കാസറഗോഡ്), ശ്രീ കല്പ (കുമ്പള, കാസറഗോഡ്), എന്നീ മൂല്യ വർധിത കേരോത്പന്ന വ്യവസായ യൂണിറ്റുകളിലേയ്ക്ക് പരിശീലനത്തിന് അയച്ചു.

നാഷണൽ ഹോർട്ടിക്കൾച്ചർ ബോർഡ് മാനേജിംങ് ഡയറക്ടർ ഡോ. ആരിസ് അഅഹമ്മദ് 2019 മെയ് 16-ന് പരിശീലനത്തിൽ പങ്കെടുക്കുന്നവരുമായി സംവദിച്ചു. 2019 മെയ് 17-നു നടന്ന സമാപനച്ചടങ്ങിൽ സിപിസിആർഐ ഡയറക്ടർ ഇൻ ചാർജ് ഡോ. കെ മുരളീധരൻ പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ആലപ്പുഴ കൃഷിവിജ്ഞാന കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പി. മുരളീധരൻ ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു. സിപിസിആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ ഷംസുദീൻ ആശംസകൾ നേർന്നു. കോഴ്സ് ഡയറക്ടർ സിപിസിആർഐ പ്രൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി തമ്പാൻ നന്ദി പറഞ്ഞു.

അന്തരിച്ചു

നാളികേര വികസന ബോർഡിന്റെ മുൻ വൈസ് ചെയർമാൻ ജോസഫ് ആലപ്പാട്ട് (81) അന്തരിച്ചു. 1986 മുതൽ 1989 വരെയാണ് അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാൻ പദവി വഹിച്ചത്. തൃശ്ശൂർ കാരാഞ്ചിറ ആലപ്പാട്ട് തോപ്പിൽ കുടുംബാംഗമായ ജോസഫ് ദീർഘനാൾ കാത്തലിക് സിറിയൻ ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. മികച്ച നാളികേര കർഷകനായിരുന്നു.

നാളികേര കീടരോഗ നിയന്ത്രണ ശില്പശാല നടത്തി

തെങ്ങിന്റെ കീടരോഗ നിയന്ത്രണവും ആരോഗ്യ പരിപാലനവും ആസ്പദമാക്കി കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ ശില്പശാലയും പരിശീലന പരിപാടിയും നടത്തി. കാസറഗോഡ് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കേര കർഷകരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും പരിശീലന പരിപാടിയിൽ പങ്കെടുത്തു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ടിസമ്മ തോമസ് ശില്പ ശാല ഉദ്ഘാടനം ചെയ്തു. സിപിസിആർഐ ഡയറക്ടർ ഇൻ ചാർജ് ഡോ. കെബി ഹെബ്ബാർ ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചു. തെങ്ങിന്റെ കീടരോഗബാധയും വിളനഷ്ടവും ആസ്പദമാക്കി തയാറാക്കിയ പ്രസിദ്ധീകരണത്തിന്റെ പ്രകാശനം മൊഗ്രാൻ - പൂത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എഎ ജലീൽ നിർവഹിച്ചു. കാസറഗോഡ് ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി സ്റ്റെല്ലാ ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. സർവീസിൽ നിന്നു വിരമിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രം ചീഫ് ടെക്നിക്കൽ ഓഫീസർ ഡോ. എസ് ലീന, പ്രിൻസിപ്പൽ കൃഷി ഓഫീസർ ടിസമ്മ തോമസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി തമ്പാൻ, സയന്റിസ്റ്റ് ഡോ. പിഎസ് പ്രതിഭ എന്നിവർ വിവിധ വിഷങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു.തെങ്ങിന്റെ കീട രോഗ നിയന്ത്രണത്തിനു വേണ്ടി ശാസ്ത്രീയ രീതികൾ അനുവർത്തിക്കേണ്ടതിന്റെ തോത് വർധിപ്പിക്കുന്നതിന്, കൃഷി വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ തുടങ്ങി വിവിധ ഏജൻസികളുടെ ഏകോപനം ശക്തിപ്പെടുത്തുന്നതിനെ കുറിച്ച് ഒരു ചർച്ചയും പരിപാടിയുടെ ഭാഗമായി നടത്തി. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി തമ്പാൻ സ്വാഗതവും പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെപി ചന്ദ്രൻ നന്ദിയും പറഞ്ഞു.

കൊമ്പൻ ചെല്ലികളെ കുടുക്കാൻ വലക്കെണിയുമായി കർഷകൻ

തെങ്ങുകളിൽ വൻ നാശനഷ്ടങ്ങൾ വരുത്തുന്ന കൊമ്പൻ ചെല്ലിയെ നശിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലളിതമായ ട്രാപ്പ് വികസിപ്പിച്ചെടുത്തിരിക്കുകയാണ് ഭീമനടിയിലെ സെബാസ്റ്റ്യൻ പാലമറ്റം. ഇതിന് 12.1.2019 ൽ 201941001490-ാം നമ്പർ ആയി ഇന്ത്യൻ പേറ്റന്റിന് അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്.

ഇതിന് ആവശ്യമായ വസ്തുക്കൾ 1/4 ഇഞ്ച് മുതൽ 3/8 ഇഞ്ച് ഇഴഅകലമുള്ള പുതിയതോ, മത്സ്യ ബന്ധനത്തിന് ഉപയോഗിച്ച ശേഷം വിൽപ്പന നടത്തുന്ന എന്നാൽ കേടുപാടുകൾ ഇല്ലാത്തതോ ആയ നൈലോൺ വലയും 10 സൈസ് സ്റ്റാപ്ലർ പിന്നും ആണ്. തെങ്ങുകളുടെ വിരിഞ്ഞ് തുടങ്ങിയ ഓലകൾ തൊട്ടു താഴോട്ട് ഉള്ള ഭാഗത്തെ 5 ഓലകൾ വരെ ഭാഗം വല പിടിപ്പിക്കുവാൻ വേണ്ടി കത്തി കൊണ്ട് വൃത്തിയാക്കണം. അതിന് ശേഷം തെങ്ങുകളുടെ വലിപ്പം അനുസരിച്ച് 1 മുതൽ 2 മീറ്റർ വീതിയും ഒന്നര മീറ്റർ മുതൽരണ്ടര മീറ്റർ വരെ നീളമുള്ള വല മുറിച്ചെടുക്കുക. വലയുടെ നീളത്തിന്റെ കാൽ ഭാഗം ഏറ്റവും അവസാനം വിരിഞ്ഞ ഓലയുടെ കവിളിൽ കൂടി താഴോട്ട് ഇട്ട് വയ്ക്കുക. ബാക്കിയുള്ള നാലിൽ മൂന്നു ഭാഗം വൃത്തിയാക്കിയ ഓലകൾക്ക് ഇടയിൽ കൂടി മുകൾ ഭാഗം മുതൽ നെറ്റുകളുടെ വക്കുകൾ കൂട്ടി കണക്ക് ചെയ്ത് ഇളകി പോരാത്ത വിധത്തിൽ മണ്ടയിൽ സ്റ്റാപ്ലർ കൊണ്ട് പിൻ ചെയ്ത് ഉറപ്പിക്കുക. നെറ്റ് ഉറപ്പിക്കുമ്പോൾ കൂടുതൽ ചുരുളുകളായി കിടക്കുവാൻ ശ്രദ്ധിക്കണം. ഒരു കാരണവശാലും ഓലകളുടെ പുറത്ത് നെറ്റ് ഉറപ്പിക്കുവാൻ പാടില്ല. നെറ്റ് ഓലയുടെ പുറത്ത് പിടിപ്പിച്ചാൽ കാറ്റ് വരുമ്പോഴും ഓലയുടെ വളർച്ചയിലും അത് ഇളകി പോകാൻ സാദ്ധ്യതയുണ്ട്. വലയുടെ അടിഭാഗം 10 സെന്റി മീറ്റർ മുകളിലേക്ക് പാത്തിപോലെ പുറത്തേക്ക് കൂടി ചുറ്റും പിടിപ്പിച്ച് സ്റ്റാപ്ലർ പിൻ ചെയ്താൽ, വലയിൽ നിന്ന് ഏതെങ്കിലും ചെല്ലികൾ താഴെ വീഴാൻ ഇടയായാൽ അതിനെയും കുടുക്കുവാൻ സാധിക്കും.

പുതുതായി വരുന്ന പൂങ്കുലകൾ വലയിൽ ഉടക്കാതെ വേണം സ്റ്റാപ്ലർ ചെയ്യുവാൻ മുകളിൽ നെറ്റിന്റെ 1/4 ഭാഗം ഉള്ളത് ചുരുളുകളായി താഴെയുള്ള ഓലകളും കവർ ചെയ്യുന്ന വിധത്തിൽ മുകളിൽ നിന്ന് താഴോട്ട് ഇടുക ഇത് സ്റ്റാപ്ലർ ചെയ്യേണ്ട ആവശ്യമില്ല. വരുന്ന കൊമ്പൻ ചെല്ലികൾ കൂമ്പോലകൾ ലക്ഷ്യം വച്ച് പറന്ന് വന്ന് തെങ്ങിന്റെ മുകളിൽ പ്രവേശിക്കുമ്പോൾ അവിടെ പിടിപ്പിച്ചിട്ടുള്ള നെറ്റിൽ കുടുങ്ങുകയും വലയിൽ വീഴുന്ന കൊമ്പൻ ചെല്ലികൾ അവയുടെ പ്രത്യേകമായ ശരീര ഘടനകൊണ്ട് കാലുകളും, കൊമ്പുകളും ഉടക്കി കെണിയിൽ പെടുകയും രക്ഷപ്പെടാനുള്ള ശ്രമത്തിൽ കൂടുതലായി കുടുങ്ങുകയും ചെയ്യും ഇവ ഒന്ന്, രണ്ടും ദിവസത്തിനുള്ളിൽ ചത്ത് പോവും.

വലയിൽ കുടുങ്ങിയ ചെല്ലികൾ രക്ഷപ്പെടുവാൻ വേണ്ടി ശബ്ദം പുറപ്പെടുവിക്കുമ്പോൾ, രക്ഷപ്പെടുത്തുവാൻ വേണ്ടി വരുന്ന മറ്റ് ചെല്ലികളും ഈ കെണിയിൽപ്പെട്ട് ചത്ത് പോവും. ഈ കെണി പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതും വളർച്ചയ്ക്ക് അനുസരിച്ച് വീണ്ടും എടുത്ത് മുകളിലേക്ക് പിടിപ്പിക്കാവുന്നതുമാണ്. തെങ്ങുകളുടെ വളർച്ചയുടെ ആദ്യഘട്ടത്തിൽ ഉടമയ്ക്ക് തന്നെ പരസഹായമില്ലാതെ ഇത് സ്ഥാപിക്കാം എന്നതാണ് മെച്ചം.

സെബാസ്റ്റ്യൻ പാലമറ്റം, ഭീമനടി - 9447347041

തെങ്ങിൻ തോപ്പിൽ ജൂൺ മാസത്തെ കൃഷിപ്പണികൾ

വിത്തു തേങ്ങകൾ പാകാം

നീർവാർച്ചയുള്ളതും മണൽ മണ്ണും സമീപത്ത് ജലസേചന സൗകര്യം ഉള്ളതുമായ സ്ഥലമാണ് നഴ്സറികളുടെ നിർമ്മാണത്തിനായി തെരഞ്ഞെടുക്കേണ്ടത്. വെള്ളം കെട്ടി നില്ക്കാത്ത സ്ഥലങ്ങളിൽ തറനിരപ്പിൽ തന്നെ വിത്തു തേങ്ങകൾ പാകാം. എന്നാൽ വെള്ളക്കെട്ടുള്ള സ്ഥലമാണെങ്കിൽ അവിടെ തവാരണകളിൽ വേണം വിത്തു തേങ്ങ പാകാൻ. തുറസായ സ്ഥലങ്ങളിൽ നഴ്സറികൾ സ്ഥാപിക്കുമ്പോൾ കൃത്രിമമായി തണൽ നല്കണം. തെങ്ങിൻ തോപ്പുകളിലെ തണലിലും നഴ്സറി സ്ഥാപിക്കാം. തോട്ടത്തിൽ ആവശ്യത്തിനു സൂര്യപ്രകാശം ലഭിക്കാൻ മാത്രം തെങ്ങുകൾ വളർന്നവയായിരിക്കണം. വീതി കുറഞ്ഞ നീളമുള്ള തവാരണകളിൽ 20 -25 സെന്റിമീറ്റർ ആഴത്തിലുള്ള കാനകൾ നിർമ്മിച്ച് അവയിൽ 40 സെന്റിമീറ്റർ X 30 സെന്റിമീറ്റർ അകലത്തിൽ ലംബമായോ തിരശ്ചീനമായോ വിത്തു തേങ്ങകൾ പാകാം . ലംബമായി പാകിയാൽ പിന്നീട് തൈകൾ വാഹനത്തിലും മറ്റും കൊണ്ടുപോകുമ്പോൾ അധികം കേടുപാടുകൾ സംഭവിക്കില്ല എന്നതാണ് മെച്ചം. പക്ഷെ, തേങ്ങകൾ പാകുന്നതിന് വൈകും തോറും അതിലെ വെള്ളത്തിന്റെ അളവു ഗണ്യമായി കുറയും. ഇത്തരം സന്ദർഭങ്ങളിൽ തിരശ്ചീനമായി പാകുന്നതാണ് നല്ലത്. മാത്രവുമല്ല കരുത്തുള്ള മുളകൾ ഉണ്ടാകുന്നതിന് ഈ രീതിയാണ് അഭികാമ്യം.

നടുവാനുള്ള തെങ്ങിൻ തൈ തെരഞ്ഞെടുക്കൽ

നഴ്സറികളിൽ നിന്ന് ഗുണമേന്മയുള്ള തൈകൾ മാത്രമെ തോട്ടത്തിൽ നടുന്നതിനായി തെരഞ്ഞെടുക്കാവൂ. നല്ല കരുത്തുള്ളതും ഒരു വർഷം പ്രായമായതുമായ തൈകളാണ് നടാൻ നല്ലത്. നെടിയ ഇനങ്ങളിൽ ഇവയ്ക്ക് 5-6 ഓലകളും 100 സെന്റിമീറ്ററിൽ കൂടുതൽ ഉയരവും 10 സെന്റി മീറ്റർ കണ്ണാടി കനവും വേണം. കുറിയ ഇനങ്ങളിൽ തൈകളുടെ കണ്ണാടി കനവും ഉയരവും യഥാക്രമം 8 സെന്റിമീറ്ററും 80 സെന്റിമീറ്ററും ആയിരിക്കണം. നേരത്തെ വിരിഞ്ഞ ഓലകൾ, തൈയുടെ മെച്ചപ്പെട്ട ഗുണനിലവാര സ്വഭാവം വെളിപ്പെടുത്തുന്നു. പൊതുവെ, ഒരു വർഷം പ്രായമായ തൈകളാണ് നടാൻ ഉത്തമം. എന്നാൽ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ഒന്നര മുതൽ രണ്ടു വർഷം വരെ പ്രായമായ തൈകളാണ് നല്ലത്.

തവാരണകളിൽ വളരുന്ന തൈകളെക്കാൾ പോളിബാഗുകളിൽ പരിപാലിക്കുന്ന തൈകളാണ് മികച്ച വളർച്ച കാണിക്കുന്നത്. പോളിബാഗ് തൈകളുടെ മേന്മ അത് തോട്ടത്തിലെ മണ്ണിലേയ്ക്കു മാറ്റി നടുമ്പോൾ ഒരു തരത്തിലുമുള്ള ക്ഷതം ഉണ്ടാകുന്നില്ല എന്നതാണ്. കാരണം ബാഗ് നീക്കി ആ മണ്ണോടെ വേരുകൾ ഒന്നു പോലും പൊട്ടാതെ കുഴിയിലേയ്ക്കു നടുകയാണ് ചെയ്യുക. തന്മൂലം വേരുകൾ വളരെ പെട്ടെന്ന് മണ്ണിലേയ്ക്ക് വ്യാപിക്കുകയും തൈകൾ നല്ല കരുത്തോടെ വളരുകയും ചെയ്യും. എന്നാൽ കൂടത്തൈകൾക്ക് ഉത്പാദന ചെലവു കൂടുതലാണ്. കൂടുതൽ എണ്ണം തൈകൾ വാഹനങ്ങളിൽ കൊണ്ടുപോകാനും ബുദ്ധിമുട്ടാണ്.

തെങ്ങിൻ തൈ നടീൽ

നല്ല നീർവാർച്ചയുള്ള മണ്ണിൽ ജൂൺ മാസത്തിൽ തെക്കു പടിഞ്ഞാറൻ മൺസൂൺ ആരംഭത്തോടെ പുതിയ തൈകൾ നടാവുന്നതാണ്. സമചതുര സമ്പ്രദായത്തിൽ തെങ്ങിന് പൊതുവെ ശിപാർശ ചെയ്തിട്ടുള്ള അകലം 7.5 X 7.5 മീറ്റർ മുതൽ 8.0 X 8.0 മീറ്റർ വരെ ആണ്. ഈ അകലം പാലിച്ചാൽ ഒരു ഹെക്ടറിൽ യഥാക്രമം 177 ഉം 156 ഉം തൈകൾ നടാം. ത്രികോണാകൃതിയിലുള്ള നടീൽ രീതി അവലംബിക്കുന്ന പക്ഷം 25 തൈകൾ കൂടി അധികം നടാം.വേലി സമ്പ്രദായത്തിൽ തൈകൾ തമ്മിൽ 6.5 മീറ്ററും വരികൾ തമ്മിൽ 9.5 മീറ്ററും വീതം അകലം പാലിക്കണം. നാളികേര തോട്ടത്തിൽ ബഹുവിള സമ്പ്രദായം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ 10 X 10 മീറ്ററാണ് അഭികാമ്യമായ ഇടയകലം. ഇപ്രകാരം ചെയ്താൽ പരമാവധി ദീർഘകാല വിളകളെയും ഹ്രസ്വകാല വിളകളെയും തെങ്ങിനിടയിൽ പരിപാലിക്കാം.

മണ്ണിന്റെ സ്വഭാവത്തെ ആശ്രയിച്ചാണ് തൈതെങ്ങുകൾ

നടാനുള്ള കുഴിയുടെ ആഴം നിശ്ചയിക്കുക.പാറയോടു കൂടിയ വെട്ടുകൽ മണ്ണാണെങ്കിൽ 1.5 മീറ്റർ നീളവും 1.5 മീറ്റർ വീതിയും 1.2 മീറ്റർ ആഴവുമുള്ള കുഴികൾ നിർമ്മിക്കണം. തൈ നടുന്നതിനു മുമ്പ് ഈ കുഴികൾ ഉണങ്ങി പൊടിഞ്ഞ ചാണകം, മേൽമണ്ണ്, ചാരം എന്നിവ കലർത്തി 60 സെന്റി മീറ്റർ നിറയ്ക്കാം. ചെങ്കൽ പ്രദേശങ്ങളിൽ കുഴി ഒന്നിന് 2 കിലോഗ്രാം വീതം ഉപ്പ് ചേർക്കുന്നത് മണ്ണിന് അയവു കിട്ടാൻ സഹായകമാകും. ജലവിതാനം കുറഞ്ഞ പശിമരാശി മണ്ണാണെങ്കിൽ 1 മീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള കുഴികൾ നിർമ്മിച്ച് 50 സെന്റിമീറ്റർ മേൽമണ്ണ് നിറച്ച് തൈകൾ നടാനാണ് പൊതുവായ ശിപാർശ. കുഴിയുടെ നടുവിൽ ചെറിയ കൈക്കുഴി ഉണ്ടാക്കി അതിൽ തൈ വച്ച് ചുറ്റും മണ്ണിട്ട് മൃദുവായി ഉറപ്പിക്കണം. കുഴിയിൽ തൈ നടുമ്പോൾ കണ്ണാടി ഭാഗം മണ്ണുകൊണ്ട് മൂടി പോകാതിരിക്കാൻ ശ്രദ്ധിക്കണം. ഓലക്കവിളുകളിലും മണ്ണ് വീഴാൻ പാടില്ല. എന്നാൽ ജലവിതാനം ഉയർന്ന സ്ഥലങ്ങളിൽ ഉപരിതലത്തിലോ മൺകൂനകളെടുത്തോ തൈകൾ നടേണ്ടതാണ്. ഇത്തരം പ്രദേശങ്ങളിലും കുഴികളുടെ നിർമ്മാണവും മണ്ണു നിറയ്ക്കലും ഒഴിവാക്കരുത്. കുഴികൾ നിറയ്ക്കുമ്പോൾ അത് മേൽമണ്ണാകാൻ ശ്രദ്ധിക്കണം. മണ്ണ് നിറയ്ക്കുന്നതിന് മുമ്പ് കുഴിയിൽ അടിഭാഗത്ത് രണ്ടു വരി ചകിരി മലർത്തി അടുക്കുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും. തൈകൾ നട്ടതിനു ശേഷം ബലമുള്ള കുറ്റിയടിച്ച് ബന്ധിപ്പിച്ചാൽ കാറ്റിൽ തൈ വീഴാതെ സംരക്ഷിക്കാം. അതുപോലെ ശക്തമായ സൂര്യതാപത്തിൽ നിന്ന് രക്ഷപ്പെടാൻ തെങ്ങിന്റെ ഓലയോ മറ്റോ ഉപയോഗിച്ച് തൈകൾക്ക് ആവശ്യമായ തണലും നല്കണം. നട്ടശേഷം മഴ കിട്ടാത്ത പക്ഷം തൈകൾ നനച്ചേ തീരൂ.

തൈകൾ നട്ട ഉടൻ തുടർച്ചയായി മഴയാണെങ്കിൽ കുഴിയിൽ വെള്ളം കെട്ടിനില്ക്കാതിരിക്കാൻ ചാലുകൾ കീറണം. കുഴിക്കു ചുറ്റും മണ്ണുകൊണ്ട് നല്ല വരമ്പു പിടിപ്പിച്ച് വെള്ളം കുഴിയിൽ കടക്കുന്നതും ഒഴിവാക്കുക.

കുമ്മായ വസ്തുക്കൾ ചേർക്കൽ

വേനൽ മഴയുടെ അഭാവം മൂലം മെയ് മാസത്തിൽ കുമ്മായം ചേർത്തിട്ടില്ലെങ്കിൽ തെങ്ങ് ഒന്നിന് ഒരു കിലോഗ്രാം ഡോളോമൈറ്റോ കുമ്മായമോ വീതം ജൂണിൽ നല്കേണ്ടതാണ്. ഇത് രാസവളപ്രയോഗത്തിന് 15 ദിവസം മുമ്പ് വേണം.

വളപ്രയോഗം

മഴയെ ആശ്രയിച്ചു കൃഷി നടത്തുന്ന തോട്ടങ്ങളിൽ ശിപാർശയനുസരിച്ചുള്ള രാസവളത്തിന്റെ മൂന്നിൽ ഒന്ന് കാലവർഷ ആരംഭത്തോടെ തടങ്ങളിൽ ചേർത്തു കൊടുക്കണം. കായ്ഫലം തരുന്ന തെങ്ങ് ഒന്നിന് വർഷത്തിൽ 500 ഗ്രാം പാക്യജനകം, 320 ഗ്രാം ഭാവഹം, 1200 ഗ്രാം ക്ഷാരം എന്ന തോതിൽ നല്കാനാണ് പൊതുവായ ശിപാർശ. ഇതിന്റെ മൂന്നിൽ ഒന്ന് ലഭിക്കാൻ 0.36 കിലോഗ്രാം യൂറിയ, 0.5 കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ്(അമ്ലസ്വഭാവമുള്ള മണ്ണിൽ) അല്ലെങ്കിൽ 0.7 കിലോഗ്രാം സൂപ്പർ ഫോസ്ഫേറ്റ് (മറ്റു പ്രദേശങ്ങളിൽ), കൂടാതെ 0.7 കിലോഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ തെങ്ങൊന്നിനു നല്കണം. വളങ്ങൾ തെങ്ങിന്റെ ചുവട്ടിൽ നിന്നു 1.8 മീറ്റർ അകലത്തിൽ തടം ഇളക്കി വിതറി മണ്ണിട്ടു മൂടണം. മൂന്നു വർഷത്തിൽ ഒരിക്കൽ തോട്ടത്തിലെ മണ്ണ് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ വേണം വളങ്ങൾ ഏതൊക്കെ എത്ര അളവിൽ നല്കണം എന്നു തീരുമാനിക്കുവാൻ. തോട്ടത്തിലെ മണ്ണിൽ ഫോസ്ഫറസ് അളവ് 20 പിപിഎമ്മിൽ കൂടുതലാണെങ്കിൽ ഇതടങ്ങിയ വളങ്ങൾ നല്കേണ്ടതില്ല. തെങ്ങുകൾക്ക് ജലസേചനം നല്കുന്നുണ്ടെങ്കിൽ ശിപാർശ ചെയ്തിട്ടുള്ള രാസവളങ്ങളുടെ നാലിൽ ഒന്ന് ജൂൺ മാസത്തിൽ നല്കാവുന്നതാണ്.

ജീവാണുവള പ്രയോഗം

മഴക്കാല ആരംഭത്തോടൊപ്പം വേണം തെങ്ങിനു ജീവാണുവളങ്ങൾ നല്കാൻ, പ്രത്യേകിച്ച് മഴയെ ആശ്രയിക്കുന്ന തോട്ടങ്ങളിൽ. അസോസ്പൈറില്ലം, ഫോസ്ഫേറ്റിനെ വിഘടിപ്പിക്കുന്ന ബാക്ടീരിയ എന്നിവ ടാൽക് അല്ലെങ്കിൽ മണ്ണിര കമ്പോസ്റ്റ് മാധ്യമത്തിൽ വളർത്തിയത് തെങ്ങ് ഒന്നിന് 100 ഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കാം. തെങ്ങിന്റെ വളർച്ചയെ പോഷിപ്പിക്കുന്ന രണ്ടു തരം ജീവാണു വളങ്ങൾ സിപിസിആർഐ വികസിപ്പിച്ചിട്ടുണ്ട്. കേര പ്രോബയോ (*ബാസില്ലസ് മേഗതിരിയം* എന്ന ബാക്ടീരിയ അടങ്ങിയ ടാൽക്ക് അധിഷ്ഠിത മിശ്രിതം) ഒരു തെങ്ങിൻ തൈക്ക് 25 ഗ്രാം തോതിൽ മണ്ണിര കമ്പോസ്റ്റ്, കാലിവളം എന്നിവിൽ ഏതെങ്കിലുമായി കലർത്തി നടുമ്പോൾ തന്നെ നല്കാം. അതു പോലെ *മൈക്കോറൈസ* (വാം) അടങ്ങിയ ജീവാണുവളമായ കേരം തൈ ഒന്നിന് 50 ഗ്രാം എന്ന തോതിലും നല്കാം.

പച്ചില ചെടികൾ കൊണ്ട് തട പരിപാലനം

പച്ചിലവള ചെടികളായ പയർ, തോട്ടപ്പയർ, ചണമ്പ്, മുതിര,ഡയിഞ്ച തുടങ്ങിയവ തെങ്ങിൻ തടങ്ങളിൽ വിതച്ച് വളർത്താം. ഈ ചെടികൾ 50 ശതമാനം പൂവിടുന്ന സമയത്ത് മണ്ണിൽ കിളച്ചു ചേർക്കണം തടം ഒന്നിനു 100 ഗ്രാം എന്ന തോതിൽ വിത്താണ് ഉപയോഗിക്കേണ്ടത്. ജൂൺ മാസത്തോടെ ഇവ തെങ്ങിന്റെ ചുവട്ടിൽ നിന്ന് 1.8 മീറ്റർ മാറി തടത്തിൽ വിതയ്ക്കണം.

തുള്ളി നനക്കുഴലുകൾ നീക്കുക

തുള്ളി നന സംവിധാനത്തിന്റെ പാർശ്വ കുഴലുകൾ ജൂണിൽ കാലവർഷാരംഭത്തോടെ തെങ്ങിൻ തടങ്ങളിൽ നിന്നു മാറ്റണം. ഇവ തോട്ടത്തിൽ ജലസേചന സംവിധാനം സ്ഥാപിച്ചിരിക്കുന്ന സ്ഥലത്ത് ബലമുള്ള തൂണുകളിലോ അല്ലെങ്കിൽ ഒരു തെങ്ങിലോ സുരക്ഷിതമായി കെട്ടി ഉറപ്പിച്ചു വയ്ക്കണം.

ഇടവിളകൃഷി

തെങ്ങിൻ തോട്ടത്തിനു യോജിച്ച ഇടവിളകളും മിശ്രവിളകളും മഴക്കാലാരംഭത്തോടെ ജൂൺമാസത്തിൽ നാടാവുന്നതാണ്. നേന്ത്രൻ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ, കപ്പ, മധുരകിഴങ്ങ് തുടങ്ങിയ ഹ്രസ്വകാല വിളകളും കരുമുളക്, ജാതി, വാനില, കൊക്കോ, ഗ്രാമ്പു, കറുവപ്പട്ട തുടങ്ങിയ ദീർഘകാല വിളകളും തെങ്ങിൻ തോപ്പിൽ നട്ടു പരിപാലിക്കാം.

വിള സംരക്ഷണം

രാജ്യത്തെ പ്രമുഖ നാളികേര ഉത്പാദക മേഖലകളിൽ ജൂൺ മാസത്തോടെയാണ് കാലവർഷം ആരംഭിക്കുക. പ്രകൃ

തി, കടുത്ത വരൾച്ചയിൽ നിന്ന് നനവിലേയ്ക്ക് മാറുന്ന ഈ അവസരത്തിൽ തെങ്ങുകൾ അവയുടെ വളർച്ചാ പ്രക്രിയ പുനക്രമീകരിച്ച് വളം വലിച്ചെടുക്കുന്ന വേരുകൾ സജീവമാക്കും. അതുകൊണ്ട് മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ തെങ്ങിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ വളങ്ങൾ നല്കുന്നതിനൊപ്പം കീടരോഗബാധ നിരീക്ഷിക്കുന്നതിനും അവയുടെ നിയന്ത്രണത്തിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിക്കണം. നീരൂറ്റിക്കുടിക്കുന്ന മണ്ടരി, പിരിയൻ വെള്ളീച്ച എന്നിവയുടെ ആക്രമണവും തെങ്ങോലപ്പുഴു ബാധയും കാലവർഷാരംഭത്തോടെ ദുർബലമാകും. എന്നാൽ, തെങ്ങിന്റെ പ്രധാന രണ്ടു ശത്രുക്കളായ കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നിവ ഈ കാലയളവിൽ കനത്ത ഭീഷണിയാകും. കൂടാതെ വേരുതീനിപ്പുഴുക്കളുടെ ആക്രമണവും വർധിക്കും. അതിനാൽ കൃഷിക്കാർ എല്ലാ വിധ പ്രതിരോധ നടപടികളും സ്വീകരിക്കണം.

കീടങ്ങൾ

കൊമ്പൻ ചെല്ലി

സർവ വ്യാപിയായ കീടം എന്ന നിലയിൽ ആണ്ടുവട്ടത്തിലുടനീളം കൊമ്പൻ ചെല്ലിയുടെ ആക്രമണം ഉണ്ടാകുന്നു. എന്നിരുന്നാലും തൈകൾ നടുന്ന മഴക്കാലത്താണ് കൂടുതൽ കാണുന്നത്. പുതുതായി നടുന്ന തൈ തെങ്ങുകളുടെ കൂമ്പു പോലും ചെല്ലിയുടെ ആക്രമണം മൂലം നശിക്കുന്നു. ചെറു തെങ്ങുകളും ആക്രമണത്തിനു വിധേയമാകുന്നു. ചെറു തൈകളിലും നട്ട് 4 - 5 വർഷം ആയ തൈകളിലും ചെല്ലിയുടെ ആക്രമണം മൂലം നാമ്പോലയ്ക്ക് കേടുണ്ടാകുന്നു. തുടർന്ന് നാമ്പിന്റെ ഭാഗങ്ങൾ ചേർന്ന് ആനയുടെ കൊമ്പ് പോലെ വളയും. ആക്രമണ വിധേയമായ ചെറു തെങ്ങുകളുടെ വളർച്ച മുരടിക്കും, അവ

പുഷ്പിക്കുവാൻ വൈകും. ഏറ്റവും ഒടുവിൽ തേങ്ങകൾ പേടാകുന്ന ലക്ഷണവും ഈ തെങ്ങുകൾ പ്രകടിപ്പിക്കുന്നു. കൊമ്പൻ ചെല്ലിയുടെ ആക്രമണത്തിനുപരി ചെമ്പൻ ചെല്ലിയുടെ മുട്ടയിടീലും കൂമ്പു ചീയലും എല്ലാം ഈ സമയത്താണ് തെങ്ങുകളിൽ സംഭവിക്കുക

നിയന്ത്രണ മാർഗ്ഗങ്ങൾ

തെങ്ങിൻ തോട്ടങ്ങൾ വൃത്തിയായി പരിപാലിക്കുന്നിടത്തുനിന്നു തുടങ്ങുന്നു ചെല്ലിക്കെതിരെയുള്ള പ്രതിരോധം.

നിയന്ത്രണ നടപടികളിൽ പ്രധാനം വേപ്പിൻ പിണ്ണാക്ക്, മരോട്ടി പിണ്ണാക്ക്, ഉങ്ങ് പിണ്ണാക്ക് എന്നിയിൽ ഏതെങ്കിലും 250 ഗ്രാം സമം മണലുമായി ചേർത്ത് തെങ്ങുകളുടെ ഏറ്റവും ഉള്ളിലുള്ള മൂന്ന് ഓലക്കവിളുകളിൽ നിറയ്ക്കുക. അല്ലെങ്കിൽ ഈ മൂന്നു ഓലക്കവിളുകളിലും ഓരോ പാറ്റാ ഗുളിക നിക്ഷേപിച്ച് അതിനു മുകളിൽ മണൽ നിറയ്ക്കുക.

പ്രഭാതങ്ങളിൽ തോട്ടത്തിലൂടെ നടന്ന് തെങ്ങുകൾ പരിശോധിക്കുക, കൊമ്പൻ ചെല്ലികളെ ചെല്ലിക്കോൽ ഉപയോഗിച്ച് കുത്തി എടുത്ത് നശിപ്പിക്കുക. ഇതു വഴി ഒരു പരിധി വരെ തോട്ടത്തിൽ ചെല്ലികളുടെ ജനസംഖ്യ കുറയും.

മീൻവല ഉപയോഗിച്ച് തെങ്ങുകളുടെ ഏറ്റവും ഇളം നാമ്പ് ഓലയും അതിനോടു ചേർന്നുള്ള ഭാഗങ്ങളും പൊതിഞ്ഞു കെട്ടുക. വരുന്ന ചെല്ലികൾ ഇതിൽ കുടുങ്ങി ചാവും. ചെറിയ സുഷിരങ്ങളിട്ട സഞ്ചികളിൽ 3 ഗ്രാം *ക്ലോറാന്ത്രനിലിപ്രോൾ* അല്ലെങ്കിൽ *ഫിപ്രോനിൽ* നിറച്ച് ഏറ്റവും മുകളിലുള്ള മൂന്ന് ഓലക്കവിളുകലിൽ നിക്ഷേപിക്കുക. ചെല്ലിയുടെ ആക്രമണം ഒഴിവാകും.

ക്ഷീര കർഷകർ അവരുടെ വളക്കുഴികളിൽ *മെറ്റാറൈസിയം അനൈസോപ്ലിയെ* എന്ന മിത്ര കുമിളിനെ നിക്ഷേപിച്ചാൽ അവ ചെല്ലിയുടെ പുഴുക്കളിൽ പ്രവേശിച്ച് പ്രവർത്തിച്ച് പുഴുക്കൾ സ്വയം നശിക്കും. ഒരു പ്രദേശത്തെ കൃഷിക്കാർ കൂട്ടമായി ഈ നടപടി സ്വീകരിച്ചാൽ പരിസ്ഥിതി സൗഹൃദമായി കീട നിയന്ത്രണം സാധിക്കാം.

ക്ഷീര കർഷകർ അവരുടെ തൊഴുത്തിനോടു ചേർന്നുള്ള വളക്കുഴികളിൽ പെരുവലം എന്ന കള സസ്യം വേരോടെ പിഴുത് നിക്ഷേപിച്ചാൽ ചെല്ലിയുടെ പുഴുക്കൾ നശിക്കും. പുഴുക്കളുടെ പരിണാമ ദശകളിൽ ഈ ചെടിയുടെ അംശങ്ങൾ ഹോർമോൺ പരമായ അപഭ്രംശങ്ങൾക്കു കാരണമാവുകയും അങ്ങിനെ അവ വളർച്ചയെത്താതെ നശിക്കുകയും ചെയ്യും.

ഇടവിള കൃഷിയിലൂടെയുള്ള വിള പരിക്രമം കീടങ്ങളെ അകറ്റുകയും തുടർച്ചയായി വരുമാനം ലഭ്യമാക്കുകയും ചെയ്യും. കൂടാതെ അധിക തൊഴിലവസരങ്ങളും സൃഷ്ടിക്കും.

ചെമ്പൻ ചെല്ലി

നാളികേരത്തിന്റെ ഏറ്റവും മാരക ശത്രുവാണ് ഈ കീടം. തെങ്ങിൽ ഉണ്ടാകുന്ന ചെറിയ മുറിവു പോലും ഈ കീടത്തിന്റെ കടന്നു കയറ്റത്തിനു കാരണമാകുന്നു. ഇവ ഏറ്റവുമധികം ആക്രമിക്കുന്നത് കുറിയ ഇനം തെങ്ങുകളെയും 5-15 വർഷം പ്രായമായ തെങ്ങുകളെയുമാണ്. ഈ കീടത്തിന്റെ എല്ലാ ജീവിത ദശകളും തെങ്ങിന്റെ ഉള്ളിൽ തന്നെയാണ്. ആക്രമിക്കപ്പെടുന്ന തെങ്ങുകളുടെ അടി ഓലകൾ ഒടിഞ്ഞു തൂങ്ങും. മധ്യഭാഗത്തുള്ളവ മഞ്ഞളിക്കും. തടിയിൽ ദ്വാരങ്ങൾ പ്രത്യക്ഷപ്പെടും.

അതിൽ നിന്ന് തവിട്ടു നിറമുള്ള ദ്രാവകം സ്രവിക്കും. ഇതെല്ലാമാണ് ലക്ഷണങ്ങൾ.



നിയന്ത്രണമാർഗ്ഗങ്ങൾ

തോട്ടം ശുചിയായി സൂക്ഷിക്കുക, ജീർണിച്ച തെങ്ങിന്റെ ഭാഗങ്ങൾ തീയിട്ടു നശിപ്പിക്കുക

വൃക്ഷങ്ങളിൽ മുറിവുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക. മടലുകൾ വെട്ടുമ്പോൾ തടിയിൽ നിന്ന് ഒരു മീറ്ററെങ്കിലും മാറി മുറിക്കുക.

ബഹുവിള കൃഷി രീതി അനുവർത്തിക്കുകയും പൊതുവിൽ ശിപാർശ ചെയ്യുന്ന ഇടയകലം പാലിക്കുകയും ചെയ്യുക.

കൃത്യവും യഥാസമയവുമുള്ള കീടനാശിനികളുടെ പ്രയോഗം *ഇമിഡാക്ലോറോപ്രിഡ് 0.002 %* (ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ *ഇൻഡോക്സോകാർബ് 0.04 %* (2.5 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ) എന്ന തോതിൽ ആക്രമിക്കപ്പെട്ട വൃക്ഷങ്ങളിൽ പ്രയോഗിക്കുക. കീടങ്ങൾ നശിക്കും. പുതിയ കൂമ്പ് വന്ന് വൃക്ഷം പുതുജീവൻ പ്രാപിക്കും.

നാളികേരാധിഷ്ഠിത ബഹുവിള സമ്പ്രദായം പലതരം തേനീച്ചകളെയും ചിത്രശലഭങ്ങളെയും മറ്റും തോട്ടത്തിലേയ്ക്ക് ആകർഷിക്കും ഇവയെല്ലാം വിവിധ തരത്തിലുള്ള ഗന്ധങ്ങളും വീചികളും പുറപ്പെടുവിക്കും. ഇത് ചെല്ലികൾക്ക് വിഭ്രാന്തി സൃഷ്ടിച്ച് അവയെ തോട്ടത്തിൽ നിന്ന് അകറ്റും.

വേര്തീനി പുഴുക്കൾ

മണ്ണിൽ ജീവിക്കുന്ന ഈ കീടം തെങ്ങിന്റെ വേരുകൾ ആഹാരമാക്കുകയും തത്ഫലമായി തെങ്ങിന്റെ ഓലകൾ മഞ്ഞളിക്കും, മൂപ്പ് എത്തും മുമ്പെ തേങ്ങകൾ കൊഴിയും, വളർച്ച മുരടിക്കും, അങ്ങിനെ ഉത്പാദനം നിലയ്ക്കും. പുഴുക്കൾ മണ്ണിൽ ഒളിച്ചിരിക്കുന്നതിനാൽ ഈ കീടം ഉണ്ടാക്കുന്ന നാശത്തിന്റെ ലക്ഷണങ്ങൾ തിരിച്ചറിയുക വളരെ പ്രധാനമാണ്. ജൈവ വസ്തുക്കൾ, പുല്ലിന്റെയും ഇടവിളകളുടെയും വേരുകൾ എന്നിവ ആഹരിച്ചാണ് ഇവ ആദ്യം വളരുക. പിന്നീട്

ഇവ തെങ്ങിന്റെ വേരുകൾ തിന്നു തുടങ്ങും. മണ്ണിലുള്ള വളർച്ചയെത്തിയ പുഴുക്കൾ ജൂൺ മാസത്തിൽ പുറത്തു വരും. കർണാടകത്തിലും കേരളത്തിൽ കാസർഗോഡ് മേഖലകളിലും മണൽമണ്ണ് ഉള്ള ഭൂഭാഗങ്ങളിൽ ഇവയുടെ ആക്രമണം അതിരൂക്ഷമാണ്.

നിയന്ത്രണ മാർഗ്ഗങ്ങൾ

വേനലിൽ തോട്ടങ്ങളിലെ ഇടയിളക്കൽ സ്ഥിരമായി നടത്തുകയാണെങ്കിൽ വളർച്ചയെത്താത്ത വിവിധ ദശയിലുള്ള പുഴുക്കൾ പുറത്തു വരികയും അന്യജീവികൾ ഇതിനെ തിന്നു നശിപ്പിക്കുകയും ചെയ്യും.

തെങ്ങിൻ തടങ്ങളിൽ അഞ്ചു കിലോഗ്രാം വീതം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുത്താൽ വേരുകൾ ശക്തി പ്രാപിക്കും.

വേരു തീനി പുഴുക്കൾക്ക് രോഗം പരത്തുന്ന *സ്റ്റെയിനെർനിമ കാർപോകാപ്സെ* എന്ന ഇനം നിമാവിരകളുടെ കുഞ്ഞുങ്ങളെ ഒരു ഹെക്ടറിൽ 1. 5 ശതലക്ഷം എന്ന നിരക്കിൽ തെങ്ങിൻ തോട്ടങ്ങളിലെ മണ്ണിൽ നിക്ഷേപിക്കുക.

രോഗങ്ങൾ

ഓല ചീയൽ

കാറ്റുവീഴ്ച്ച ബാധിച്ചിട്ടുള്ള തെങ്ങുകളിൽ സാധാരണയായി പടർന്നു പിടിക്കുന്ന രോഗമാണ് ഇത്. ഓലകളുടെ അഗ്രഭാഗം തിളച്ച വെള്ളം വീണതു പോലെ കരിഞ്ഞുണ

ങ്ങിത്തുടങ്ങുകയും അത് മറ്റ് ഓലകളിലേയ്ക്കു പടരുകയും ചെയ്യുന്നതാണ് ലക്ഷണം. മഴക്കാലം കഴിഞ്ഞു ഡിസംബർ മാസത്തോടെയാണ് ഈ രോഗം പ്രധാനമായും കണ്ടു വരുന്നത്. രോഗബാധിതമായ ഓലകൾ കരിയുമെങ്കിലും വൃക്ഷത്തിൽ നിന്ന് കൊഴിഞ്ഞു വീഴാതെ അവിടെ ചേർന്ന് നില്ക്കും. തുടക്കത്തിൽ ചെറിയ പുള്ളികൾ പോലെ തുടങ്ങി പിന്നീട് വ്യാപിക്കുകയും വൃക്ഷങ്ങളുടെ ഹരിത വിസ്തൃതിയിൽ കുറവ് സംഭവിച്ച് പ്രകാശസംശ്ലേഷണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. തെക്കൻ കേരളത്തിലെ കാറ്റുവീഴ്ച്ച ബാധിത മേഖലകളിൽ ഈ രോഗം വ്യാപകമാണ്.

നിയന്ത്രണ മാർഗ്ഗങ്ങൾ

ഓലകളുടെ രോഗബാധിതമായ ഭാഗങ്ങളും അതിനോട് ചേർന്നുള്ള അടിയോലകളും ആവശ്യാനുസരണംമുറിച്ച് നീക്കി കത്തിച്ചു കളയണം.

ഹെക്സാകൊണാസോൾ 5 ഇസി, 2 മില്ലി ലിറ്റർ 300 മില്ലി ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയാറാക്കിയ



ലായിനി നാമ്പോലകളിലും കവിളിലും തളിക്കുക. സ്ഥിരമായി ഓലചീയൽ രോഗം കാണുന്ന പ്രദേശങ്ങളിൽ മുൻകരുതൽ എന്ന നിയ്ക്ക് ളിൽ കുമിൾ നാശിനി ഉപയോഗിക്കാം.

കൂമ്പു ചീയൽ

ഫൈറ്റോഫ്തോറ പാമിവോറ എന്ന കുമിളിന്റെ ആക്രമണമാണ് ഈ രോഗത്തിനു കാരണം. അന്തരീക്ഷ താപനില കുറവുള്ള മേഖലകളിൽ കാണുന്ന ഈ രോഗം മൂലം ഓരോ വർഷവും ആയിരക്കണക്കിനു തെങ്ങുകൾ നശിക്കുന്നു. നാമ്പോലയുടെ നിറം മങ്ങുന്നതാണ് പ്രാരംഭ ലക്ഷണം. പിന്നീട് ഇത് ഉണങ്ങി ഒടിഞ്ഞു തൂങ്ങും. ഉണങ്ങിയ ഈ നാമ്പോലയിൽ പിടിച്ചു വലിച്ചാൽ വേഗത്തിൽ ഊരിപ്പോരും. അതിന്റെ അടിഭാഗം പൂർണമായും അഴുകിയതും ദുർഗന്ധം വമിക്കുന്നതും ആയിരിക്കും. അന്തരീക്ഷ താപനില 20 -24 ഡിഗ്രിയും ആർദ്രത 98% - 100% വും ആയിരിക്കുന്ന അവസ്ഥയാണ് കൂമ്പു ചീയൽ രോഗം വ്യാപനത്തിന് അനുകൂലം. നല്ല മഴക്കാലത്ത് ഇത്തരം അനുകൂല കാലാവസ്ഥയുള്ള ദിവസങ്ങളിലാണ് രോഗവ്യാപനം രൂക്ഷമാകുന്നത്. കൂമ്പുചീയൽ അതീവ ഗുരുതരമാണ്. അതിനാൽ മഴക്കാലത്ത് തെങ്ങുകളുടെ നാമ്പോലയും ചുറ്റുമുള്ള ഓലക്കവിളുകളും തുടർച്ചയായ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കണം.

നിയന്ത്രണ നടപടികൾ

തെങ്ങിന്റെ മണ്ട കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുക. രോഗപ്രതിരോധമെന്ന നിലയിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. മഴക്കാലത്തിനു മുമ്പും അതിനു ശേഷം 35- 40 ദിവസം കഴിഞ്ഞ് ഇത് ആവർത്തിക്കുകയും ചെയ്താൽ കൂമ്പുചീയലിനെ ഒരു പരിധി വരെ പ്രതിരോധിക്കാൻ സാധിക്കും.

തോട്ടം വൃത്തിയായി സൂക്ഷിക്കുക, മഴക്കാലത്ത് വെള്ളക്കെട്ട് ഒഴിവാക്കാൻ കാനകൾ തുറക്കുക.

ട്രൈക്കോഡർമ്മ സമ്പുഷ്ടീകരിച്ച രണ്ട് ചകിരിച്ചോറ് കട്ടകൾ മഴക്കാലം ആരംഭിക്കുന്നതിന് തൊട്ടു മുമ്പ് തെങ്ങുകളുടെ ഏറ്റവും ഉള്ളിലുള്ള ഓലക്കവിളിൽ നിക്ഷേപിക്കുക. ഈ പ്രതിരോധ നടപടി എല്ലാ രണ്ടു മാസത്തെയും ഇടവേളകളിൽ ആവർത്തിക്കുക.

വൃക്ഷങ്ങളിലെ രോഗബാധിതമായ എല്ലാ സസ്യ ഭാഗങ്ങളും മൂർച്ചയുള്ള കത്തി കൊണ്ട് മുറിച്ച്മാറ്റി തീയിട്ടു നശിപ്പിക്കുക. അതിനു ശേഷം ഈ ഭാഗം 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് പുരട്ടി പോളിത്തീൻ പേപ്പർ ഉപയോഗിച്ച് പൊതിഞ്ഞ് മഴവെള്ളം പ്രവേശിക്കാതെ എന്നാൽ, വായു കടക്കും വിധത്തിൽ സൂക്ഷിക്കുക. പുതിയ നാമ്പോല വരുന്നതു വരെ ഈ കരുതൽ നടപടി തുടരുക.

തെങ്ങുകളുടെ കീട രോഗ നിയന്ത്രണത്തിനായി ഒരു പ്രദേശത്തെ മുഴുവൻ കേരകർഷകരുടെയും കൂട്ടായ്മയോടെയുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണ്. കീട രോഗബാധ കൃത്യമായി നിർണയിക്കുകയും ഉചിതമായ നിയന്ത്രണ നടപടികൾ യഥാസമയം സ്വീകരിക്കുകയും വേണം. കീട രോഗ ബാധയെ പ്രതിരോധിക്കുന്നതിനുതകുന്ന മുൻ കരുതൽ നടപടികൾക്കാണ് ഊന്നൽ നല്കേണ്ടത്. ഒപ്പം തന്നെ തെങ്ങുകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ വളപ്രയോഗം മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ അനുവർത്തിക്കുകയും വേണം.

തയ്യാറാക്കിയത് ഡോ. സി. തമ്പാൻ, ഡോ. പി. സുബ്രഹ്മണ്യൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം കാസർഗോഡ്, ഡോ. ജോസഫ് രാജ് കുമാർ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം.

കമ്പോള അവലോകനം - ഏപ്രിൽ 2019

ആഭ്യന്തര വില നിലവാരം

വെളിച്ചെണ്ണ

കേരളത്തിലെ മൂന്നു വിപണികളിലും 2019 ഏപ്രിൽ മാസത്തിൽ വെളിച്ചെണ്ണ വിലയിൽ കുറവാണ് കാണാൻ സാധിച്ചത്. കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 16300 രൂപയിലും കോഴിക്കോട്ട് 16700 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചത്. മാസാവസാനം വിപണി ക്ലോസ് ചെയ്തപ്പോൾ, കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 15900 രൂപയും കോഴിക്കോട് മാർക്കറ്റിൽ 16200 രൂപയുമായിരുന്നു വില നിലവാരം. വ്യാപാരം അവസാനിച്ചപ്പോൾ കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 400 രൂപയുടെയും കോഴിക്കോട്ട് 500 രൂപയുടെയും നഷ്ടം രേഖപ്പെടുത്തി.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസം വെളിച്ചെണ്ണ വിലയിൽ കുറവണ് ദൃശ്യമായത്. ക്വിന്റലിന് 12667 രൂപയിൽ ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം 334 രൂപ നഷ്ടത്തിൽ 12333 രൂപയിൽ ക്ലോസ് ചെയ്തു. ഏപ്രിൽ മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

	കൊച്ചി	ആലപ്പുഴ	കോഴിക്കോട്	കാങ്കയം
01.04.2019	16300	16300	16700	12667
07.04.2019	16300	16300	16700	12333
14.04.2019	16000	16000	16500	12000
21.04.2019	16000	16100	16500	12467
30.04.2019	15900	15900	16200	12333

ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ വ്യാപാരം കോഴിക്കോട് വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 16300 രൂപയിൽ ആരംഭിച്ചു. ഏപ്രിൽ മാസം ആദ്യം വിലയിൽ കുറവാണ് അനുഭവപ്പെട്ടത്. രണ്ടാം വാരത്തിൽ വില ഉയർന്നെങ്കിലും മാസാവസാനം വിലകൾ പിന്നെയും താഴ്ന്നു. ഒടുവിൽ ക്വിന്റലിന് 200 രൂപ നേട്ടത്തിൽ 16500 രൂപയിൽ വിപണി ക്ലോസ് ചെയ്തു. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)	
01.04.2019	16300
07.04.2019	16000
14.04.2019	16900
21.04.2019	16700
30.04.2019	16500

ആട്ടു കൊപ്ര

ആട്ടു കൊപ്രയുടെ വ്യാപാരം കഴിഞ്ഞ മാസം കൊച്ചിയിൽ ക്വിന്റലിന് 10200 രൂപയിലും ആലപ്പുഴയിൽ 10100 രൂപയിലും, കോഴിക്കോട് 10450 രൂപയിലുമാണ് ആരംഭിച്ചത്. കേരളത്തിലെ ഈ മൂന്നു വിപണികളിലും കൊപ്ര വിലയിൽ ഏപ്രിൽ മാസം ഉടനീളം കുറവാണ് അനുഭവപ്പെട്ടത്. വിപണി ക്ലോസ് ചെയ്യുമ്പോൾ കൊച്ചിയിൽ ക്വിന്റലിന് 9900 രൂപയും ആലപ്പുഴയിൽ 9800 രൂപയും കോഴിക്കോട്ട് ക്വിന്റലിന് 10500 രൂപയുമായിരുന്നു വില. അതായത് കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 300 രൂപയും, കോഴിക്കോട്ട് 400 രൂപയും വീതം നഷ്ടത്തിലാണ് വ്യാപാരം അവസാനിച്ചത്. തമിഴ് നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ ക്വിന്റലിന് 9000 രൂപയിൽ ആരംഭിച്ച വ്യാപാരം 8900 രൂപയിൽ അവസാനിച്ചു. നഷ്ടം ക്വിന്റലിനു 100 രൂപ. വിവിധ കമ്പോളങ്ങളിൽ ആട്ടു കൊപ്രയുടെ വാരാന്ത്യ വില

നിലവാരം പട്ടിക 3 ൽ:

പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)				
	കൊച്ചി	ആലപ്പുഴ (രാശി കൊപ്ര)	കോഴിക്കോട്	കാങ്കയം
01.04.2019	10200	10100	10450	9000
07.04.2019	10100	10100	10400	8900
14.04.2019	10000	9800	10250	8800
21.04.2019	10100	10000	10300	9000
30.04.2019	9900	9800	10050	8900

ഉണ്ട കൊപ്ര

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2019 ഏപ്രിലിൽ ഉണ്ടകൊപ്രയുടെ വിലയിൽ മൊത്തം കുറവ് രേഖപ്പെടുത്തി. പക്ഷെ ക്വിന്റലിന് 16500 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം ഉയർന്ന് ക്വിന്റലിന് 16500 രൂപയിൽ തന്നെ അവസാനിച്ചു. ഉണ്ടകൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :

പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ)	
01.04.2019	16500
07.04.2019	16500
14.04.2019	16200
21.04.2019	16100
30.04.2019	16500

കൊട്ട തേങ്ങ

കോഴിക്കോട് വിപണിയിൽ കൊട്ട തേങ്ങയുടെ വിലയിൽ 2019 ഏപ്രിൽ മാസത്തിലുടനീളം കുറവാണ് രേഖപ്പെടുത്തിയത്. ക്വിന്റലിന് 7700 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം 700 രൂപ നഷ്ടത്തിൽ 7000 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:

പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)	
01.04.2019	7700
07.04.2019	8000
14.04.2019	7650
21.04.2019	7350
30.04.2019	7000

നാളികേരം

നെടുമങ്ങാട് വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം 2019 ഏപ്രിലിൽ ആയിരത്തിന് 15000 രൂപയ്ക്ക് ആരംഭിച്ച്, മാസവസാനം 14000 രൂപയിൽ ക്ലോസ് ചെയ്തു. തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ ആയിരത്തിന് 12000 രൂപയിൽ ആരംഭിച്ച നാളികേര വ്യാപാരം 11000 രൂപയിൽ ക്ലോസ് ചെയ്തു. ബാംഗ്ളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 20500 രൂപയിൽ ആരംഭിച്ച് മാസാവസാനം 18500 രൂപയിൽ ക്ലോസ് ചെയ്തു. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്)			
	നെടുമങ്ങാട്	പൊള്ളാച്ചി	ബംഗളുരു
01.04.2019	15000	12000	20500
07.04.2019	15000	12000	20500
14.04.2019	14000	12000	20500
21.04.2019	14000	12000	20500
30.04.2019	14000	11000	18500

തേങ്ങ

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ നാളികേര വിപണികളിലെ വില നിലവാരം പട്ടിക 8 ൽ :

പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)				
	ഫിലിപ്പൈൻസ്	ഇൻഡോനേഷ്യ	ശ്രീലങ്ക	ഇന്ത്യ*
06/4/2019	113	140	156	389
13/04/2019	115	140	156	382
20/04/2019	115	141	156	382
27/04/2019	115	141	157	374

*പൊള്ളാച്ചി

അന്താരാഷ്ട്ര വില നിലവാരം

വെളിച്ചെണ്ണ

ഇന്ത്യയിലെയും ഇന്തോനേഷ്യയിലെയും ശ്രീലങ്കയിലെയും, അന്താരാഷ്ട്ര ആഭ്യന്തര വിപണികളിൽ കഴിഞ്ഞ മാസത്തിലുടനീളം വെളിച്ചെണ്ണ വിലയിൽ ചാഞ്ചാട്ടമാണ് പ്രകടമായത്. അതെ സമയം ഫിലിപ്പീൻസിലെ ആഭ്യന്തര വിപണികളിൽ വിലയിൽ നേരിയ കുറവും അനുഭവപ്പെട്ടു. വിവിധ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)					
	അന്താരാഷ്ട്ര വില നിലവാരം	ആഭ്യന്തര വില നിലവാരം			
	ഫിലിപ്പൈൻസ്/ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്)	ഫിലിപ്പൈൻസ്	ഇൻഡോനേഷ്യ	ശ്രീലങ്ക	ഇന്ത്യ*
06/4/2019	669	650	655	1,860	1,776
13/04/2019	681	645	647	1,861	1,728
20/04/2019	674	634	649	1,861	1,796
27/04/2019	658	633	637	1,855	1,776

*കാങ്കയം

കൊപ്ര

പ്രധാനപ്പെട്ട നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഫിലിപ്പീൻസ്, ഇന്തോനേഷ്യ എന്നിവിടങ്ങളിലെ ആഭ്യന്തര വിപണികളിലെ കൊപ്രയുടെ വിലയിൽ ചാഞ്ചാട്ടമാണ് കണ്ടത്. അതെ സമയം ശ്രീലങ്കയിൽ നേരിയ കുറവും ദൃശ്യമായി. വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)				
	ഫിലിപ്പൈൻസ്	ഇൻഡോനേഷ്യ	ശ്രീലങ്ക	ഇന്ത്യ*
06/4/2019	424	395	944	1282
13/04/2019	431	390	944	1267
20/04/2019	430	392	944	1296
27/04/2019	427	387	941	1260

*കാങ്കയം

ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്‌ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്യൂട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യൂ റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യാനെറ്റ്, ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.

ഫോൺ - 9495325526 ,8157994173

കോക്കനട്ട് ചോക്കലേറ്റ്

പുഡിംങ്

ചേരുവകൾ: | ഉപ്പ് ഇല്ലാത്ത വെണ്ണ - 55 ഗ്രാം | ബ്രൗൺ നിറമുള്ള പഞ്ചസാര - 55 ഗ്രാം | മൈദ - 45 ഗ്രാം | കൊക്കോ പൗഡർ - 10 ഗ്രാം | ബേക്കിംങ് പൗഡർ - മുക്കാൽ ടീസ്പൂൺ | ഉപ്പ് - ഒരു നുള്ള് | മുട്ട - ഒന്ന് | നാളികേര ക്രീം - 2 ടേബിൾ സ്പൂൺ (നാളികേരം വെള്ളത്തിൽ അരച്ചത്) | എസ്പ്രസോ കാപ്പി പൊടി - അര ടീ സ്പൂൺ (ഒരു ടീസ്പൂൺ തിളച്ച വെള്ളത്തിൽ)

സോസ് തയാറാക്കുന്നതിന്

- ഡാർക്ക് ചോക്കലേറ്റ് - 75 ഗ്രാം
- ഡബിൾ ക്രീം - 50 ഗ്രാം
- പാൽ - 50 ഗ്രാം
- ബ്രൗൺ നിറമുള്ള പഞ്ചസാര - 1 ടേബിൾ സ്പൂൺ

കടപ്പാട്: FLORA

ഏകദേശം 12-14 സെന്റിമീറ്റർ വ്യാസമുള്ള ഒരു പുഡിംങ് ബേസിൻ വെണ്ണ തേച്ച് വയ്ക്കുക. അതിനുള്ളിൽ വട്ടത്തിലുള്ള ഒരു ബട്ടർ പേപ്പറും വെണ്ണ തേച്ച് വയ്ക്കുക. (പുഡിംങ് മോൾഡിൽ പിടിച്ചിരിക്കാനാണ് ഇപ്രകാരം ചെയ്യുന്നത്). വെണ്ണയും പഞ്ചസായും അടിച്ചെടുക്കുക. ഈ ബൗളിലേയ്ക്ക് അരിച്ച മൈദ, കൊക്കോ പൗഡർ, ബേക്കിംങ് പൗഡർ, ഉപ്പ് എന്നിവ കൂടി ചേർത്ത ശേഷം മുട്ടയും നാളികേര ക്രീമും കാപ്പിപൊടിയും വെള്ളവും ചേർത്ത് നന്നായി അടിച്ചെടുക്കുക. ഈ മിശ്രിതം വെണ്ണ പുരട്ടി വച്ചിരിക്കുന്ന പുഡിംങ് മോൾഡിലേയ്ക്ക് പകർന്ന് ഒരു ഫോയിൽ പേപ്പർ കൊണ്ട് പൊതിയുക. ഒരു പരന്ന പ്ലേറ്റിൽ വെള്ളം എടുത്ത് അതിലേയ്ക്ക് പുഡിംങ് മിശ്രിതം നിറച്ച മോൾഡ് വച്ച് ഏകദേശം 45 മിനിറ്റ് ബേയ്ക്ക് ചെയ്ത ശേഷം മോൾഡിൽ നിന്നും നല്ല കത്തി ഉപയോഗിച്ച് അരികു വേർപെടുത്തി ഒരു പ്ലേറ്റിലേയ്ക്കു തലകീഴായി മാറ്റുക. ചോക്കലേറ്റ്, ക്രീം, പാൽ, പഞ്ചസാര എന്നിവ ചേർത്ത് തിള വരുന്നതു വരെ ചൂടാക്കുക. ഇത് ഒരു ഡിഷിലേയ്ക്ക് മാറ്റി വച്ച് ഏതാനും മിനിറ്റു കഴിഞ്ഞ് അടിച്ച് ഒരു ജഗ്ഗിലേയ്ക്കു മാറ്റുക. പ്ലേറ്റിൽ വച്ചിരിക്കുന്ന പുഡിംങ്ങിനു മുകളിൽ വച്ചിട്ടുള്ള ബട്ടർ പേപ്പർ മാറ്റിയ ശേഷം സോസ് കൊണ്ട് അലങ്കരിക്കുക.